2018 നവംബർ, ഡിസംബർ, 2019 ജനുവരി
ത്രൈമാസിക
₹ 10

# നക്ഷത്രരാജ്യം

The National, S... star news Kerala & India

ത്രൈമാസിക

Cinema Sports Arts & Literature



ഇയ്യങ്കോട് ശ്രീധരൻ (കഥ)
പി.ആർ.നാഥൻ (ലോകവിചാരം)
കെ.പി.സുധീര (കഥ)
മലയത്ത് അപ്പുണ്ണി (കവിത)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
അഡ്വ.ടി.എം.ഗോപാലകൃഷ്ണൻ (ലേഖനം)
മഞ്ചേരി ബാലചന്ദ്രൻ (കഥ)
വിനോദ് കുമാർ ദാമോദർ (ലേഖനം)
എം.കെ.രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി (കവിത)
സുഭാഷ് ആറ്റുവാശ്ശേരി (കഥ)
ഇബ്രാഹിം മൂർക്കനാട് (കവിത)
ടി.പി.ശിവദാസൻ നെന്മാറ (കഥ)
കോവൂർ വേണുഗോപാലപ്പണിക്കർ (ജോതിഷ്യരാശി)
ഗംഗാധരൻ അയനിക്കാട് (പുസ്തക പരിചയം)

# PEE KAY ELECTRICALS

WHOLE SALE AND RETAIL

0495 2560330 / 4060090

+91 9447393749

City Tower, Mavoor Road, Calicut - 673004

Web:www.peekayelectricals.in, E-mail: pkelectricals.clt@gmail.com

# RG ECO MOTORS

HERO ELECTRIC SCOOTER SALES & SERVICE

ROOM NO. 1/3385B, EAST HILL ROAD, CHAKORATHKULAM, KOZHIKODE

Average running cost in 5 years with 40 km per day usage **60** paise/km



3 Years Warranty (on Bike and Battery)*

HEROelectric

Hero Electric - a leader in EV technology, bring you the largest range of Electric 2 Wheelers in India. With assurance of over 300 dealerships across India, we serve more than 3 Lakh happy customers and growing

Mob: 9895874224 9072367776

പെട്രോൾ ആവശ്യമില്ല
ഫൈനാൻസ് ലഭ്യമാണ്
പുകശല്യമില്ല

NO PETROL | NO POLLUTION
SUPER SILENT | SAFE SPEED | EASY TO RIDE



മുഖചിത്രം
സംവൃത സുനിൽ
(ഫിലിം സ്റ്റാർ)


Nakshatra Rajyam

TRI Monthly (QUARTERLY) Magazine

2018 November, December, 2019 January

**RNI Title Code: KERMAL 16195 Dt: 22-06-2018**

issue 2 volume 1

Managing Editor, Publisher &
Owned by


Nakshthrarajyam E. Radhakrishnan
Edoli House, Kommeri **P.O**
Kozhikode- 673007,Kerala


Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com


WEB
nakshathrarajyameradhakrishnan.in

**LAYOUT**
Nakshthrarajyam E. Radhakrishnan

**Cover**
**Color Campus - Calicut**

**Price 10.00**


## എഡിറ്റോറിയൽ



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

### അടച്ചുപൂട്ടൽ ഭീഷണിയിൽ വ്യവസായരംഗം


ഭാരതം ഒരു ജനാധിപത്യ രാഷ്ട്രമാണ്. 1947 ആഗസ്റ്റ് 15–ാ തിയ്യതി അർദ്ധരാത്രി ഭാരതത്തിലെ ജനങ്ങൾക്ക് സ്വാതന്ത്ര്യം കിട്ടി. അന്നു മുതൽ മെല്ലെ മെല്ലെ മുന്നേറിക്കൊണ്ടിരിക്കുന്നു ഭാരത സമ്പദ്‌വ്യവസ്ഥ. രാജ്യം ഒരു വികസിതരാജ്യമാക്കി കൊണ്ടുവരുന്നതിന്ന് കേന്ദ്രസർക്കാറുകൾ പലവിധ പദ്ധതികളും തെയ്യാറാക്കി നടപ്പാക്കിക്കൊണ്ടിരുന്നു. പൊതുമേഖലയിൽ സർക്കാറുകൾ വ്യവസായങ്ങൾ നടത്തിക്കൊണ്ടിരുന്നു. എന്നാൽ ഇടക്കാലത്ത് മുമ്പും പിമ്പും മറ്റും ഭരിച്ച സർക്കാറുകൾ ഇന്നു പൊതു മേഖല തകർക്കാനുള്ള തത്രപ്പാടിലാണെന്നു തോന്നുംവിധം പ്രവർത്തിക്കുന്നു. രാജ്യത്തെ സമ്പദ്സമൃദ്ധമാക്കാനാണെന്ന് പ്രഖ്യാപിക്കുന്നു. ഭരണകൂടം അത്യാന്തികമായി ചിന്തിച്ചാൽ ലാഭത്തിന്നു വേണ്ടി മുതൽ മുടക്കുന്ന മുതലാളിമാരാണെന്ന് ജനങ്ങളോട് വ്യാഖ്യാനിക്കുന്നു. ഇതര സംസ്ഥാനങ്ങളും കേരളവും ചില ഭരണനിർവ്വഹണകാര്യങ്ങളിൽ ഇത്തരം ചിന്തകളിലൂന്നിയ പ്രവർത്തനം നടത്തുന്നുണ്ട്. രാജ്യത്ത് ഗണ്യവിഭാഗമായ കർഷകരേയും, കേരളത്തിൽ കോമൺവെൽത്ത് സ്ഥാപനങ്ങൾപോലുള്ള വ്യവസായ ശാലകളേയും പുനരുദ്ധരിക്കാനുള്ള കർമ്മത്തിനായുള്ള ആത്മാർത്ഥതയില്ലാതെ പ്രവർത്തിക്കുന്നത് കോഴിക്കോട്ടെ പ്രധാന വ്യവസായങ്ങളായ കോമൺവെൽത്ത് ടൈൽ ഫാക്ടറി, വർഷങ്ങളായി അടച്ചുപൂട്ടലിനിരയായ കോമൺവെൽത്ത് വീവിങ്ങ് മിൽ തുടങ്ങിയ വ്യവസായ ശാലകളിലെ തൊഴിലാളികളെ നിത്യ നരകത്തിലാക്കുന്നു. തൊഴിലാളികളിൽ ചിലർ മറ്റു തൊഴിൽ മേഖലയിൽ എത്തപ്പെട്ടുവെങ്കിലും ഇന്നും പരമ്പരാഗത തൊഴിൽ ചെയ്തിരുന്നവരുടെ ജീവിതം നരകയാതനയിലാണ്. കർഷകരേയും, കുറഞ്ഞകൂലിയിൽ ഇന്നും തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരേയും കുറിച്ചുകൂടി ഭരണകൂടം ഉൾക്കൊള്ളണം. വികസനം എന്നത് ജനങ്ങൾക്ക് കിട്ടേണ്ട നന്മയാണ്. വികസനത്തിനു വേണ്ടി തിന്മ ചെയ്യുന്നവരും നമ്മുടെ രാജ്യത്ത് ഭരണകൂടങ്ങളിലിരിക്കുന്നുണ്ട്. സാധാരണ ജനങ്ങളുടെ സാമ്പത്തിക വളർച്ചക്ക് ഉതകുന്ന കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തതുകൊണ്ടാവട്ടെ 2019 ലെ ജനഹിത തെരഞ്ഞെടുപ്പ് ഫലങ്ങൾ.

**മാനേജിംഗ് എഡിറ്റർ**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കഥ

# മൂലധനം



ഇയ്യങ്കോട് ശ്രീധരൻ



നഗരത്തിലെ ജനത്തിരക്കേറിയ മുൻസിപ്പാൽ ബസ്സ്റ്റാന്റിൽ വെച്ച് യാദൃശ്ചികമായി ആ മുഖം എന്റെ കണ്ണിൽപ്പെട്ടപ്പോൾ ഞാനൊന്നു അന്ധാളിക്കാതിരുന്നില്ല.

എന്ത്!

അയാൾ തന്നെയോ, ഇത്?

ഒരാഴ്ചക്കാലത്തെ പ്രായമുള്ള താടി, ഒട്ടിയ കവിളുകൾ, കഷണ്ടി യെന്നു പറഞ്ഞുകൂടെങ്കിലും മുടി കൊഴിഞ്ഞ തല, അവിടവിടെ കീറി തുന്നൽപ്പാടോടുകൂടിയ മുഷിഞ്ഞ ഖദർജുബ്ബ... അതെ, അതെ സംശയമില്ല. അയാൾത ന്നെ.

ഞാൻ അയാളെ തറച്ചുനോക്കു ന്നതു കണ്ടപ്പോൾ എന്റെ സുഹൃത്തു തിരക്കി.

"... എന്താഹേ! ഇങ്ങിനെ നോക്ക ണത്. ആ വിദ്വാനെ തനിയ്ക്കു പരിചയമുണ്ടോ?..."

"പരിചയംണ്ടോ എന്നോ, അസ്സല് കാര്യായി..."

അയാളെ തനിയ്ക്ക് പരിചയം ണ്ടാവാൻ വഴില്ല. പുള്ളി ഇവിട ത്തുകാരനാണ്."

"ഇയാളൊ... ഏയ്... ഈ മനു ഷ്യൻ ഇവിടത്തുകാരനൊന്നുമ ല്ല...."

"തനിയ്ക്കു ഒരു വസ്തും നിശ്ച ല്ല്യ. "തിരുമാലി" ഗോവിന്ദൻ നായ രാണത്...."

"ഗോവിന്ദൻ നായരോ...!! ഇയാൾ ഗോവിന്ദൻ നായരൊന്നു മല്ല... ഇയാളെ...."

ഞാനെന്റെ ഓർമ്മകളിൽ പര താൻ തുടങ്ങി. ഗോവിന്ദൻ നായരോ!! അല്ലല്ലോ. ഇയാളുടെ പേർ അതല്ലല്ലോ. കുറച്ചു നേരം ഓർമ്മശക്തിയെ പിടിച്ചു മർദ്ദിച്ച പ്പോൾ, അയാളെ എനിയ്ക്ക് വ്യക്തമായി പിടികിട്ടി.

ഹാവൂ... കിട്ടിപ്പോയി...

"പിന്നേയ് ഇയാളാളാരെന്നറി യോ... സുപ്രസിദ്ധ സ്വാതന്ത്ര്യസ മര ഭടൻ...കെ.കെ. വാഴക്കാട്...."

"താൻ പോടോ... ഇതു തന്റെ വാഴക്കാടും ചേനക്കാടുമൊന്നുമ ല്ല. "തിരുമാലി." എന്ന വിശ്വ വിഖ്യാതനായ ഗോവിന്ദൻ നായ രാണ്. ഇതേ ഛായയിൽ മറ്റു വല്ല വരേയും പരിചയംണ്ടാവും... അതോണ്ട്...."

"ഒന്നുവല്ല... ഞാനുദ്ദേശിച്ച വ്യക്തിതന്നെ. നമ്മളെന്തിനി ങ്ങനെ തർക്കിക്കുന്നു. വിളിച്ചു ചോദിക്കാമല്ലോ..."

ഇത്രയും പറഞ്ഞു, ഞാൻ ആ മനുഷ്യനെ വിളിക്കാൻ ഭാവിക്ക യായിരുന്നു. അപ്പോഴേയ്ക്കും ഞങ്ങൾക്കിടയിൽ ഒരു ബസ്സു വന്നു നിന്നു. നഗരത്തിന്നു സമീ പത്തുള്ള പ്രസിദ്ധ അണക്കെട്ടി ലേക്കു പോകുന്ന ബസ്സ്. ഞങ്ങൾ ഉദ്ദേശിച്ച വ്യക്തി ആ ബസ്സിൽ കയറലും ബസ്സു പുറപ്പെട്ടുപോ കലും ഒപ്പം കഴിഞ്ഞു.

പിന്നീട് ഞാനും സ്നേഹിതനും തമ്മിൽ അല്പനേരം ശക്തിയായ വാഗ്വാദം തന്നെ നടന്നു. ഏതാണ്ട് ഒരേഛായയിൽ ചിലപ്പോഴെല്ലാം ചിലരെ കാണാമെന്നും എനി യ്ക്കും അത്തരത്തിലൊരു അമളി യാണ് പറ്റിയതെന്നും സുഹൃത്ത് വാദിച്ചു. അല്ലെന്ന് ഞാനും.

സംസാരിക്കാൻ തുടങ്ങിയാൽ എവിടെവെച്ച് സംസാരിക്കുന്നു എന്ന കാര്യം മറന്നു പോകാറുള്ള ചിലരെ കാണാറില്ലെ. എന്റെ സ്നേഹിതനും അക്കൂട്ട ത്തിൽപ്പെട്ട ഒരാളാണ്. ഉച്ചസ്ഥായി യിൽ മൂപ്പർ എനിയ്ക്കു പറ്റിയ വിഡ്ഢിത്തംവിവരിക്കുകയാണ്. ചുറ്റും കൂടിയവർ അനാവശ്യമായ താല്പര്യം കാണിച്ചു അതു ശ്രദ്ധിച്ചു തുടങ്ങി. പൊതുനിര ത്തിൽ വെച്ച് ചങ്ങാതിയുമായി വാചകഗുസ്തിക്കു തെയ്യാറില്ലാ ത്തതുകൊണ്ട് ഞാൻ മൗനം ദീക്ഷിച്ചു. രണ്ടുകൈപ്പടങ്ങളും ഒപ്പം അടിച്ചാലല്ലേ ശബ്ദമുണ്ടാ കുകയുള്ളു.

ഒടുവിൽ ഞാൻ സുഹൃത്തി നേയും കൂട്ടി ബസ്സ്റ്റാന്റിനു സമീ പത്തുള്ള ഹോട്ടലിലേയ്ക്കു കയ റി.

എന്റെ സ്നേഹിതൻ മേനോനെ പ്പറ്റി രണ്ടുവാക്ക്.

നഗരത്തിലെ സാമാന്യം പേരുള്ള ഒരു സർക്കാരുദ്യോഗ സ്ഥനാണദ്ദേഹം. വയസ്സ് നാല്പ തായെങ്കിലും അവിവാഹിതനാണ്. രാഷ്ട്രീയക്കാരുടെ ഭാഷയിൽ പറ ഞ്ഞാൽ നിത്യോപയോഗവസ്തു ക്കൾക്കു തീവിലയുള്ള ഈ പ്രതി സന്ധിഘട്ടത്തിൽ വിവാഹം കഴി ക്കുന്നത് തനിയ്ക്കും, വിശേഷിച്ച് രാഷ്ട്രത്തിന്നും വമ്പിച്ച നഷ്ടമാ ണെന്ന കാരണത്താൽ ഈ അടു ത്തകാലത്തുവന്ന പതിനേഴാ മത്തെ വിവാഹാലോചന കൂടി മൂപ്പിലാൻ അവതാളത്തിലാക്കി. ജനസംഖ്യയിൽ കുറെപ്പേരുടെ പേർകൂടി ചേർക്കുകയല്ലാതെ ഈ കല്യാണം കല്യാണം എന്നഏർപ്പാടുകൊണ്ട് മറ്റെ ന്തൊരു നേട്ടമുണ്ടെന്ന് മേനോൻ ചോദിക്കാറുണ്ട്.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

അവിവാഹിതനാകയാൽ, അത്തരക്കാർക്കു സ്വതസിദ്ധമായ എടുത്തുചാട്ടം നമ്മുടെ മേനോന്നുമുണ്ട്. ബസ് സ്റ്റാന്റിൽവെച്ചു കണ്ട മനുഷ്യനെ എനിയ്ക്കു നന്നായിട്ടറിയാം എന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞപ്പോൾ, നഖശിഖാന്തം എതിർത്തതും അതുകൊണ്ടാണ്.

ക്രിസ്തുമസ്സൊഴിവുകാലത്ത് എന്തു ആനക്കാര്യമുണ്ടെങ്കിലും താൻ വന്നേ കഴിയൂ എന്ന് തീവാണംപോലുള്ള അഞ്ചാറു കല്പനകൾ മേനോൻ എനിയ്ക്കയക്കുകയുണ്ടായി. മേനോന്റെ കത്തുകളെ "കല്പനകൾ" എന്നാണ് ഞാൻ സാധാരണ വിളിക്കാറ്. കാരണം കത്തുകളുടെ ഭാഷ അത്തരത്തിലാണ്. പത്തുകൊല്ലത്തോളമായി അധികാരസ്ഥാനത്തിരുന്ന് മറ്റുള്ളവരോടു കല്പിച്ചു ശീലമായതിനാൽ വീട്ടിൽ അമ്മയ്ക്കു കത്തയക്കുകയാണെങ്കിലും കല്പിക്കുന്ന രീതിയിലെ എഴുതാൻ പറ്റുള്ളു എന്നായി. അങ്ങിനെ ചില ഉദ്യോഗസ്ഥരുണ്ടല്ലോ. വയറ്റുപിഴപ്പിനു മാത്രമുള്ള ജോലി അവരുടെ ജീവിതത്തെ ആകപ്പാടെ ഗ്രസിച്ചുകളയും.

ക്രസ്തുമസ്സ് വെക്കേഷൻ അടുത്തപ്പോൾ എനിയ്ക്കു പേടിയായി. വേറെ നൂറ് പരിപാടികളുണ്ട്. പക്ഷേ മേനോനെ വെറുപ്പിക്കാനും വയ്യ. വളരെക്കാലമായി അടുത്തറിയുന്ന ഒരു സ്നേഹിതനാണ്.

എടുത്തുചാട്ടമുണ്ടെങ്കിലും ശുദ്ധപാവം! ഒടുവിൽ തീരുമാനിച്ചു.

പോവാതിരിക്കാനല്ല; പോവാൻ.

മേനോൻ പ്രവർത്തിയെടുക്കുന്ന നഗരം ഞാനിതുവരെ കണ്ടിട്ടുമില്ലല്ലോ.

അങ്ങിനെയാണ് ഇവിടെ എത്തിപ്പെട്ടത്. ദിവസങ്ങൾക്കു പൂമ്പാറ്റകളുടെ സൌന്ദര്യം വന്നു. വെളിച്ചാവുമ്പോൾ കുളിച്ചു, കാപ്പി കഴിച്ച് കാറുമെടുത്തു കറങ്ങും. ഉച്ചയ്ക്ക് ഊണ് കഴിച്ച് അല്പം മയങ്ങും. വൈകുന്നേരം നഗരത്തിന്റെ ഇരുണ്ട പാർശ്വങ്ങളിലൂടെ നടക്കാനിറങ്ങും. രണ്ടുദിവസംകൊണ്ട് ഈ നഗരത്തിന്റെ സ്വഭാവം ഞാൻ പഠിച്ചു കഴിഞ്ഞു. രണ്ടു സംസ്ക്കാരങ്ങൾ തോളോടുതോള് ചേർന്ന് നിന്ന് സംഘനൃത്തം നടത്തുകയാണിവിടെ. മലയാളത്തിന്റേയും തമിഴിന്റേയും കൂട്ടുകച്ചവടകേന്ദ്രമായി ഈ നഗരത്തെ കണക്കാക്കാം.

മൂന്നാം ദിവസം, പതിവുള്ള നടത്തം കഴിഞ്ഞു ബസ്സ്റ്റാന്റിലെത്തിയപ്പോഴാണ് മേല്പറഞ്ഞ സംഭവം.

കാപ്പി മേശപ്പുറത്തുവെക്കുന്ന ശബ്ദം കേട്ടാണ് ഞാനുണർന്നത്.

"...നേരത്തെ നമ്മൾ കണ്ട ആ മനുഷ്യനെപ്പറ്റി എനിയ്ക്കു ഒരു കഥ പറയാനുണ്ട്. മിസ്റ്റർ മേനോൻ..."

"...തന്റെ ഒരു കഥ! താൻ അയാളെ കാണാനേ വഴിയില്ല. പിന്നെന്തു കഥയാ!!"

"കുറച്ചുനേരം സഹിച്ചു കേൾക്കൂ. എന്നിട്ടു ഞാൻ പറയുന്നതു ശരിയോ തെറ്റോ എന്ന് തീരുമാനിക്കുക"

"ഓ...ശരി... എന്നാൽ തന്റെ പുരാണം നിവർത്തൂ..."

മേശപ്പുറത്തു വെച്ച കാപ്പി എടുത്തു ഒന്നു മോന്തിയശേഷം ഞാൻ തുടങ്ങി.

തൊള്ളായിരത്തി അറുപത്തിയാറു ജനവരി ആദ്യം എനിയ്ക്കു ബോംബെവരെ പോകേണ്ടതായ ഒരാവശ്യം വന്നു. ബോംബെയിൽ ഒരാഴ്ചത്തെ താമസത്തിന്നുശേഷം ഞാൻ നാട്ടിലേയ്ക്കു മടങ്ങുകയായിരുന്നു. ടിക്കറ്റ് റിസർവ്വേഷൻ കിട്ടിയതു ജനതാ എക്സ്പ്രസ്സിന്നും. കാലത്തു എട്ടുമണിയോടെ ഞാൻ വിക്ടോറിയാടർമനിനസ്സിലെത്തി. അവടെവെച്ചാണ് ഞാൻ ആദ്യമായി മി: വാഴക്കാടിനെ കാണുന്നത്: ഇതേ വേഷം. വലിയ വ്യത്യാസമൊന്നുമില്ല.

വണ്ടിയും കാത്ത് ഞാൻ പ്ലാറ്റ്ഫോമിൽ ഒരു മുക്കിൽ ഇരിക്കയായിരുന്നു. അല്പം കഴിഞ്ഞപ്പോൾ ഈ മനുഷ്യൻ എന്റെ അടുത്തേയ്ക്കു വന്നു. എന്നെ സൂക്ഷിച്ചൊന്നു നോക്കി. ഒരു സാമുദ്രികാ ശാസ്ത്രകാരന്റെ മട്ടിൽ. എന്നിട്ട് പൊടുന്നനെ ഒരു ചോദ്യം.

"...ജനതയ്ക്കല്ലേ പോകുന്നത്?"

" ...അതെ... എന്താ..."

"...അല്ല ചോദിച്ചൂന്ന് മാത്രം..... ഞാനും അതിനുതന്നെയാണ്....."

അയാൾ, അതിനായാലും മറ്റുവല്ലതിനായാലും എനിയ്ക്കു അലോഗ്യമില്ല,. ഇത്തരത്തിലുള്ള കൃത്രിമമായ പരിചയപ്പെടൽ ഒരു മുഷിപ്പൻ ഏർപ്പാടെന്ന് തോന്നാറുണ്ട്. എങ്കിലും ഇങ്ങോട്ടുകയറി പരിചയം നടിച്ച നിലയ്ക്കു, സാമാന്യമര്യാദയുടെ പേരിൽ ഞാൻ ആ മനുഷ്യനോടു ഇരിയ്ക്കാൻ പറഞ്ഞു. റെയിൽവേസ്റ്റേഷനിൽ എനിയ്ക്കും അയാൾക്കും തുല്യാവകാശമാണ്. ഞാൻ അയാളെ ഇരിക്കാൻ ക്ഷണിക്കേണ്ട കാര്യമൊന്നുമില്ല. എങ്കിലും ....

അയാൾ എന്റെ ക്ഷണം സ്വീകരിച്ചു തൊട്ടടുത്തുതന്നെ ഇരിപ്പായി.

എന്നിട്ട് മുഖവുരയോടുകൂടി സംസാരമാരംഭിച്ചു. അപ്പോൾ എനിയ്ക്കൊരു കാര്യം പിടികിട്ടി. "രാഷ്ട്രീയയാതനക്കാര "നാണ് കഥാനായകനെന്ന്!

വണ്ടിവന്നു ഞാനെന്റെ റിസർവ്വഡ് കമ്പാർട്ടുമെന്റിൽ കേറി ഇരിപ്പുറപ്പിച്ചു. വണ്ടിവിടാറായപ്പോൾ അയാൾ വീണ്ടും ഓടിക്കിതച്ചുവന്നു.

"...ഒരുപകാരം ചെയ്യണം. മറ്റു കമ്പാർട്ടുമെന്റലേക്കൊന്നും സ്മരിക്കാൻ വയ്യ. അത്രതിരക്കുണ്ട്. അസൌകര്യമില്ലെങ്കിൽ ഇവിടെ ഒരു മുക്കിൽ ഞാനും കൂടാം.... വിഷമാവ്വോ?".

എനിയ്ക്കതു കേട്ടപ്പോൾ അല്പം സഹതാപം തോന്നിപ്പോയി. സഹതാപം തോന്നുന്നതു ഒരുതരം ദൌർബല്യമാണെന്ന് ചിലർ പറയാറുണ്ട്. അതേറെക്കുറേ ശരിയാണെന്ന് ഞാനും ഇപ്പോൾ സമ്മതിക്കുന്നു.

എനിയ്ക്കു പെട്ടെന്ന് തോന്നിയ സഹതാപം അയാൾക്കു സൌകര്യമുള്ള ഒരു ഇരിപ്പടം ഉണ്ടാക്കിക്കൊടുത്തു. പിന്നീട് ഞങ്ങൾ തമ്മിൽ കൂടുതൽ സംസാരിച്ചു. നാട്ടിലുടനീളം നടമാടുന്ന അഴിമതികൾ; സാംസ്കാരികാധ:പതനം; സർക്കാർ പദ്ധതികളുടെ പരാജയം എന്നിങ്ങനെ പല വിഷയങ്ങളെപ്പറ്റിയും ഞങ്ങൾ സംസാരിച്ചു. റയിച്ചൂരിലെത്തിയപ്പോഴേക്കും ഞങ്ങൾ വലിയ സുഹൃത്തുക്കളായിക്കഴിഞ്ഞിരുന്നു. അയാൾപിന്നീട് സ്വന്തം ജീവിതകഥയുടെ കെട്ടഴിച്ചുനിവർത്തി.

മി: വാഴക്കാടിന്റെ ജീവിതം സംഭവബഹുലമാണ്. വിലപ്പിടിച്ച നിരവധി വർഷങ്ങൾ ബല്ലാരിയിലേയും സേലത്തേയുടെ കൽത്തുറുങ്കുകൾ കാർന്നുതിന്നു. പന്ത്രണ്ടാമത്തെ വയസ്സിലാണത്രെ, വീടുവിട്ടിറങ്ങിയത്. ജീവിച്ചി

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

രിക്കുന്നവരും അല്ലാത്തവരുമായ ഒട്ടേറെനേതാക്കൾ ജയിലിൽ അയാളുടെ കൂട്ടുകാരാണ്. ദൌർഭാഗ്യമെന്നല്ലാതെ മറ്റെന്തു പറയാൻ? കൂട്ടുകാരിൽപ്പലരും വലിയവലിയ നേതാക്കാന്മാരും മന്ത്രിമാരുമായി സമുദായത്തിലെ "മാന്യത" നേടി. നിസ്വാർത്ഥനും നിഷ്ക്കളങ്കനുമായ മി: വാഴക്കാടു മാത്രം ഇന്നും ജീവിതവുമായി സമരംചെയ്തു കഴിയുന്നു. പഴയ ഒരു സുഹൃത്തു അയാളെ ബോംബെയിലേയ്ക്ക് ക്ഷണിച്ചിരുന്നു. ഒന്നുരണ്ടുമാസം ഒന്നിച്ചു കഴിയാൻ. പക്ഷെ ബോംബെയിൽവന്ന് അയാൾ ഒരാഴ്ച്ചമാത്രമേ താമസിച്ചുള്ളൂ. എത്രകാലം ഒരാളെ ബുദ്ധിമുട്ടിക്കുമെന്ന വിചാരത്താൽ മാത്രം. ആത്മകഥ ഉപസംഹരിച്ചുകൊണ്ട് മി: വാഴക്കാട് വേദനയോടെ പറഞ്ഞു.

"ചങ്ങാതി! ... എന്റെ ജീവിതം ഈ നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ഇറക്കിയ മൂലധനമായിരുന്നു. പലർക്കും മൂലധനത്തോടൊപ്പം ലാഭവും ലാഭത്തിനു പലിശയും കിട്ടി... നിർഭാഗ്യവാനായ എന്റെ കഥയോ!!

നാട് കോഴിക്കോടാണത്രെ! കോഴിക്കോടിനു അഞ്ചാറുനാഴിക ദൂരെ കിടക്കുന്ന ഒരു ഗ്രാമത്തിലാണ് അയാളുടെ വീട്.

വീട്ടിൽ അയാളൊറ്റക്കാണ്. സ്വന്തമായി ആരും തന്നെ ഇന്നു ജീവിച്ചിരിപ്പില്ലെന്നർത്ഥം. കഷ്ടിച്ച് ജീവിതം തള്ളിനീക്കാൻ പറ്റിയ ഒരു ജോലിയും വശമാക്കിയില്ല. അറിയാവുന്നത്. കുറെ കഥകളാണ്. ബ്രിട്ടീഷുസർക്കാരിന്റെ മനുഷ്യമർദ്ദനകഥകൾ! നാട്ടിൽ ചെന്നാലും ജീവിതം ഇന്നൊരു കീറാമുട്ടിയാണ്. എനിയ്ക്കു സങ്കടം തോന്നി.

വണ്ടി മദിരാശി സെൻട്രലിൽ എത്തിയപ്പോൾ ശ്രീ: വാഴക്കാട് തന്റെ ആകപ്പാടെയുള്ള ഒരു സഞ്ചി എന്നെ ഏൽപ്പിച്ചുകൊണ്ട് ഇപ്പോൾ വരാമെന്നും പറഞ്ഞു ഇറങ്ങിപ്പോയി.

ഞാൻ വണ്ടിയിൽതന്നെ കുറെ നേരം കാത്തിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞു, രണ്ടായി., മൂന്നായി.... അങ്ങിനെ അഞ്ചാറു മണിക്കൂർ നേരം ഞാൻ അയാളെയും കാത്തു പ്ലാറ്റഫോമിൽ നിന്നു. പിന്നീട് നടന്നന്വേഷിച്ചു. ആളെ കാണാനേ ഇല്ല.

അപ്പോൾ, എനിയ്ക്കു നാട്ടിലെത്തിച്ചരാനുള്ള വണ്ടി പുറപ്പെട്ടു നില്ക്കുകയാണെന്ന അറിയിപ്പു കേട്ടു. ഞാൻ ബദ്ധപ്പെട്ട് വണ്ടിയിൽ കയറിപ്പറ്റി. മി: വാഴക്കാടിന്റെ സഞ്ചി ഞാൻ കയ്യിൽതന്നെ സൂക്ഷിച്ചു.

എന്റെ വണ്ടി മദിരാശി വിട്ടു. വായിക്കാൻ വല്ലതുമെടുക്കാമെന്ന് കരുതി, ഞാൻ എന്റെ റങ്കുപെട്ടി തുറന്നു.

ഹെന്ത്!

അതിൽ ഞാൻ സൂക്ഷിച്ചിരുന്ന ഹാൻഡ് ബാഗു കാണാനില്ല. പരതിനോക്കി. ഇല്ല. അതു നഷ്ടപ്പെട്ടിരിയ്ക്കുന്നു. നാല്പതോളം ഉറുപ്പികയും ചില രേഖകളുമാണ് ഞാനതിൽസൂക്ഷിച്ചിരുന്നതു ഈശ്വരാ!

ഇതെങ്ങിനെപറ്റി ? ഞാൻ പൂട്ടിവച്ച മട്ടിൽത്തന്നെ പെട്ടി പൂട്ടിയിട്ടുമുണ്ട്. വലിയ അത്ഭുതമായിരിക്കുന്നല്ലൊ.

മി: വാഴക്കാടായിരിക്കുമോ?

ഇത്രനല്ല ഒരു മനുഷ്യനെ സംശയിക്കുന്നതെങ്ങിനെ. തന്നെയല്ല, അയാളുടെ സഞ്ചി പോലും സൂക്ഷിക്കാൻ എന്നെയാണേൽപ്പിച്ചതും. അപ്പോൾ എനിയ്ക്കു ഒരു കൌതുകം തോന്നി. ആ സഞ്ചിയിൽ എന്തുണ്ടായിരിക്കും? നോക്കാമല്ലൊ.

ഞാൻ ആ സഞ്ചിതുറന്നു. വിയർപ്പുമണമുള്ള ഒരു ഷർട്ടും ഒരു പഴയ മുണ്ടും ഒന്നുരണ്ടു മറാത്തി ദിനപത്രങ്ങളും അതിൽ കുത്തിത്തിരുകിവെച്ചിട്ടുണ്ട്. എനിയ്ക്കു ആകപ്പാടെ നൈരാശ്യം തോന്നി. ഞാനതു വലിച്ചു പുറത്തേയ്ക്കെറിഞ്ഞു.

നാട്ടിലെത്തി. കോഴിക്കോട് പോകേണ്ടതായ ഒരാവശ്യം വന്നു. അവിടെ ചെന്നപ്പോൾ ഞാനാദ്യം അന്വേഷിച്ചത് മി: വാഴക്കാടിനെപ്പറ്റിയായിരുന്നു. അയാൾ പറഞ്ഞ നാട്ടിൻപുറത്തു ഞാൻ ബസ്സിറങ്ങി. ഒട്ടേറെ പേരോട് ആ മനുഷ്യനെപ്പറ്റിഅന്വേഷിച്ചു. അങ്ങിനെ ഒരാൾ ആ നാട്ടിൻപുറത്തു ജീവിച്ചിരിപ്പില്ല പോലും!!

"ഇതാണ് വാഴക്കാടിന്റെ കഥ" ഞാൻ ഇത്രയും പറഞ്ഞു ഒരു സിഗരറ്റു കൊളുത്തി. മേനോൻ എന്റെ നേരെ തിരിഞ്ഞു. "ആകട്ടെ തന്റെ കഥ അവസാനിച്ചുവോ?..."

"ഇല്ല... അതല്ലെ തമാശ.." ഞാൻ തുടർന്നു. ഒന്നുരണ്ടുമാസമായിക്കാണും.എനിയ്ക്കൊരു പാർസൽ വന്നു. തുറന്നുനോക്കിയപ്പോൾ എന്തത്ഭുതം!! എന്റെ നഷ്ടപ്പെട്ട ഹാൻബാഗു തിരിച്ചെത്തിയിരിക്കുന്നു. അതിപ്പോഴും വീട്ടിലിരിപ്പുണ്ട്..."

"...ഭേഷ്... ഒന്നാന്തരം കഥ.. ചലച്ചിത്രമാക്കാൻ പറ്റും. ...." മേനോൻ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു.

അദ്ദേഹം എഴുന്നേറ്റു; ഞാനും. മേനോൻ തുടർന്നു.

"... തന്നെപ്പോലുള്ള വിഡ്ഢികളാണ്, നമ്മുടെ മേനോന്റെ ഇരകൾ. പത്തോ പന്ത്രണ്ടോ തവണ അയാൾ ജയിലു കയറിയിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടല്ലെന്നുമാത്രം. പിടിച്ചുപറി, പോക്കറ്റടി തുടങ്ങിയ കാരണങ്ങൾക്ക് ..."

"വാസ്തവമോ! അപ്പോൾ എന്റെ നാൽപ്പതുറുപ്പിക മോഷ്ടിച്ചതു ഇയാൾതന്നെയോ!"

"അപ്പൊ, തനിക്കിനിയും വിശ്വാസം വരുന്നില്ല, അല്ലേ. അതുതന്നെയാണ് ഗോവിന്ദൻനായരുടെ വിജയവും. അയാളുടെ സംസാരംകേട്ടാൽ അന്തംവിട്ടുപോകും. പല പേരുകളിലാണ് അയാൾ പലേടങ്ങളിലും അറിയപ്പെടുന്നത്. ഞങ്ങൾ ഗോവിന്ദൻനായരെന്നാണ് വിളിക്കാണ്. "തിരുമാലി" എന്ന പേരിൽ പ്രഖ്യാതനാണ്..."

"അത്ര വലിയ പോക്കറ്റടിക്കാരനാണോ ഇയാൾ...?" എന്റെം സംശയം തീർന്നില്ല.

പിന്നല്ലാതെ, എത്രകാലം ജയിലിൽ കിടന്നിട്ടുണ്ടെന്നോ!... ഈയ്യിടെയാണ് ഒരു ശിക്ഷകഴിഞ്ഞു പുറത്തുവന്നത്. പോലീസംകാർക്കുകൂടി അയാളെ ബഹുമാനമാണ്. അയാൾ ചെയ്യുന്ന കാര്യങ്ങളുടെനേരെ ചില്ലറപ്പോലീസുകാർ കണ്ണടക്കാറാണ് പതിവു...."

"പിന്നെ എന്തിനുവേണ്ടി അയാൾ എന്റെ മുമ്പിൽ ഒരു രാഷ്ട്രീയ യാതനക്കാരന്റെ വേഷം കെട്ടി?..."എനിയ്ക്കതിന്റെ അർത്ഥം പിടികിട്ടിയില്ല.

"...അതോ... പറയാം... ഇപ്പോൾ അതും ഒരു വലിയ തട്ടിപ്പാണ്. സ്വാതന്ത്ര്യസമരകാലത്തു ജയിലിൽക്കിടന്ന കാലയളവിന്റെ ഏറ്റക്കുറച്ചിലിന്നനുസരിച്ചാണ് ഇന്ന് മാന്യത! കൂടുതൽ കിടന്നിട്ടുണ്ടെങ്കിൽ മന്ത്രിമാരായിരിക്കാം. മന്ത്രിയും നേതാവുമാവാൻ കഴിവല്ല മറിച്ച് ജയിലിലെ സർവ്വീസാ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ണ്നോക്കുന്നത്. അന്ന് ജയിൽക്കിന്നതുഒരുപക്ഷേ അയൽക്കാരന്റെ നാളികേരം മോഷ്ടിച്ചിട്ടായിരിക്കാം. അല്ലെങ്കിൽ ബലാൽസംഗ ക്കേസിലെ പ്രതിയായിട്ടായിരിക്കാം. സ്വാതന്ത്ര്യസമരകാലത്താണെ, കിടന്നത്. എങ്കിൽ മറ്റു ചോദ്യങ്ങൾക്കു പ്രസക്തിയില്ല. ജയിലിൽക്കിടന്നവൻ ത്യാഗിയായി, ധീരനായി... വിപ്ലവകാരിയായി..., ചുരുക്കത്തിൽ, സമുദായത്തിലെ മാന്യനായി അയാൾ അവരോധിക്കപ്പെടുകയായി..."

"... വല്ലരത്താരു വ്യവസായം തന്നെ..."

"അതെ, ഒരുതരം വ്യവസായം തന്നെ. തന്നോട് വണ്ടിയിൽ വെച്ച് വാഴക്കാട് എന്ന ഗോവിന്ദൻ നായർ പറഞ്ഞതോർമ്മയില്ലേ... അയാളുടെ ജീവിതം സ്വാതന്ത്ര്യ സമരത്തിനുവേണ്ടി ഇറക്കിയ മൂലധനമാണെന്ന്... എല്ലാവരും അതു തന്നെയാണ് പറയുന്നത്. ചെറിയ നേതാവു മുതൽ വലിയ നേതാവു വരെ..."

ഞങ്ങൾ സംസാരിച്ചുകൊണ്ട് നടന്നു. സിനിമാതിയേറ്റിന്നു മുന്നിലെത്തിയപ്പോൾ മേനോൻ പെട്ടെന്ന് എന്നെ തട്ടിവിളിച്ചു, ഒരാളെ ചൂണ്ടിക്കാണിച്ചു.

" ...തന്റെ വാഴക്കാട് അതാ നില്ക്കുന്നു..!"

അത്ഭുതം!


അതെ. ഞാൻ അയാളെ അമ്പരന്നു നോക്കിനിന്നുപോയി. മി. വാഴക്കാട് ആരോടൊ സംസാരിക്കുകയാണ്.

ഏയ്, മേനോൻ അയാളെ ഒന്ന് വിളിക്കാം..."

"താൻ തന്റെ പണി നോക്കൂ.. വെറുതെ വീണ്ടും പുലിവാല് പിടിക്കാൻ പോകേണ്ട..."

മേനോൻ നിർബന്ധിച്ചപ്പോൾ ഞാൻ മടങ്ങിപ്പോന്നു.

ഇപ്പോഴും എനിയ്ക്കു പേടിയാണ്. പേടി ആരെയാണ് എന്നല്ലെ! രാഷ്ട്രീയ യാതനക്കാരെ!! അവർ ഈ നാടിന്റ സ്വാതന്ത്ര്യത്തിനു വേണ്ടി മൂലധനമിറക്കിയവരാണല്ലൊ! മൂലധനം നഷ്ടപ്പെടാതിരിക്കാൻ അവർ ഇന്നാട്ടിലെ സാധാരണക്കാരെ പോക്കറ്റടിക്കാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് അവരെയെങ്ങാനും കണ്ടുമുട്ടുമോ എന്നു ഭയന്നു, കരുതിയാണ് ഞാൻ നടക്കാറ്. ■




5 - ചരമ വാർഷികം | 1 - ചരമ വാർഷികം

എടോളി ബാലൻ | എടോളി ബാബു

**കൊമ്മേരി, കോഴിക്കോട് 673 007**





**പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്**
**സന്തപ്ത കുടുംബാംഗങ്ങൾ**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കവിത



# സ്മൃതിയിൽനിന്ന്

**എം.കെ. രവീന്ദ്രൻ വൈദ്യർ**
**കൊടാപ്പള്ളി**

സ്മൃതിയിൽനിന്ന്
സ്തുതി പാടുന്നു, കവികുല ഗുരുവിൻ
പാദനമഃസ്കൃതിയോടെ,
സഹസ്രാബ്ദങ്ങളിരുളിൽ തങ്ങിയ
ചരിതമുണർത്തിപ്പാടുന്നു.
മനസ്സിൽ ഗുരുവിൻ മെതിയടിശബ്ദം
ഹൃദയം തുടിയായ്കൊട്ടുന്നു
(സ്തുതിപാടുന്നു)
കുടുമയും ഭസ്മക്കുറിയും നെറ്റിയിൽ,
കുലീനതയുള്ള നടപ്പുകളും,
കാലത്തിന്റെയിരുളിൽനിന്നും,
കവികുലഗുരുവിതാ നില്ക്കുന്നു
പിന്നിൽ അനുചരവൃന്ദംമെല്ലെ
പടിപ്പുര കേറി വരുന്നു്
പഠിതാക്കളുടെ സമൂഹം വന്ന്
വന്ദനം ചൊല്ലിയിരിക്കുന്ന.
സംസ്കൃതഭാഷാവ്യാകരണത്തിൽ
പാണിനിസൂത്രം പകരുന്നു.

സിദ്ധരൂപ, ശ്രീരാമോദന്തം
അക്ഷരസ്ഫുടതിയിൽ കേൾക്കുന്നു,
വിജ്ഞാനത്തിൻ മഴവില്ലുകളായ്
ഒരുനവകാലമുണരുന്നു
താളിയോലയിൽ, നാരായത്താൽ
ലിഖിതം ചെയ്തു കൊടുക്കുന്നു
രാഗാദികളാം രോഗത്തിന്റെ
യോഗം തനതായ് നൽകുന്നു.
വൈന്യവൈന്യ പണ്ഡിതനാമെൻ
ഗുരുവിൻ പാദനമഃസ്കൃതിയിൽ
ഛത്രവിഹാരക്ഷേത്രാങ്കണമതി–
ലിന്നും കേൾവി പരത്തുന്നു!
വിദ്യപരത്തും സൂര്യവെളിച്ചം!
സ്മൃതിയിൽനിന്നുവിളങ്ങുന്നു.

നവരാത്രി മഹോത്സവത്തിൽ കൊടാപ്പള്ളി ശ്രീ. മുത്തപ്പായ് ക്ഷേത്രത്തിൽ നടന്ന കവി സദസ്സിൽ അവതരിപ്പിച്ചത്.

## വിവാഹിതരായി

**അഖിൽരാജ്**
**S/O രാജീവ് & ഷീബാ രാജീവ്**
**(Grand S/O Late പൂത്താംകണ്ടി ചന്ദ്രൻ)**
**പൂത്താംകണ്ടി, കൊമ്മേരി, കോഴിക്കോട്**

---

**ഹൃദ്യ കെ.**
**D/O പുഷ്പാകരൻ കെ. & ശോഭാ പുഷ്പാകരൻ**
**കണിയാംകണ്ടി, എരഞ്ഞിക്കൽ, കോഴിക്കോട്**




**2018 ആഗസ്റ്റ് 29 ന് സൂര്യകാന്തി കല്യാണ മണ്ഡപത്തിൽ വെച്ച് വിവാഹിതരായി**

**ആശംസകളോടെ : നക്ഷത്രരാജ്യം ത്രൈമാസിക സ്റ്റാഫ് & മാനേജ്മെന്റ്**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode




പി.ആർ. നാഥൻ

# അങ്കണദീപിക

അങ്കണദീപിക എന്ന പ്രയോഗം ഞാൻ ഏറെ ഇഷ്ടപ്പെടുന്നു. ദീപിക എന്നാൽ പ്രകാശം എന്നർത്ഥം. അത് വിളക്കാണ്. അങ്കണത്തിൽ വെച്ച വിളക്കാണ് അങ്കണദീപിക. ആ പ്രയോഗത്തിന്റെ മാധുര്യമോർത്ത് ഞാൻ അങ്കണദീപികയെ ആരാധിച്ചിരുന്നു. കോഴിക്കോട് മാങ്കാവിൽ ഇരുനൂറ്റിഅൻപതോളം വർഷത്തെ പഴക്കമുള്ള പെരുമ്പിലാവിൽ എന്നൊരു എട്ടുകെട്ട് ഗൃഹം ഉണ്ടായിരുന്നു. അവിടെ താമസിച്ചിരുന്ന കാലഘട്ടത്തിലാണ് അങ്കണദീപിക എന്ന സങ്കൽപം സ്വാധീനിച്ചത്. സന്ധ്യകളിൽ നടുമുറ്റത്ത് ഒരു ദീപം തെളിയും. ആ വീട് ഇന്ന് മദ്രാസിലെ ദക്ഷിണചിത്ര എന്നസ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞതിനാൽ അതിനൊരു കാഴ്ചബംഗ്ലാവിന്റെ കൗതുകം വന്നു ചേർന്നു. വലിയ വീടുകളെ നിലനിർത്തി സംരക്ഷിക്കാൻ എന്നെപ്പോലുള്ള സാധാരണക്കാർക്ക് കഴിയില്ല. എങ്കിലും മനോമുകുരത്തിലെ അങ്കണദീപിക ഇപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഒരിക്കൽ മഹാനായ ഒരു സന്യാസിവര്യൻ വീട്ടിലേക്ക് കയറി വന്നു. ആ നിമിഷങ്ങളിൽ ഞാൻ അങ്കണദീപികയ്ക്കരികിൽ ഇരിക്കുകയായിരുന്നു. നേരിയ ഒരു പുഞ്ചിരിയോടെ അദ്ദേഹത്തിന്റെ ചുണ്ടിൽനിന്നും ഒരു മന്ത്രം



പുറത്തേക്കു വന്നു.

"ഹ്രീംകാരാങ്കണദീപിക" – ഞാൻ ഭക്തിപാരവശ്യത്തോടെ അദ്ദേഹത്തെ നോക്കി. അത് പരാശക്തിയുടെ നാമമാണ്. ഹ്രീംകാരാങ്കണദീപികയുടെ അർത്ഥം പറഞ്ഞുതന്നത് അദ്ദേഹമാണ്. അതിന് വ്യാഖ്യാനങ്ങൾ നിരവധിയുണ്ട്. അത് മനസ്സിലാക്കാൻ പഴയ വീടുകളുടെ രൂപം മനസ്സിൽ സങ്കൽപ്പിച്ചാൽ മതിയാകും. എല്ലാ വീടിനും ഒരു പടിയുണ്ടാകും. പഴയ വീടിന് പടിപ്പുരപ്പോലും പൊന്നുകൊണ്ടാണ് എന്ന പ്രയോഗം സാഹിത്യത്തിൽ സർവ്വസാധാരണം. പടികടന്നു വരുന്നവരാണ് അതിഥികൾ. പടികടന്ന് നാം ഒരു വീട്ടിലേക്ക് വരുന്നതായി സങ്കൽപ്പിക്കുക. ഇതാണ് ബ്രഹ്മചര്യാശ്രമം. ഹ്രീംകാരമെന്നത് ദേവിയുടെ മന്ത്രമാണ്. അത് പരാശക്തിയാണ്. അങ്കണദീപികയെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ പടികടന്നു വരുന്നവർ ബ്രഹ്മചര്യാശ്രമത്തെ സ്വീകരിക്കുന്നു. എല്ലാ വിദ്യാർത്ഥികളും ബ്രഹ്മചര്യാശ്രമത്തെ സ്വീകരിക്കുവാൻ ബാദ്ധ്യതയുള്ളവരാണ്. പഠിക്കുന്ന കാലത്ത് നാമെല്ലാവരും ബ്രഹ്മചാരികളാണ്. പടികടന്നാൽ വീട്ടിലേക്കൊരു നടവഴിയുണ്ടാകും. അതിന് ദൈഘ്യമുണ്ടാകും. ആ നടവഴിയാണ് ഗൃഹസ്ഥാശ്രമം. നടന്നുവരുമ്പോൾ തെങ്ങുകൾ, കവുങ്ങുകൾ തുടങ്ങിയവ കാണാം. മറ്റു ഫലവൃക്ഷങ്ങൾ, കുലച്ചവാഴകൾ. പടികടന്നു വീട്ടിലേക്കുള്ള നടത്തം ആനന്ദകരമാണ്. അത്രയും നടന്നെത്തുമ്പോഴേക്കും ആ വീട്ടുകാരുടെ മുഴുവൻ സംസ്ക്കാരവും നമുക്ക് മനസ്സിലാകും. ഇത്തരം വീടുകളും നടവഴികളും നമുക്ക് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ബ്രഹ്മചര്യാശ്രമത്തിന്റെ പടികടന്നാൽ ഗൃഹസ്ഥാശ്രമം എന്ന യാത്രയാണ് അനുഭവിക്കുന്നത്. അത് സുഖകരമായിരിക്കണം. ഭാര്യയും മക്കളും ചേർന്ന

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ജീവിതം. അത് ആനന്ദകരമാക്കേണ്ടുന്ന ഉത്തരവാദിത്വം നമുക്കുണ്ട്. നാം മാത്രം നന്നായതുകൊണ്ട്



എന്തു കാര്യം എന്നു ചോദിക്കരുത്. മനസ്ഥിതിയാണ് പരിതസ്ഥിതി. അതാണ് പശ്ചാത്തലം. നമ്മുടെ അനുഭവമണ്ഡലമാണ് ലോകം. ചുറ്റുമുള്ളവരുടെ സ്വഭാവത്തെ മാറ്റിയെടുക്കുക എന്ന ഉത്തരവാദിത്വം നമുക്ക് ഇല്ല. നാം സ്വന്തം സ്വഭാവത്തെ മാറ്റിയെടുക്കുന്നു. മറ്റുള്ളവർക്ക് മാതൃകയാകുന്നു. ഒരു തത്വചിന്തയും നാട്ടുകാരെ കുറിച്ചുള്ളതല്ല എന്നതാണ് സത്യം. അവനവനാണ് കഥാനായകൻ. എനിക്ക് ആവശ്യം മനഃശാന്തിയാണ്. ആഗ്രഹിക്കുന്നതെന്തും നമുക്കു കിട്ടിക്കൊണ്ടിരിക്കും. എല്ലാവരും മനഃശാന്തി ആഗ്രഹിക്കുന്നു എന്ന് വെറുതെ പറയുന്നതാണ്. അശാന്തിയെ പുണരുന്നവരുണ്ട്. വഴക്കിടുക എന്നത് ചിലരുടെ ജന്മസ്വഭാവമാണ്. ഗൃഹസ്ഥാശ്രമത്തിൽ വിജയിക്കാത്തവർ സഹതാപം അർഹിക്കുന്നു. എന്തായിരുന്നാലും നടവഴിയിലൂടെ ഗൃഹത്തിലെത്തി അകത്തേക്കു കടക്കുന്നു. അവിടെ വിശ്രമിക്കാനൊരു മുറിയുണ്ട്. അതിനെ കൂടം എന്നു വിളിക്കുന്നു. അവിടത്തെ ഇരിപ്പിടങ്ങളിൽ നമുക്ക് ഇരിക്കാം. ഗൃഹസ്ഥാശ്രമത്തിൽനിന്ന് നാമിപ്പോൾ വാനപ്രസ്ഥാശ്രമത്തിൽ എത്തിക്കഴിഞ്ഞു.

ജോലിയിൽനിന്ന് പിരിഞ്ഞൽ നാം വാനപ്രസ്ഥാശ്രമത്തിൽ എത്തിക്കഴിഞ്ഞു. എല്ലാവരും ഈ അവസ്ഥയെ ആനന്ദകരമാക്കുന്നുണ്ടോ എന്ന് സ്വയം ചോദിക്കേണ്ടതാണ്. അത്യന്തം രസകരമായ ഒരു ഭാവമാണിത്. കൂടത്തിൽ ഇരിക്കുക. ശ്വാസഗതി നിയന്ത്രിക്കുക. വിശറിയെടുത്ത് വീശുക. ഇതൊരു വിശ്രമമുറിയാണ്. വീട് എന്നതിന്റെ അർത്ഥം "വിടാനുള്ള ഇടം" എന്നാണ്. ഈ ലോകം എന്തിനോവേണ്ടി കാത്തിരിക്കാനുള്ള വിശ്രമമുറിയാണെന്ന് ആചാര്യന്മാർ പറയാറുണ്ട്. വ്യത്യസ്ഥമായ കാഴ്ചപ്പാടുകൾ ജീവിതത്തെക്കുറിച്ച് നമുക്ക് വായിച്ചെടുക്കാവുന്നതാണ്. വാനപ്രസ്ഥാശ്രമത്തിൽ എത്തിയതോടെ ഞാൻ



വായനയ്ക്ക് കൂടുതൽ സമയം കണ്ടെത്തി. സജ്ജനങ്ങളുമായി വേദാന്തകാര്യങ്ങൾ സംസാരിക്കുക എന്നതും സന്തോഷകരമായ കാര്യമാണ്. എന്തുതന്നെയായാലും പരിഭവിക്കാനോ പരാതി പറയാനോ ഉള്ള സ്ഥലമല്ല കൂടം എന്നത്.

വാനപ്രസ്ഥാശ്രമത്തിനു ശേഷവും ജീവിതം ബാക്കി നിൽക്കുന്നു. തുടർന്ന് സന്യാസമാകാം. മോക്ഷപ്രാപ്തിയിലേക്കുള്ള പ്രകാശനമാണ് നമുക്കിപ്പോൾ വേണ്ടത്. ജീവിതയാത്ര പരിപൂർണ്ണമാകുന്നു. പഴയവീടുകളിൽ മുറ്റമുണ്ടാകും. മുറ്റുന്നതാണ് മുറ്റം. ആ മുറ്റത്തു വിളക്കു വയ്ക്കുമ്പോൾ അങ്കണദീപികയായി മാറുന്നു. മോക്ഷപ്രാപ്തിയിലേക്ക് നയിക്കുന്ന കാര്യങ്ങളാണ് ഇനി ചിന്തിക്കേണ്ടത്. ഈ പ്രകാശത്തിൽ വാർദ്ധക്യത്തെ അറിയുക. ഹ്രീംകാരാങ്കണദീപിക എന്നമന്ത്രത്തിന്റെ അർത്ഥവ്യാപ്തിയെക്കുറിച്ച് പറയാൻ ഒരു ജന്മം മതിയാകില്ല. ദേവിയുടെ മന്ത്രത്തിന്റെ ശക്തി അപാരമാണ്. പരാശക്തി നമുക്കു ചുറ്റും ഒരു കവചമുണ്ടാക്കും. ഹ്രീംകാരാങ്കണദീപിക നമ്മുടെ ഹൃദയത്തിൽ പ്രകാശിക്കണം. അതിനു വേണ്ടത് ദേവിയുടെ തന്നെ കാരുണ്യമാണ്. അങ്കണദീപികയുടെ പ്രകാശം ഞാൻ ആരാധ്യരായ വായനക്കാരുടെ ഹൃദയങ്ങളിലേക്ക് സംപ്രേക്ഷണം ചെയ്യട്ടെ. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കഥ



കെ.പി. സുധീര


# സ്ട്രേഞ്ചർ മ്യൂസിക്ക്

ഞങ്ങൾ നിശബ്ദരായിരുന്നു.

അല്ലല്ലാ, ഞങ്ങൾക്കിടയിൽ സംഭാഷണത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. ഒരുമദ്യശാലയിലെ വെളിച്ചം കുറഞ്ഞ മൂലയിലിരുന്ന് കടുപ്പം കൂടിയ പഴയ വീഞ്ഞ് മൊത്തിക്കുടിക്കും പോലെ ഞങ്ങൾ പരസ്പരം നോക്കിയിരുന്നു.

ശങ്കറിന്റെ പാതി മുഖം ഇരുട്ടിലായിരുന്നു. അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാനമിറങ്ങി, ചുവന്നബാഗ് ഉരുട്ടിവരുന്ന ശങ്കറിന്റെ അലസമന്ദമായ അതേ നടത്തം ഞാൻ കണ്ടുപിടിച്ചു. രണ്ട് രാജ്യങ്ങളുടെ അറ്റങ്ങളിൽ നിന്ന് ഞങ്ങൾ ദില്ലിയിൽ സന്ധിച്ചിരിക്കുകയാണ്. ആളുകൾക്കിടയിലൂടെ നടന്നുവരുന്ന നരച്ചു തുടങ്ങിയ നീളൻ കുർത്തയുടെ പീതനിറത്തിൽ ശങ്കറിന്റെ രൂപം ഉജ്ജ്വലമായിത്തോന്നിച്ചു. തലമുടി അല്പം കൊഴിഞ്ഞിട്ടുണ്ടെന്നല്ലാതെ, ശരീരം അല്പം സ്ഥൂലിച്ചുവെന്നല്ലാതെ, മുടിക്കറുപ്പ് അല്പം മങ്ങിയിട്ടുണ്ടെന്നല്ലാതെ, കണ്ണടക്കട്ടി കൂടിയിട്ടുണ്ട്. എന്നല്ലാതെ....

ഇത്രയും ചിന്തിച്ചപ്പോൾ ഞാൻ ചിരിച്ചുപോയി.



ഇതൊക്കത്തന്നെയല്ലേ കാലം വരുത്തിവയ്ക്കുന്ന മാറ്റങ്ങൾ? എന്നിലും എന്തെല്ലാം മാറ്റങ്ങൾ വന്നിരിക്കും!

ശങ്കറിന്റെ കാൽവയ്പുകൽ അല്പം ക്ഷീണിച്ചിട്ടുണ്ട്. തുടർച്ചയായി 18 മണിക്കൂർ വിമാനത്തിൽ

കരിനീല വേഷത്തിൽ ഞാനെപ്പോഴും സുന്ദരിയാണെന്ന് കോളേജ് നാടക റിഹേഴ്സലിനിടയിൽ ശങ്കർ പറഞ്ഞിട്ടുണ്ട്. അത് ഓർക്കാതെയാണ്, ഞാൻ മകൾ നിലീന എന്റെ സെന്റോഫിനിടാൻ വാങ്ങിത്തന്ന നീല സാമുദ്രികപ്പട്ട് തന്നെ എടുത്തുടുത്തത്. പോരുമ്പോൾ സാരിയുടുത്ത് കണ്ണാടിയിൽ നോക്കിയപ്പോൾ ഞാനെന്നെയല്ല കണ്ടത്. പണ്ടെന്റെ ചങ്ങാതിയായിരുന്ന ശങ്കറിന്റെ നീണ്ട് കൊലുന്നനെയുള്ള രൂപമാണ്. എപ്പോഴും വില കുറഞ്ഞ കൂർത്തയും വെളുത്ത മുണ്ടും ശ്വേതസുഭഗമായ മുഖത്ത് തത്വദീക്ഷയില്ലാതെ വളരുന്ന ശ്മശ്രുക്കളുമായി നടന്ന ശങ്കറിനെ, കോളേജിൽ പ്രസംഗവും നാടകവും കവിതയുമായി നടക്കുന്ന ശങ്കറിനെ പെൺകുട്ടികൾക്ക് ഇഷ്ടമായിരുന്നു.

കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിന് ശങ്കർ വിജയിച്ചത് പെൺകുട്ടികളുടെ വോട്ടിനാലാണ് എന്നൊരു ശ്രുതിയുണ്ടായിരുന്നു. അഭിനന്ദനമറിയിക്കാൻ ഞങ്ങൾ മൂന്നാല് പെൺകുട്ടികൾ അടുത്ത് ചെന്നു. ശങ്കറിന് വിജയത്തിന്റെ ഉന്മാദമില്ല. കോലാഹലങ്ങളിൽ നിന്നൊഴിഞ്ഞ് കോളേജ് വരാന്തയിലെ അരമതി

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ലിൽ കാൽ കയറ്റിവച്ച് ചാരിയിരിക്കുന്നു. കയ്യിലേതോ മാസിക. ഞങ്ങളുടെ അഭിനന്ദനങ്ങൾ കേട്ട് ഒന്നുചിരിച്ചു. ഞാനറിയാതെ ഒന്നു ചോദിച്ചുപോയി. എന്താ ഇങ്ങനെ? ആഘോഷിക്കണ്ടേ.

അവരൊക്കെ ആഘോഷിക്കട്ടെ. എനിക്ക് ആഘോഷമില്ല.

ഞങ്ങൾ തിരിഞ്ഞുനടന്നപ്പോൾ പിൻവിളി "മാളവിക, ഇതു കണ്ടോ" തിരിയെ ചെന്നു. "ഇത് വായിച്ചു നോക്കു. കുട്ടീ, കവിതക്കാരിയല്ലേ," "താങ്ക് യു ശങ്കർ", കവിത ആദ്യം വായിച്ചത് സവിതയാണ്. പിന്നെ എല്ലാവരും ചേർന്ന് വായിച്ചു. "സ്വപ്നജാലങ്ങൾ" എഴുതിയത് എസ്.പി.ദേവ്

വലിയവരുടെ കവിത വർണ പേജിൽ! ദൈവമേ! മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കവിത വരു!! എന്തൊരു ശക്തിയുള്ള വരികൾ! കത്തുന്ന വരികൾ! പ്രണയോം മണ്ണാങ്കട്ടേം ഒന്നുമില്ല. എങ്കിലും! ശരിയാണ്. ആകെ പത്തുവരി! അത് മതിയല്ലോ, നെഞ്ച് അഗ്നിപർവ്വതം പോലെ പുകയാൻ.

സവിതയ്ക്ക് എന്നിട്ടും മതിയായില്ല.

"കവിത പുറത്തുവന്നാലും യൂണിയൻ തിരിഞ്ഞെടുപ്പിൽ വിജയിച്ചാലും, റാങ്ക് കിട്ടിയാലും അവന് തൈഥൈവാ! അവന്റെ വിജയം നമ്മളൊക്കെ കൂടി ആഘോഷിച്ചോളണം. എന്നാലും അവന് പറ്റില്ല."

പിന്നീട് ഞങ്ങളെല്ലാം അവന്റെ നല്ല സുഹൃത്തുക്കളായി മാറി.

അതേ ശങ്കറാണ് ഇപ്പോൾ മുമ്പിലിരിക്കുന്നത്. അഗ്നിശകലങ്ങൾ പോലുള്ള അവന്റെ കണ്ണുകൾ! അവന് ഒരു മാറ്റവും കാണാൻ ഉള്ള കണ്ണ് എന്നിക്കിപ്പോഴില്ല. ഒരിക്കലും ഞങ്ങൾ പ്രണയിച്ചിട്ടില്ല. ഞങ്ങളെല്ലാവരും പരസ്പരം അത്രമേൽ സ്നേഹിച്ചിരുന്നു എന്ന് മാത്രം.

ഈയിടെ ഫേസ്ബുക്കിൽ വീണ്ടും കണ്ടുമുട്ടിയപ്പോൾ അടക്കാൻ കഴിയാത്ത ആഹ്ലാദം. മരിച്ചുപോയ പ്രിയപ്പെട്ട ആരോ തിരിയെ വന്നത് പോലെ! പഴയ സുഹൃത്തുക്കളെ തേടിപ്പിടിപ്പിച്ച് ഒരു കൂട്ടായ്മ സംഘടിപ്പിക്കാം എന്ന ആശയം ആദ്യം വന്നത് ശങ്കറിൽ നിന്ന്. ദില്ലിയിൽ കൂടാം. അവിടെ സനലുണ്ട്., പ്രിയങ്കയുണ്ട്, ഗാർഗ്ഗിയും തോമ്മാച്ചനുമുണ്ട്. എല്ലാരേം ഞാൻ കോ ഓർഡിനേറ്റ് ചെയ്തോളാം. മാളു വരുംന്ന് ഉറപ്പു കിട്ടിയാൽ മതി.

മാളുവിന് അനുവാദം വാങ്ങാൻ ഒരാളേയുള്ളു! നിലീനയ്ക്ക് നൂറ് സമ്മതം. മരുന്ന് മുടങ്ങാതെ കഴിക്കണം. പാസ്പോർട്ട് ഏതെങ്കിലും കൗണ്ടറിൽവെച്ച് മറക്കരുത്. ഇത്രയേ കണ്ടീഷനുള്ളു. പിന്നെ കൂട്ടില്ലാത്ത ഏതെങ്കിലും ആൺകിളിയെ മനസ്സിൽ ബോധിച്ചാൽ, അമ്മ കൂട്ടുകാരനാക്കാൻ മറക്കരുത്.

ഇമിഗ്രേഷൻ കൗണ്ടറിന് മുമ്പിലെ നീണ്ട നിര കണ്ട് ഞാൻ പതുക്കെ എഴുന്നേറ്റു. ശരി. നമുക്കിനി വരിയിൽ കൂടാം. പുറത്തിറങ്ങാം. വൈകിക്കേണ്ട. മുമ്പിലെത്തിയില്ലെങ്കിൽ, ചെലപ്പോ ലഗേജ് തെറ്റി ആരെങ്കിലും എടുത്തോണ്ട് പോകും.

ഞങ്ങൾ രണ്ടു വരികളിലായി നിലയുറപ്പിച്ചു.

കയ്യിൽ ക്യാബിൻ ബാഗ് ഇല്ലാത്തത് ഭാഗ്യം. യാത്രയിൽ ചെറിയ ഭാരമുള്ള ഹാൻഡ് ബാഗ് പോലും എടുത്തുപൊക്കരുതെന്നാണ് കാർഡിയോളജിസ്റ്റിന്റെ സുഗ്രീവാജ്ഞ! രണ്ട് സാരികളും രണ്ട് കുർത്ത സെറ്റും അടങ്ങുന്ന ഭാരരഹിത ബാഗ് പോലും അതുകൊണ്ട് ലഗ്ഗേജിൽ തന്നെ ഇട്ടു.

അരയിൽ ഇറുകിയ കറുത്ത ടൈറ്റ്സും. ചുവന്ന കുറിയ കുർത്തയും ധരിച്ച ഒരു മദാമ്മ പെൺകുട്ടി തിക്കിത്തിരക്കി ഇരുകൈകളിലും ക്യാബിൻ ബാഗ് ഉരുട്ടി എന്റെ പിറകിൽ വന്നുനിന്നു. അവളുടെ ഒപ്പമെത്താൻ, അവളേക്കാൾ വണ്ണമുള്ള ചെറുപ്പക്കാരൻ പാടുപെടുന്നത് ശ്രദ്ധിച്ച് ഞാൻ, വരിയിലെവിടെയാണ് ശങ്കർ എന്നു തിരഞ്ഞു. പെട്ടെന്നാണ് അത് സംഭവിച്ചത്. കയ്യിലെ ബാഗുകൾ താഴെ വയ്ക്കുമ്പോൾ വീഴാതിരിയ്ക്കാൻ വെപ്രാളപ്പെട്ട ആ പെൺകിടാവിന്റെ സൂചിത്തലപ്പുപോലെ മൂർച്ചയുള്ള മടമ്പ് എന്റെ വലത്തേ കാല്പ്പാദത്തിൽ ശക്തിയായി അമർന്നു. "ഹാവൂ- വാട്ടീസ് ദിസ്! യു ക്രേസി ഗേൾ!" അറിയാതെ എന്റെ ശബ്ദമുയർന്നു. കാലിൽ ചോര വന്നോ എന്നായിരുന്നു പേടി.

"സോറി -മേം-റിയലി സോറി- സോറി-" അവളുടെ തെളുതെളെ മിനുങ്ങുന്ന പല്ലുകൾ സുന്ദരമായ കീഴ്ച്ചുണ്ടിൽ അമർന്നു.

"ഐ തിങ്ക് -മൈ ഫുട്ട് ഈസ് ഹർട്ട്."

അവൾ തിടുക്കത്തിൽ ബാഗ് തുറന്ന് ഒരു കുപ്പിയിൽ നിന്ന് വെള്ളമെടുത്ത് പാദത്തിലേക്ക് കുടഞ്ഞ് തിരുമ്മാനൊരുങ്ങി. ഞാനൊരുവിധം ഞൊണ്ടിക്കൊണ്ട് അൽപം ദൂരെയുള്ള കസേരക്കരികിലേക്ക് നീങ്ങി. ചെരുപ്പ്

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

അഴിച്ചെടുത്ത് പെൺകുട്ടി ധൃതിയിൽ പാദത്തിൽ കൈവച്ചു. “നോ-നോ- ഐവിൽ ഡു ഇറ്റ് മേം.” ഞാൻ ശങ്കറിനെ തിരഞ്ഞു. അയാൾ ഇമിഗ്രേഷൻ കൗണ്ടറിൽ നിന്ന് രക്ഷപ്പെട്ട്കൺവെയർ ബെൽറ്റിനരികിൽ എന്നെക്കാത്തു നിൽപ്പുണ്ടാകും. ചില സെക്യൂരിക്കാരും ഗ്രൗണ്ട് സ്റ്റാഫും എനിക്ക് ചുറ്റും കൂടി. പീനസ്തനിയായ ആ സ്ത്രീ കുനിഞ്ഞിരുന്ന് നനഞ്ഞ എന്റെ വലതുകാൽ തടവിത്തുടങ്ങി. ഞാൻ ശ്രദ്ധിച്ചു നോക്കി. ഇല്ല. മുറിവില്ല എങ്കിലും എത്ര കടുത്ത വേദന. പാദത്തിലേക്ക് വിഷം പോലെ കടുംപച്ച പടരുന്നുണ്ട്. തല കറങ്ങുന്നുണ്ടോ?

“വിഷമിക്കേണ്ട, മാഡം, എയർപോർട്ട് ഡോക്ടർ ഉടനെയെത്തും.” പെൺകുട്ടി സമാധാനിപ്പിച്ചു. “മൈ നെയ്മീസ് മറിയ., യൂ പ്ലീസ് സ്റ്റേ വിത്ത് മീ. ഡോക്ടർ വിൽ റീച്ച് വിത്തിൻ നോ ടൈം.” ഞാൻ ധൃതിയിൽ എഴുന്നേറ്റുനിന്നു. “നോ നീഡ്- മറിയ- മൈ ഫ്രണ്ട് ഈസ് വെയ്റ്റിങ് ഫോർ മീ ഔട്ട്സൈഡ്. ” മറിയ കൈപിടിച്ച് കൗണ്ടറിനടുത്തു ചെന്നു. പാസ്പോർട്ട് കൊടുത്ത് സീൽ വെപ്പിച്ച് തിരികെ വന്നു.

“മിസ്സിസ്സ് മാളവിക വിശ്വനാഥ് -ടെയ്ക് കെയർ ഓഫ് യുവർ ഫുട്ട്-യൂ നീഡ് എ വീൽചെയർ?”

നോ- നോ- ഐ വിൽ മാനേജ് മറിയ -താങ്ക്സ്!.

കൈവിടുവിപ്പിച്ച് ഒറ്റയ്ക്ക് നടന്നുതുടങ്ങിയപ്പോൾ മറിയ പിറകിൽ നിന്ന് വിളിച്ചു ചോദിച്ചു.-“വീഴില്ലല്ലോ-”

“ഏയ്-”

ഏതെല്ലാം കൊടുങ്കാറ്റുകൾ വന്നിട്ടും പിഴുതെടുത്തു കൊണ്ടുപോവാൻ ആയിട്ടില്ല. പിന്നെയല്ലേ? ആസ്ട്രേലിയയിൽ നിന്ന് നിലീന ഓർമ്മിപ്പിച്ചിരുന്നു. അമ്മേ, ഫ്രണ്ട്സിനെ മീറ്റ് ചെയ്താൽ എന്നെ വിളിച്ചറിയിക്കണേ. സ്നേഹിച്ചു കൂടെ കഴിയാൻ പറ്റുന്ന ഏതെങ്കിലും ഏകാന്തൻ ഉണ്ടെങ്കിൽ.” അവൾ പൊട്ടിച്ചിരിച്ചു.

ഞാനന്നേരം നീലീനയെ തടഞ്ഞു. മോള് വിചാരിക്കും പോലെ ഞാനാരേം മ്യാരി ചെയ്യാൻ പോവ്വല്ലല്ലോ. വീയാർ ഓൾഡ് ഫ്രണ്ട്സ്. ദാറ്റ്സാൾ. വീ മീറ്റ് സംവെയർ ഔട്ട്സൈഡ് . പഴയ കഥകളൊക്കെ പറഞ്ഞ്, പഴയ ഫ്രണ്ട്സിനെയോർത്ത് കളി പറഞ്ഞ് പിന്നെ യാത്ര പറഞ്ഞ് ഓരോ വഴിക്ക് പിരിഞ്ഞുപോകും.” ഞാൻ ചിരിച്ചു.

“പക്ഷേ, അമ്മേ ഞാൻ സീരിയസാണ്. അമ്മ ഇപ്പോഴും എത്ര ചെറുപ്പാ.” ലഗ്ഗേജിനായി കാത്തു നിൽക്കുന്നവർ അധികമില്ല.

ദൂരെ നിന്നേ കാണാം. ശങ്കറിന്റെ ഉന്നത ഗാത്രം. ശങ്കർ നിനക്കൊരു മാറ്റവുമില്ല. നിന്റെ നിസ്സംഗതയാർന്ന നോട്ടം, സംഘർഷം മുറുകിയ മുഖഭാവം. വെൺമുത്തുപോലുള്ള പുഞ്ചിരി.

“മാളവിക ,ടി.പി.എന്ന് കണ്ടപ്പഴേ പെട്ടി എടുത്തു ഇതു തന്ന്യേല്ലേ? അല്ല, കാലിന് എന്ത് പറ്റി? വല്ല ഉളുക്കും പറ്റ്യോ?”

“പെട്ടി ഇതെന്നെ. ഞാൻ ചിരിക്കാൻ ശ്രമിച്ചു.

“ഉളുക്കല്ല. എന്റെ കാലുമ്മെ ഒരു പോയിന്റഡ് ഹീലുകാരി ഒരു ചവിട്ട്!”

“അയ്യോ-മുറിഞ്ഞോ? വല്ലാതെ വേദന തോന്നുന്നോ?”

“അത് സാരല്യ ശങ്കർ- നടക്കാൻ ചെറ്യേ ബുദ്ധിമുട്ട്. അത് ശര്യാവും. വെള്ളം കൂട്ടി തടവീട്ടുണ്ട്. ഞാൻ സാരിയുടെ ഞൊറിവുകളിൽ കാലൊളിപ്പിച്ചു.

ശങ്കറിന്റെ മുഖത്ത് അവിചാരിതമായി മഴക്കാറ് വന്നുമൂടി. ധൃതിയിൽ ട്രോളി കൊണ്ടുവന്ന് രണ്ടാളുടേയും ബാഗ് അതിൽ വെയ്ക്കുന്നു. അല്പം വെപ്രാളം പ്രവൃത്തിയിൽ കാണുമ്പോൾ ചിരിക്കാൻ തോന്നുന്നു.

“ബാഗ് ലൈറ്റാണല്ലോ. സാധാരണ സ്ത്രീകൾ ഒരൊറ്റ ദിവസത്തെ യാത്രയ്ക്ക് ബാഗിൽ വയ്ക്കാത്ത സാധനങ്ങളാവില്ല. എന്റെ അന്യത്തിക്കുട്ടി-അല്ലാ-മാളൂന്റെ കാല് അസാരം വേദനണ്ടോ? വീൽചെയറ് വേണോ? കാലിലെ വേദന പെരുക്കാൻ തുടങ്ങിയിരിക്കുന്നു. എങ്ങനേം ഫ്ളാറ്റിലെത്തണം.

“വേണ്ട ശങ്കറുണ്ടാവുമ്പോ എന്തിനാ പിന്നൊരു വീൽ ചെയറ്? എന്നെ ദാ, കാറ് വരെ എത്തിച്ചാ മതി. എന്റെ വയസ്സൻ ഡ്രൈവറ് ചോപ്രാജി പുറത്ത് എത്തിയിട്ടുണ്ട്. നമുക്ക് നാളെ പുറത്തെവിടെയെങ്കിലും വെച്ചു കാണാം. എല്ലാം ശങ്കർ അറേഞ്ചു ചെയ്തതല്ലേ.? ഇപ്പം പോയി കിടക്കട്ടെ.”

“അതൊക്കെശരി. മാളൂന് വിശക്കുന്നുണ്ടോ? എയർപോർട്ടീന് എന്തെങ്കിലും ലൈറ്റായി കഴിക്കാം.”

ഞാനത് ശ്രദ്ധിക്കാതെ ചോപ്രാജിക്ക് ഫോൺ ചെയ്തു.

“മാളൂ,- യൂ ലുക് സോ ടയേഡ്.- ഒരു കോഫിയെങ്കിലും കഴിച്ച് പുറത്ത് കടക്കാം.”

ഒരടി മുമ്പോട്ട് വെയ്ക്കാനാവാതെ ഞാൻ തറഞ്ഞു

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

നിന്നു. തോളിൽ പിൻചെയ്ത സാരിയുടെ പല്ലാവ് വഴുതി താഴെ ഇഴയുന്നു. ശങ്കർ, ഒരു കൈകൊണ്ട് ട്രോളിയും മറുകൈകൊണ്ട് കരുതലോടെ എന്റെ കയ്യും പിടിച്ചുകൊണ്ടു നടന്നു.

"ഇതാണ് പ്രശ്നം പ്രായം കൂടുംതോറും സപ്പോർട്ടില്ലാതെ കഴിയാൻ വെഷമം തോന്നും. അല്ലാത്തപ്പോ തട്ടീം മുട്ടീം അങ്ങനെ നീങ്ങിപോകും."

"ഏയ്,– മാളൂന് പ്രായം ബാധിച്ചിട്ടില്ല. ഇതൊരു ചെറ്യേ പരിക്ക്." വേദന– വേദന–യാത്രക്കാർ പലരും എന്റെ ഞൊണ്ടിയുള്ള നടത്തം ശ്രദ്ധിക്കുന്നുണ്ട്. സ്വാഭാവികമായി നടക്കാൻ ആവുന്നതും ശ്രമിച്ചുകൊണ്ട് ഞാൻ മനസ്സോ ശരീരമോ വേദനിക്കുമ്പോൾ എപ്പോഴും ചെയ്യാറുള്ളതു പോലെ ഉള്ളിൽ പതുക്കെ പാട്ട് മൂളിക്കൊണ്ടിരുന്നു. ഇത്തവണ അത് എനിക്ക് മാത്രം കേൾക്കാനായി ഞാൻ മൂളി.

"ഐ ട്രൈ ടു കീപ് ഇൻ ടച്ച് വേർ എവർ അയാം.

ഐ ഡോണ്ട് സെ ഐ വർക്ക്സ് ഇറ്റ് ഔട്ട്

"ഹോ! മാളൂ ഇപ്പഴും ലിയനോർഡ് കോഹന്റെ ആരാധിക തന്നെ അല്ലേ?

"അല്ലല്ല, ഞാൻ എസ്.വി. ദേവിന്റെ ആരാധിക. ശങ്കറിന്റെ കവിത കഴിഞ്ഞിട്ടേ എനിക്കേതു കവിതേം പാട്ടും ഉള്ളൂ. മലയാളി കവി കഴിഞ്ഞിട്ടല്ലേ, ആ കാനഡക്കാരൻ!"

എന്റെ ദില്ലി വിലാസമുള്ള കാർഡ് ശങ്കറിനെ ഏല്പിച്ചുകൊണ്ട് ഞാനൊരുവിധം കാറിൽ കയറി.

"ശങ്കറിനെ എവിടെ ഡ്രോപ്പുചെയ്യണം?"

"നോ – നോ എന്നെ നമ്മുടെ സനൽ കാത്തു നിൽപ്പുണ്ട്. അവനിപ്പോ വലിയ ഡോക്ടറല്ലേ? ഞാൻ വിളിക്കാം മാളൂ,– ടേയ്ക് കെയർ."

"ഓകെ സീ യൂ ശങ്കർ."

ട്രാഫിക് ജാമിൽ മറ്റു വാഹനങ്ങലുടെ നീണ്ട നിരകൾക്കിടയിൽ ശ്വാസം മുട്ടുന്ന കാറിനകത്തിരുന്നു ഞാൻ അത്ഭുതപ്പെട്ടു. ജീവിതത്തിലെ ഏറ്റവും മനോഹരമായ, ലാഘവമാർന്ന, വർണ്ണശബളമായ അനുഭവങ്ങൾ എനിക്കായി കാത്തു നിൽക്കുകയാണോ? കന്മഷം കലരാത്ത കൗശോരഭാവങ്ങൾ എന്നിലേക്ക് തിക്കിത്തിരക്കി വരികയാണോ? ഒരു പുരുഷന്റെ സ്നേഹവും ലാളനയും പരിഗണനയും പരിരക്ഷയും അറിഞ്ഞിട്ടില്ലാത്ത ഞാൻ, ഒരു ചങ്ങാതിയുടെ കരുതലിൽ മദം കൊള്ളുകയോ? ചോപ്രഭക്ഷണമുണ്ടാക്കാനായി അടുക്കളയിലേക്ക് തിരിഞ്ഞപ്പോഴേക്കും ഞാൻ തലയണമേലേക്ക് നീരുവച്ച കാൽ കയറ്റിവെച്ച്, കൊടുംതണുപ്പത്ത് ഹീറ്റർ ഓണാക്കാൻ പോലും മിനക്കെടാതെ കിടന്നുറങ്ങിപ്പോയി.

മൊബൈൽ കിലുക്കം കേട്ടിട്ടാണ് ഞെട്ടിയുണർന്നത്. ഉണർന്നപ്പോൾ അതിശയിച്ചു. ഞാനെവിടെയാണ്! ഞാൻ ദില്ലിയിലെ ഫ്ളാറ്റിൽ ഒരു കിൽറ്റിനടിയിൽ, സുഖകരമായ ഇളം ചൂടിൽ കിടക്കുകയാണ്. ആരാണ് ഹീറ്റർ ഓണാക്കി എന്നെ പുതപ്പിച്ചത്? സുഖകരമായ ഒരുറക്കമായിരുന്നു. ആരാണതിനെ ഭംഗപ്പെടുത്തുന്നത്?

മൊബൈലിൽ വിറയാർന്ന സൗമ്യമായ ഒരു ശബ്ദം അന്വേഷിക്കുന്നു. "മാളൂ, കാലെങ്ങനെ?

ഭേദമുണ്ടോ? നല്ല സ്വെല്ലിംഗുണ്ടായിരുന്നുവല്ലോ."

ഞാൻ അടഞ്ഞ തൊണ്ട ശരിയാക്കിക്കൊണ്ട് അന്വേഷിച്ചു.

"ശങ്കർ എങ്ങനെയറിഞ്ഞു? രാത്രിയിൽ നല്ല വേദനയായിരുന്നു. വന്നയുടൻ വസ്ത്രം പോലും മാറാതെ കട്ടിലിൽ കയറിക്കിടന്നു. ഞാനുറങ്ങിപ്പോയി."

അപ്പുറത്ത് ചിരി– ആദ്യത്തെ ഉദ്വേഗത്തിന്റെ വിറയൽ ചിരി. യുവതിയായ മാളവികയുടെ അതേ ചുറുചുറുക്കോടെ ഞാനും ചിരിച്ചു.

ഞാനും സനലും കൂടി രാത്രി വന്നിരുന്നു. നിന്റെ കിഴവൻ ഡ്രൈവർ ചോപ്ര വാതിൽ തുറന്നുതന്നു. മേം സാബ് ക്ഷീണിച്ചുറങ്ങുന്നു. ഉണർത്തണ്ട എന്നവൻ പറഞ്ഞു. സനൽ കൊണ്ടുവന്ന ഓയിൽമെന്റ് നീയറിയാതെ അയാൾ നിന്റെ കാലിൽ പുരട്ടി. ഹീറ്റർ ഓണാക്കി, കിൽറ്റ് പുതപ്പിച്ച് ഞങ്ങൾ തിരികെ പോന്നു. വേദന അധികമുണ്ടെങ്കിൽ മേശപ്പുറത്ത് വെച്ച ടാബ്ലെറ്റ് കഴിക്കാം."

"ഞാനിപ്പോ താമസിക്കുന്ന സ്ഥലത്തും ഞാനിങ്ങനെ ഉറങ്ങിപ്പോകാറുണ്ട്. ഒറ്റയ്ക്കുള്ള ജീവിതമല്ലേ? തണുപ്പത്ത് പുതപ്പില്ലാതെ ഉറങ്ങിയാലും എനിക്കൊരു കേടും വരില്ല.. " ഞാൻ ചിരിച്ചു.

അപ്പുറത്ത് ഗഹനമായ മൗനം.

പിന്നെ അടഞ്ഞ തൊണ്ട ശരിയാക്കികൊണ്ട് അന്വേഷണം.

"എന്തേ ഒറ്റയ്ക്ക്?"

"അതോ? ഓ ശരിയാണ്. നാം ഫാമിലിയെക്കുറിച്ചൊന്നും പരസ്പരം പറഞ്ഞില്ല നേരിൽ പറയാലോ എന്നു കരുതി."

പൊടുന്നനെ ഞങ്ങൾക്കിടയിൽ മൗനം ഒരു ഭിത്തിയുയർത്താൻ തുടങ്ങി. അതിനെ തട്ടിത്ത

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കർത്തുകൊണ്ട് ഞാൻ പതുക്കെ പറഞ്ഞു. പിന്നെ ഞാനെന്തുചെയ്യണം., വിവാഹം കഴിഞ്ഞ്, കുഞ്ഞുണ്ടായിക്കഴിഞ്ഞ്, രണ്ടാം വർഷം റോഡപകടത്തിൽ...”

“മാളൂ, മതി മതി ഇനി പറയല്ലേ.”

“ഓകെ,. പറയുന്നില്ല. ഞാൻ ജോലി നേടി, മകൾ നിലീനയെ പഠിപ്പിച്ചു. വിവാഹം കഴിപ്പിച്ചു. അവൾ ഓസ്ട്രേലിയയിലേക്ക് പോയി. ഇപ്പോൾ അവളുടെ പല്ലവി, അമ്മ ഇനിയെങ്കിലും ഒരു കംപനിയനെ തിരഞ്ഞെടുക്കണം എന്നാണ്. അതാണ് നിലീന! ചിരിക്കയല്ലാതെ എന്തു ചെയ്യാൻ! ഇനിയെന്ത് കംപാനിയൻ. ഏത് കംപാനിയൻ!”

അപ്പുറത്ത് ദീർഘശ്വാസം

“പുതിയ തലമുറയിലെ കുട്ടികൾ, മാളൂ വളരെ ദിശാബോധമുള്ളവരാണ്. വെരി പ്രാക്ടിക്കൽ ആൾസോ.”

“ഓകെ - ഇനി കേൾക്കട്ടെ, ശങ്കറിന്റെ കുടുംബവിശേഷങ്ങൾ”

എന്തു വിശേഷം, മാളൂ, കോളേജുവാധ്യാരായി അങ്ങനെ കഴീഞ്ഞു. പല രാജ്യങ്ങളിലും വിസിറ്റിംങ് പ്രൊഫസറായി അങ്ങനെ! അനിയത്തീം കുടുംബോം കൂടെണ്ട്.”

“അപ്പോ ഭാര്യേം കുട്ട്യോളും?”

“ഭാര്യ വേണോംന്ന് തോന്നിട്ടില്ല. കുട്ട്യോള് അനവധിണ്ട്. പല യൂണിവേഴ്സിറ്റികളിലായി.”

ഞാൻ അസ്വസ്ഥയായി.

“അതെന്താ ഭാര്യ വേണ്ടെന്ന് വയ്ക്കാൻ!”

“തോന്നിയില്ല.- ജോലി കിട്ടിയ കാലത്ത് ഒരു പ്രണയം ഉണ്ടായി. ഇംഗ്ലീഷ് പഠിക്കണ ഒരു കക്ഷി. പക്ഷേ, അവൾടെ പൊസ്സസ്സീവ്നെസ്സ് സഹിക്കാൻ പറ്റില്ല. വിവാഹത്തിനുമുമ്പേ എന്നെ ഭരിക്കാൻ തുടങ്ങി. എന്നെ ഭരിക്കുന്നയാളെയല്ല എനിക്കാവശ്യം. പ്രണയവും ഭരണവും ഒരേ കള്ളിയിൽ നില്ക്കില്ല. പ്രണയത്തിന്റെ സത്യസന്ധതയ്ക്ക് വിവാഹം തടസ്സമാണ്, വേണ്ടെന്നുവെച്ചു. എന്തിനു വെറുതെ പരസ്പരം ജഡങ്ങളെപ്പേറി ജീവിക്കണം? അവള് കൺമുമ്പിൽ മറ്റൊരുത്തനെ സ്നേഹിച്ചു വിവാഹം കഴിച്ചു. ഞാൻ വിദേശത്ത് മറ്റൊരു കോളേജിലേക്കും പോയി.

ശങ്കറിന്റെ ശബ്ദം അടിതെളിഞ്ഞ ജലാശയം പോലെ സൗമ്യം.

ഓകെ, ഓകെ-ശങ്കർ ബാക്കി നേരിൽ കാണുമ്പോ പറയാം. “ഞാൻ പതുക്കെ എഴുന്നേറ്റ് പാദം നിലത്തൂന്നി. ഹോ! വേദന!

“ശങ്കർ, ഇന്ന് എനിക്ക് പുറത്തേക്ക് വരാൻ പറ്റൂന്ന് ഉറപ്പില്ല. വൈകുന്നേരാവുമ്പോഴേക്കും ശര്യാവൂന്ന് തോന്നുന്നു. ” ശങ്കർ ചിരിച്ചു. “അതിനു മുൻപ് ഞാനങ്ങട് വരാം. സനലിന്റെ വീടും ഈ മയൂർവിഹാറിൽത്തന്നെ. അഞ്ചുമിനിട്ട് ഡ്രൈവ് വേണ്ട. സനൽ ബ്രേക്ക്ഫാസ്റ്റ് ശരിയാക്കുന്നുണ്ട്. അവന്റെ ഫാമിലി നാട്ടിലാ. അവൻ പോകുമ്പോൾ, മാളൂന്റെ ഫ്ളാറ്റിൽ ഡ്രോപ്പ് ചെയ്യാൻ പറയാം.

ഞാൻ സംഭാഷണം അവസാനിപ്പിച്ചു.

“ഓ മൈ ഗോഡ്! ഞാനപ്പോഴേക്കും ഒന്നു കുളിക്കട്ടെ. ദില്ലിയിലുള്ള സുഹൃത്തുക്കളെ ഒന്നുകൂടി ഫോൺ ചെയ്തോർമ്മിപ്പിക്ക് ഓകെ ശങ്കർ, കാണാം.”

ചൂടുവെള്ളത്തിൽ വൃത്തിയായി കുളിച്ച് ഞാനൊരു ഹൗസ്കോട്ടിലേക്ക് നൂണ്ട കയറി. ഞൊണ്ടിക്കൊണ്ട് കട്ടിലിലേക്ക് കയറിയിരുന്നു. നെഫ്കഫേയുടെ ചൂടും, ചൂരും ആസ്വദിക്കവേ ചോപ്ര വാതിൽക്കൽ.

“മേം സാബ്, പൂരി-സബ്ജി റെഡിയാക്കി മേശപ്പുറത്ത് വെച്ചിട്ടുണ്ട്. ഞാനൊന്നു വേഗം ബജാറിൽ പോയിവരട്ടെ. കുറച്ച് പച്ചക്കറി, മീൻ. പിന്നെ ബാങ്കിലും പോകേണ്ട. മേം സാബിന് കാലിന് വേദന കുറവുണ്ടോ? നാസ്ത കഴിഞ്ഞാൽ അതാ ആ മേശപ്പുറത്തെ ഗുളിക കഴിക്കൂ മേം സാബ്. ഞാൻ വേഗം പോയി വരാം.”

അവന്റെ ഹിന്ദി കേൾക്കാൻ രസമുണ്ട്.

“വേദന കുറവുണ്ടു ചോപ്രാജി. പോകുമ്പോൾ വാതിൽ അടയ്ക്കണ്ടേ ഡോ. സനലും ശങ്കറും ഇപ്പോഴെത്തും” കിഴവൻ പോയപ്പോൾ, ഞാൻ ദീർഘമായി നിശ്വസിച്ചു. കാപ്പികുടി കഴിഞ്ഞാൽ ധരിക്കാനുള്ള ബോട്ടിൽ ഗ്രീൻ കുർത്തയും വെളുത്ത പൈജാമയും കട്ടിലിൽ എടുത്തുവച്ചിട്ടുണ്ട്. ഞാൻ കുനിഞ്ഞ് കാൽ പരിശോധിച്ചു. നീര് പോയിട്ടില്ല. ആ ഹൈഹീൽഡുകാരിക്ക് എന്റെ കാലുമാത്രമേ കിട്ടിയുള്ളു ഇങ്ങനെ ചവുട്ടിക്കുഴിക്കാൻ!

“ഗുഡ്മോണിംങ് മാളവിക.”

ആദ്യം അകത്തേക്ക് കടന്നുവന്നത് ഡോ. സനലാണ്. സനൽ ആകെ മാറിയിരിക്കുന്നു. തലമുടിയൊക്കെ കൊഴിഞ്ഞ് കഷണ്ടിക്കയറി. വെളുത്ത് തുടുത്ത് എന്നാൽ ചുറുചുറുക്കിന് ഒട്ടും കുറവില്ല. ശബ്ദത്തിന് മാറ്റവുമില്ല.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

"ലിഫ്റ്റിൽ വെച്ചു ചോപ്രയെ കണ്ടു. മേം സാബ് കാത്തിരിക്കുന്നു. വാതില് അടച്ചിട്ടില്ലെന്ന്. അതാ നേരെ കയറി വന്നത്." സനൽ കുനിഞ്ഞ് പാദത്തിൽ വിരലൂന്നി." കാലിന് നീരുണ്ടല്ലോ. മാളവികാ "കയ്യിൽ കരുതിയ ഒരു ട്യൂബ് ഓയിൽമെന്റ് ഗുളികയുടെ സ്ട്രിപ്പ് ഒക്കെ ഏല്പിച്ചുകൊണ്ട് പുഞ്ചിരിച്ചു. വൈകിട്ട് വിസ്തരിച്ച് സംസാരിക്കാം. ഇന്ന് സർജറിഡേ." പിന്നെ സനൽ, ശങ്കറിനുനേരെ തിരിഞ്ഞു.

"ഈ ഗുളിക മാളവിക കഴിക്കുന്നോ എന്ന് ശ്രദ്ധിക്കണം.

"നീയിറങ്ങുമ്പോൾ വിളിക്ക്- കാറയ്ക്കാം."

ശങ്കർ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

"വേണ്ട സനൽ. ഞാനൊരു ടാക്സി വിളിക്കാം. ഞാനും വൈകാതെ ഇറങ്ങും. കുറച്ചധികം പേരെ കാണാനുണ്ട്."

സനലിനെ പറഞ്ഞയച്ചു ശങ്കർ തിരിയെ വരുമ്പോഴേക്കും ഞാൻ ഒരു വിധത്തിൽ നടന്ന് ഡ്രോയിങ് റൂമിലെത്തി "ആ കതകടച്ചേക്കൂ ശങ്കർ. ചോപ്ര ഉടനെയെത്തും. എന്നിട്ട് തുറന്നാൽ മതി." ശങ്കർ വാതിലടച്ച് വന്ന് എതിരേയുള്ള സോഫയിലിരുന്നു. "ഗെറ്റ് ടുഗെദറിന് വന്നിട്ടിപ്പോ രോഗ ശുശ്രൂഷ ചെയ്യേണ്ടി വന്നല്ലോ. ശങ്കർ." ഞാൻ വെറുതെ ചിരിച്ചു.

"ഓ ഇതൊരു ചെറ്യേ ആക്സിഡന്റല്ലേ? ഡോണ്ട് വറി മാളൂ."

അത് സാരല്യ- എന്റെ ജീവിതത്തില് അനവധി അപകടങ്ങൾ ഉണ്ടായിട്ടുണ്ട."

ശങ്കറിന്റെ നേർത്ത ചിരിയിൽ ഏതോ വ്യസനത്തിന്റെ കാളിമ പടർന്നു.

"കേട്ടിട്ട് വിഷമം തോന്നി. മാളൂ ഇങ്ങനെ തനിച്ച്-"

"ഏയ് ഞാനിപ്പോ തനിച്ചല്ലല്ലോ,. ശങ്കറില്ലേ കൂടെ? അല്ലാ- ബ്രേക് ഫാസ്റ്റ് കഴിച്ചോ?"

"ഉവ്വ്- കഴിച്ചു. മാളു ബെഡ് കോഫിയിൽ നില്പാണല്ലേ. ഞാനെടുത്തു തരാം ബ്രേക്ഫാസ്റ്റ്. കാലനക്കണ്ട. എന്നിട്ട് പോണം. വൈകിട്ട് കാണാം. മാളൂ നന്നായി റെസ്റ്റെടുക്ക്."

"ശരി, ഡൈനിങ് ടേബിളിൽ എല്ലാം കാണും."

ഒരു താലത്തിൽ രണ്ടു പൂരി- ബജി-പിന്നെ ഒരു റോബസ്റ്റപഴം!

"താങ്ക്സ് എ ടൺ, ശങ്കർ- ഞാൻ പൂരി കഴിച്ചൂന്ന് നിലീന അറിയണ്ട- പക്ഷെ, ഇന്നെനിക്ക് ഇഷ്ടമുള്ളതൊക്കെ ചെയ്യണം. അതാ ഞാൻ പൂരിയുണ്ടാക്കാൻ ഇന്നലെ പറഞ്ഞേല്പിച്ചത്."

ഭക്ഷണം കഴിഞ്ഞ് വെള്ളം കുടിച്ച് കഴിഞ്ഞപ്പോൾ ശങ്കർ ഫിംഗർ ബൗളുമായെത്തി. " അയ്യോ- എന്താദ്! അത്രയ്ക്ക് ബെഡ്റിഡ്ഡനൊന്നും ആയിട്ടില്യാലോ." ഞാൻ ശക്തമായി പ്രതിഷേധിച്ചു. എന്നാലുള്ളിൽ ഈ ചങ്ങാതിയുടെ ആഴത്തിലുള്ള വാത്സല്യവും സ്നേഹവും കണ്ട് ആഹ്ലാദിച്ചു. കോളേജുകാലത്തും ശങ്കർ ഇങ്ങനെയൊക്കെയായിരുന്നു. ഈ സമഭാവന മറ്റാരിലും കണ്ടിട്ടുമില്ല. ടർക്കി കയ്യെത്താത്ത ഇടത്തായത് കൊണ്ട് ഞാൻ ഹൗസ്കോട്ടിന്റെ തലപ്പെടുത്ത് കൈ തുടച്ചു.

"മാളൂന് ഒരു സർപ്രൈസുണ്ട്. സ്വീകരണമുറിയിലെ ടി.വി സ്റ്റാൻഡിനുമുകളിൽ നിന്ന് ശങ്കർ ഒരു കടലാസ് പാക്കറ്റ് കയ്യെത്തിയെടുത്തു. എനിക്ക് നേരെ നീട്ടി. "ഹാപ്പി ബർത്ത് ഡേ മാളൂ." ഞാൻ വാസ്തവമായും ഞെട്ടി.

ഇന്നെന്റെ പിറന്നാളാണെന്ന് എങ്ങനെ?

ഇന്ന് തുലാമാസത്തിലെ ഉത്രട്ടാതി. എല്ലാവർഷവും കലണ്ടർ കയ്യിൽ വന്നാൽ ഈ തിയതി മാർക്ക് ചെയ്തുവെയ്ക്കും. അങ്ങനെ അടുപ്പമുള്ള മറ്റു പലരുടേയും. വിളിച്ച് അവരെ അമ്പരിപ്പിക്കാൻ"

ശങ്കർ ശബ്ദമില്ലാതെ ചിരിച്ചു. ഞാൻ വീണ്ടും ചെറുതായി ഞെട്ടി. ഈ നല്ല സുഹൃത്തിനെ ഞാൻ ഇങ്ങനെ വിവാഹത്തോടെ വിട്ടുകളഞ്ഞുവല്ലോ.

മടിയിലെ സമ്മാനപ്പൊതി തുറക്കാൻ ശങ്കർ ഒരാഗ്യം കാണിച്ചു. തുറന്നപ്പോൾ ഞാൻ ആഹ്ലാദം കൊണ്ടു നിലവിളിച്ചു.

"സ്ട്രേഞ്ചർ മ്യൂസിക്ക്! ഹോ- കോഹന്റെ ബ്യൂട്ടിഫുൾ ലൂസേർസാണ് കഴിഞ്ഞ തവണ നിലീന തന്ന സമ്മാനം. അവൾ ആസ്ട്രേലിയയിൽ നിന്ന് തിരഞ്ഞുപിടിച്ചു വാങ്ങിച്ചു തന്നത്. എന്തൊരു കോയിൻസിഡെൻസ്! താങ്ക് യൂ ശങ്കർ- ഈ പുസ്തകത്തേക്കാൾ മനോഹരമായ എന്തു സമ്മാനമാണ് എനിക്കു താൻ!"

"ഇതു ഞാൻ ജയ്പൂരിൽ വെച്ചു നടന്ന പുസ്തക പ്രദർശനത്തിൽ പ്രസംഗിക്കാൻ പോയപ്പോൾ നിനക്കായി വാങ്ങിയതാണ്. നമ്മൾ കാണുംന്നൊന്നും പ്രതീക്ഷിച്ചിട്ടല്ലാ. വെറുതെ"

ഞാൻ പുറംചട്ട മറിച്ചു. ആദ്യത്തെ പേജിൽ ശങ്കർ എഴുതിയിരിക്കുന്നു.

"Music is more in your line. So I pass this on to you, Malavika"

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ശങ്കർ അടുത്തുണ്ടെന്ന് ഓർക്കാതെ ഞാനാ വാക്കുകളിൽ ചുംബിച്ചു. എന്നിട്ട് പുസ്തകം നെഞ്ചോടണച്ചു. ജീവിതത്തിലാദ്യമായി എന്റെ ഇഷ്ടങ്ങളറിഞ്ഞ് ഒരാളെന്നെ സ്നേഹിക്കുന്നു. പരിഗണിക്കുന്നു! പരിരക്ഷിക്കുന്നു! എന്റെ ആകാശം വിസ്തൃതമാകുന്നതായി എനിക്ക് തോന്നി. ഏറ്റവും അമൂല്യായ ഏതോ അനുഭവം! വെൺതൂവൽപോലെ ഞാൻ ആകാശത്തൂടെ പറക്കുകയാണ്. മരണത്തെ മാത്രമല്ല, ജീവിതത്തെയും ഭയപ്പെടുന്ന, പീഡിതമായ, പരിചരിന്നമായ ആകുലതകൾ എന്നിൽ നിന്നകന്നു. ഞാൻ പതുക്കെ എഴുന്നേറ്റു. ശരീരം എന്നിൽ നിന്ന് കിഴിഞ്ഞുപോയി. ഞാൻ ഒരു ചൈതന്യമായി മാറി.

നിർഭയമായ മനസ്സോടെ പതറിക്കത്തുന്ന പ്രയങ്കരമായ വിളക്ക് അണയാതിരിക്കാനെന്നത് പോലെ ഞാൻ ഇരു കരങ്ങളാലും ശങ്കറിന്റെ മുഖം പൊതിഞ്ഞു പിടിച്ചു. ഞാനൊരു പവിത്രദീപമെന്ന മട്ടിൽ ശങ്കറിന്റെ കരങ്ങളും എന്നെ കരുതലോടെ ചേർത്തുപിടിച്ചു."മാളൂ–ശ്രദ്ധിച്ച്– നിന്റെ കാല് വേദനിക്കും.

ഇത്രയുമാണ് ആ സ്നേഹിതന് എന്നോട് പറയാനുണ്ടായത്. അതൊരു അടയാളവാക്യമാണ്. മാളു നിന്നെ ഞാൻ സ്നേഹിക്കുന്നു എന്നതിനേക്കാൾ എത്രയോ മടങ്ങ് സൗന്ദര്യമുള്ള ആ വാചകം എന്നെയാകെ ലഹരിപിടിപ്പിച്ചു.

ഞാൻ നിലീനയെ ഓർത്തു.

നിലീനാ – നിന്റെ അമ്മയിതാ– ധ്യാനാത്മകതയിലേക്ക് ഒരെത്തിനോട്ടം നടത്തുകയാണ്. ജൈവപ്രകൃതി തരുന്ന സമ്മാനം. അനിച്ഛാപൂർവ്വം അത് സംഭവിക്കുന്നു. അതിന് തലച്ചോറുമായി ബന്ധമേതുമില്ല. അവനവനോട് വിശ്വസ്തതയും സത്യസന്ധതയും ഉള്ളവളായി, ഇവൾ മാറുകയാണ്. കാലത്തിനും സമയത്തിനും അതീതമായി ഞാൻ ഏതോ അജ്ഞാത നഗരിയിലേക്ക് പ്രവേശിക്കുകയാണ്.

ഞങ്ങൾ ധ്യാനാത്മകതയുടെ ഉത്തമതലത്തിലേക്ക് പ്രവേശിച്ചു. ഞങ്ങൾക്ക് മുമ്പിൽ കാലം നിശ്ചലമായി. ബോധം അപ്രത്യക്ഷമായി. ഞങ്ങൾ ഞങ്ങളിൽ നിന്ന് വഴുതിപ്പോയി. കേവലം ശരീരവും മനസ്സും മാത്രമല്ല എന്ന് ഞങ്ങളറിഞ്ഞു. അവയ്ക്ക് മീതെ എന്തോ ഒന്ന് സചേതനവും കേവലവുമായ ഊർജ്ജമായി ഞങ്ങൾ മാറിക്കൊണ്ടിരിക്കുകയാണെന്ന് ഞങ്ങളറിഞ്ഞു.

ഏതോ മോഹ നിദ്രയിൽ നിന്നുണർന്നപ്പോൾ ഞാൻ ഒരു കാര്യം മനസ്സിലാക്കി.

എന്റെ കാലിലെ വേദനയും നീരും അപ്രത്യക്ഷമായിരിക്കുന്നു. ■

കവിത



ശോഭ മക്കട





# പ്രകൃതിയുടെ വികൃതി

**തോരാത്ത മഴയിൽ**
**ദുരിതംവിതച്ചുകൊ–**
**ണ്ടാർത്തലച്ചെത്തി–**
**വിനാശകാരിയാം പ്രളയം**
**കൂടെ ഉരുൾപൊട്ടലും–**
**നാടിനെ കഠിനമായാക്രമിച്ചു.**
**വീടും മേടും തകർത്തെറിഞ്ഞു**
**എത്രയോ ജീവൻ ഞെരിച്ചുകൊന്നു.**
**ജീവൻ തിരികെ ലഭിച്ചവർക്ക്**
**അതുവരെ ഉണ്ടായിരുന്നതും**
**സ്വന്തമായിരുന്നതും നഷ്ടമായി.**
**എല്ലാം പ്രളയം വിഴുങ്ങി**
**ഈ നഷ്ടങ്ങളെല്ലാം**
**നേട്ടങ്ങളാവാൻ, മർത്ത്യൻ**
**ഇനിയെത്രകാലം**
**പ്രകൃതിയോട് മല്ലടിക്കേണം**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

പുസ്തക പരിചയം

# വെള്ളൻ: കറുത്തവന്റെ ദൈവം



ഗംഗാധരൻ അയനിക്കാട്

വെള്ളൻ ദൈവം എന്ന മുണ്ട്യാടി ദാമോദരന്റെ നോവലിനെക്കുറിച്ചുള്ള ആസ്വാദനം

ഒരു ദേശത്തിന്റെ ചൊൽക്കഥകളിലും തോറ്റങ്ങളിലും ആവിഷ്കൃതമാകുന്ന ജീവിതചിത്രങ്ങളെ ചരിത്രാന്വേഷകന്റെ വിശകലനത്വരയോടെ പുനർസൃഷ്ടിച്ചുകൊണ്ട് പതിതരായ ഒരു സമുദായത്തിന്റെ ജീവിതത്തേയും വിശ്വാസസംഹിതകളേയും ആചാരാനുഷ്ഠാനങ്ങളേയും പുതിയകാലത്തിന് പരിചയപ്പെടുത്തുകയാണ്ശ്രീ മുണ്ട്യാടി ദാമോദരൻ 'വെള്ളൻദൈവം' എന്ന നോവലിലൂടെ. വടക്കൻ മലബാറിൽ പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അങ്കച്ചേകവരായ തച്ചോളി ഒതേനന്റെയും സാമൂതിരിയുടെ വിശ്വസ്തനായ കോട്ടക്കൽ കുഞ്ഞാലി മരക്കാരുടേയും സമകാലികനായി അതേ ദേശത്ത് ജീവിച്ചിരുന്ന; ആയോധനകലകളിലും മെയ്യഭ്യാസങ്ങളിലും ഒടിമറയൽപോലുള്ള മാന്ത്രികവിദ്യകളിലും പ്രഗത്ഭനായിരുന്ന; വെള്ളൻ എന്നപുലയയുവാവ് ആയോധനകലകളുടെ പരിശീലനത്തിലൂടെയും സുവിശേഷ ഭാഷണങ്ങളിലൂടെയും തന്റെ സമുദായാംഗങ്ങളിൽ ആത്മീയമായ ഉണർവ്വും ആത്മവിശ്വാസവും വളർത്തി സമുദായത്തെ ഉദ്ധരിക്കാൻശ്രമിക്കുന്നതാണ് 'വെള്ളൻദൈവ'ത്തിന്റെ കാതലായഅംശം. ആദ്യം തനിക്ക് പിതാവിനെ നഷ്ടപ്പെടുത്തുകയും തന്റെ കുടുംബത്തെ അനാഥമാക്കുകയും ചെയ്ത തേവൻമടത്തിൽ കോയ്മയോട് പ്രതികാരം ചെയ്യുക എന്ന വൈയ്യക്തിക പ്രശ്നവുമായി ആയോധനകലകൾ പഠിക്കാൻ തീർത്ഥാടന തുല്യമായ യാത്ര തുടങ്ങിയ വെള്ളൻ പിന്നീട് അത്തരം ചിന്തകളെ വെടിഞ്ഞ് സാത്വികനായ സമുദായ ഉദ്ധാരകനായി ഉയർന്നപ്പോൾ ആ പതിത ജനങ്ങൾ അദ്ദേഹത്തിന് പതിച്ചു നൽകിയ പേരാണ് വെള്ളൻതൈവം.



തേവൻമടത്തിൽ കോയ്മയുടെ അടിയാളരുടെ കൂട്ടത്തിൽപ്പെട്ട ഒരു പുലയനായിരുന്നു കാവുന്തായക്കുനി താഴത്ത് ചോയ്യൻ. കോയ്മയുടെ ഏറ്റവും അദ്ധ്വാനിക്കുന്ന പണിക്കാരിൽ ഒരുവൻ. കോയ്മയുടെ പറമ്പിൽ കിളയ്ക്കുമ്പോൾ ഒരു ഓട്ടുമുരുടയും അതിൽ കുറേ സ്വർണ്ണനാണയങ്ങളും കിട്ടുന്നു. മുരുടയ്ക്കകത്ത് മണ്ണിൽ പുതഞ്ഞുകിടന്ന സ്വർണ്ണനാണയങ്ങൾ ആദ്യം കാണുന്നത് ചോയ്യന്റെ ഭാര്യ കൊറുമ്പിയാണ്. പറമ്പിലെ കിള കഴിഞ്ഞ് വന്നശേഷം മുരുട തന്റെ കോയ്മക്ക് കൊണ്ടുകൊടുക്കാൻ തീരുമാനിച്ചതായിരുന്നു ചോയ്യൻ. എന്നാൽ അതിനു മുന്നെ കൊറുമ്പിയുടെ പക്കൽ മുരുടയും സ്വർണ്ണവും കണ്ട കള്ളുചെത്തുകാരനായ രാമോട്ടി നയത്തിൽ അത് കൈവശപ്പെടുത്താൻശ്രമിച്ചുവെങ്കിലും കൊറുമ്പി കൊടുത്തില്ല. ഇതിന്റെ പേരിൽ ചോയ്യനും രാമോട്ടിയും തമ്മിൽതെറ്റുകയും ചോയ്യൻ തേവൻമടത്തിലെ കോയ്മയെക്കുറിച്ച് ഞായക്കേട് പറഞ്ഞെന്ന് കോയ്മയോട് രാമോട്ടി ഏഷണി പറയുകയും ചെയ്യുന്നു. കുപിതനായ കോയ്മ പരിസരദേശങ്ങളിലെ കോയ്മകളുമായി കൂടിയാലോചിച്ച് ചോയ്യനെ കൊല്ലാൻ തീരുമാനിക്കുകയും ചെയ്യുന്നു. എന്നാൽ മരണമുഖത്തുനിന്നുള്ള ചോയ്യന്റെ അപ്രതീക്ഷിതമായ തിരോധാനം കോയ്മകളെ ഇളിഭ്യരാക്കുകയും അവരുടെ പ്രതികാരം ചോയ്യന്റെ കുടുംബത്തിലേക്ക് തിരിയുകയും ചെയ്തപ്പോൾ ഗത്യന്തരമില്ലാതെ കൊറുമ്പിയ്ക്കും അവരുടെ വളർച്ചമുറ്റാത്ത കുഞ്ഞുങ്ങൾക്കും ഓടി രക്ഷപ്പെടേണ്ടിവന്നു.

ചോയ്യന്റെ നാലുമക്കളിൽ മൂത്തവനായിരുന്നു വെള്ളൻ. പുലയരുകണ്ടിയിൽ വന്ന് താമസമാക്കിയപ്പോൾ പതിനാല് വയസ്സുള്ള വെള്ളൻ വല്യാട്ടിൽ കോയ്മയുടെ വളപ്പിൽ പണിക്ക് പോയിതുടങ്ങി. വല്യാട്ടിൽ കോയ്മയുടെ മകളും സമപ്രായക്കാരിയുമായ ഉണിച്ചിരുതക്കുട്ടിമാളു വെള്ളനോട് തോന്നുന്ന ഇഷ്ടം അവരെ അരുതാത്ത ബന്ധത്തിലേക്ക് നയിക്കുകയും അത് കോയ്മയുടെ ഭാര്യയുടെ കണ്ണിൽപ്പെടുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് വെള്ളനെ രഹസ്യമായി വധിക്കാൻ പദ്ധതിയിട്ടതറിഞ്ഞ് ഉണിച്ചിരുതക്കുട്ടിമാളു വെള്ളനോട് കാര്യം പറഞ്ഞ് അവനോട് രക്ഷപ്പെടാൻ പറയുന്നു. വെള്ളന്റെ ഒരിക്കലും അവസാനിക്കാത്ത യാത്രകളുടെ യഥാർത്ഥ തുടക്കം ഇവിടെയാണെന്ന് പറയാം. പൊന്നാപുരം കോട്ടയിലും കല്ലടിക്കാടൻ നീലിയുടെ സങ്കേതത്തിലും വർഷങ്ങളോളം താമസിച്ച് സകലവിധ ആയോധനമുറകളും മാന്ത്രികസി

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ദ്ധികളും വശത്താക്കി നാട്ടിൽ തിരിച്ചെത്തിയ വെള്ളൻ; പൊലയറുകണ്ടിയിലെ വീട്ടിൽ ക്ഷീണിച്ച് അവശരായി, കണ്ടാൽ അറിയാത്ത കോലത്തിൽ ആയിപ്പോയ അമ്മയേയും സഹോദരങ്ങളേയുമാണ് കാണുന്നത്. കൊറുമ്പിയും കുടുംബവും താമസിക്കുന്ന ഇടം കണ്ടെത്തിയ തേവൻമടത്തിലെ കോയ്മ, കൊറുമ്പിക്കുംമക്കൾക്കും യാതൊരുവിധ പണിയും തൊരവും വല്ലിയും കൊടുക്കരുതെന്ന അന്ത്യശാസനം പുറപ്പെടുവിച്ചതിന്റെ പരിണിതഫലമായിരുന്നു അവരുടെ അവശതയ്ക്ക് കാരണം എന്ന് മനസ്സിലാക്കിയ വെള്ളൻ, എത്ര കാലമാണോ കോയ്മ പണിയും വല്ലിയും നിർത്തലാക്കിയത് അത്രയുംകാലത്തെ നെല്ലുമുഴുവൻ പിടിച്ചെടുത്ത് പൊലയറുകണ്ടിയിൽ എത്തിച്ചു. പരാജിതനായ കോയ്മ വെള്ളനെ വകവരുത്താനായി അങ്കച്ചേകവരായ സാക്ഷാൽ ഒതേനന്റെ സഹായം തേടുന്നു. ഇരുപത്തെട്ടു കോട്ട പിടിച്ച ഒതേനക്കുറുപ്പിന്റെ വാളിനും ഉറുമിയ്ക്കും വെള്ളനെ തൊടാനായില്ലെന്ന് മാത്രമല്ല തന്റെ മാന്ത്രികസിദ്ധികളിലൂടെ ചുട്ടകോഴിയെ പറപ്പിച്ചും നായായും പൂച്ചയായും ഒടിമറഞ്ഞും പൊടുന്നനെ അപ്രത്യക്ഷനായും പ്രത്യക്ഷനായും ഒക്കെ ഒതേനന്റെ മനോവീര്യം തകർത്തു തരിപ്പണമാക്കി.

പരാജിതനായി മടങ്ങിയ ഒതേനൻ പിന്നീട് വെള്ളനെ തന്റെ തറവാട്ടിലേക്ക് ആദരപൂർവ്വം ക്ഷണിച്ച് സൽക്കരിക്കുകയും ചെയ്യുന്നുണ്ട്. തനിക്ക് പറ്റിയ പരാജയം തൽക്കാലം ആരും അറിഞ്ഞില്ലെങ്കിലും വൈകാതെ അത് നാട്ടിൽ അറിയും എന്നും ആയതിനാൽ വലിയൊരു അപമാനത്തിൽനിന്നും തന്നെ രക്ഷിക്കാൻ വേണ്ടി തൽക്കാലം നാട്ടിൽനിന്നും ഒന്നു മാറി നിൽക്കണമെന്നും ഒതേനൻ പറഞ്ഞപ്പോൾ അത് സ്വീകരിച്ച വെള്ളൻ, വെടിയേൽക്കാത്ത ഉറുക്ക് സമ്മാനമായി ഒതേനനു നൽകിക്കൊണ്ടാണ് അവിടെനിന്ന് മടങ്ങുന്നത്. തൽക്കാലം വീട്ടിൽനിന്നും മാറി നിൽക്കാൻ വേണ്ടിയുള്ള യാത്രയ്ക്കിടയിലാണ് അജ്ഞാതരായ ശത്രുക്കളുടെ വീടാക്രമണത്തിൽനിന്നും രക്ഷപ്പെട്ട ഇരിങ്ങൽ കോയ്മയുടെ മകൾ ഗോമതിയെന്ന കൗമാരക്കാരി വെള്ളന്റെയടുക്കൽ ചെന്നെത്തുന്നത്. ചരിച്ചിൽ പള്ളിയുടെ അടുത്തുള്ള കാട്ടിലെ ഈന്തവള്ളിയും മറ്റും വെട്ടിത്തെളിച്ച് കൂരക്കെട്ടി അവർ ഭാര്യാഭർത്താക്കന്മാരായി കഴിഞ്ഞു. അകലാപ്പുഴയുടെ തീരത്തെ ആ ജീവിതം വെള്ളന് ഉപേക്ഷിക്കേണ്ടിവരുന്നത് മക്കളായ ചെക്കനും ചെറിയേക്കനും എഴുത്തുപള്ളിക്കൂടത്തിൽ പോയിത്തുടങ്ങിയതോടെയാണ്. ചൊല്ലിപ്പഠിത്തത്തിനും നിലത്തെഴുത്തിനും ശേഷം ഓലയിൽ എഴുതിത്തുടങ്ങുന്ന കാലത്ത് പനയോലയ്ക്ക് പകരം അവർ പള്ളിക്കൂടത്തിലേക്ക് കൊണ്ടുപോയത് കൈതോലയായിരുന്നു. കൈതോലബന്ധം പുലർത്തുന്നത് പുലയന്മാരാണ്. തന്റെ സ്വത്വം വെളിപ്പെടുന്നതോടെ കുട്ടികളുടെയും ഗോമതിയുടെയും ജീവിതം മറ്റൊരു ദിശയിലേക്ക് മാറും എന്ന് മനസ്സിലാക്കിയ വെള്ളൻ അവരെ അവിടെ വിട്ട് തന്റെ പ്രയാണം തുടരുന്നു. അവിടെനിന്ന് കൂരിയാൽ കടപ്പുറത്തെത്തി. കൂരിയാൽ കടപ്പുറത്ത് ഉറ്റവരും ഉടയവരുമില്ലാത്തവരായി കഴിഞ്ഞ ചാക്കമ്മ എന്ന യുവതിയും കൗമാരത്തിലെത്തി നിൽക്കുന്ന അവളുടെ സഹോദരി ചെറിയേണ്ണും വെള്ളന് അവരുടെ കൂരയിൽ അഭയം നൽകി. വെള്ളൻ ചാക്കമ്മയ്ക്ക് ഭർത്താവും ചെറിയേണ്ണിനു പിതാവുമായി അവിടെ കഴിഞ്ഞു. ചാക്കമ്മയിൽ അയാൾക്ക് രണ്ട് കുട്ടികൾ ഉണ്ടായി. അവിടെവെച്ച് താനാരാണെന്ന് വെളിപ്പെടുത്തേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുമെന്ന് ഭയന്നതിനാലും തന്റെ ഒളിവാസം നിർത്താൻ കാലമായിട്ടില്ലെന്ന് തോന്നുകയാലും ചാക്കമ്മയേയും കുട്ടികളെയും കൂരിയാൽ കടപ്പുറത്ത് വിട്ട് പ്രയാണം തുടരുന്നു. യാത്രക്കിടയിൽ പണ്ട് വാഴയിൽ ദേവി അയിത്തപ്പെട്ടുപോയ കുണ്ടിനടുത്തെത്തിയ വെള്ളൻ അവിടെയൊരു കുടിലിൽ ഒറ്റയ്ക്ക് കഴിയുന്ന കൊറുമ്പി എന്ന യുവതിയെ കണ്ട് 'നീയെന്താണ് ഇവിടെ ഒറ്റയ്ക്ക്? എന്നു ചോദിച്ചു. അപരിചിതനെ കണ്ട് ഭയപ്പെട്ട യുവതി ബഹളം വെച്ചതുകൊണ്ട് ദേശത്തിന്റെ ഉടയോനായ ഊരവട്ടത്തിൽ കോയ്മയുടെ ആൾക്കാർ ഓടിയെത്തുകയും 'ഒറ്റയ്ക്ക് കഴിയുന്ന പുലയിപ്പെൺകൊടിയുടെ ചാരെ ചെന്ന പുരുഷനായ വെള്ളനെകൊണ്ട് അവളെ വിവാഹം കഴിപ്പിക്കുകയും ചെയ്തു. വാഴയിൽ കൊറുമ്പിയെ എടുത്തതിലൂടെ (വിവാഹം കഴിച്ചതിലൂടെ) വാഴയിൽ ഭഗവതിയുടെ സേവകനായി തീർന്ന വെള്ളൻ തന്നിൽ രൂഢമൂലമായിരുന്ന ആത്മീയതയെ ഉണർത്താനുള്ള ഒരിടം അതുവഴി കണ്ടെത്തി. വാഴയിൽ ഭഗവതിയോട് തമ്പുരാക്കന്മാർക്കുള്ള പ്രത്യേക പരിഗണനകളെ തിരിച്ചറിഞ്ഞ് അവിടെ കളരികളും മറ്റും സ്ഥാപിച്ച് പുലയക്കുട്ടികളെ ആയോധനകല അഭ്യസിപ്പിക്കുകയും ഒപ്പം സുവിശേഷപ്രസംഗങ്ങളിലൂടെ അവരെ ബോധവൽക്കരിക്കുകയും ചെയ്തു. വെള്ളന് കൊറുമ്പിയിൽ നാല് ആൺമക്കൾ പിറന്നു. അവർ വളർന്നു. ആയോധനകലകളിൽ അഗ്രിമ സ്ഥാനങ്ങളിലെത്തി.

കൊടുങ്ങല്ലൂർ തമ്പുരാന്റെ പ്രീതി നേടിയ വെള്ളന് അയാൾ പെരുമാറിവരുന്ന ഏഴരക്കണ്ടി പറമ്പ് സ്ഥലം ഊരവട്ടത്തെ കോയ്മയെക്കൊണ്ട് ദാനമായി എഴുതിച്ചു തമ്പുരാൻ. കൂടാതെ വിയ്യൂർ, പുളിയഞ്ചേരി, മൂടാടി, പുറക്കാട്ട്, പള്ളിക്കര വരെ വരുന്ന മുചുകുന്ന് ദേശത്തിലെ സ്വജാതി അവകാശവും വെള്ളന് ലഭിച്ചു. ചുരുക്കത്തിൽ പുലയസമുദായത്തിന്റെ നിയമനിർമ്മാതാവും ആത്മീയഗുരുവും ഒക്കെയായി വെള്ളൻ മാറുന്നു. വെള്ളനെ 'വെള്ളൻ മുത്തപ്പൻ' എന്നവർ വിളിച്ചു. മക്കൾക്ക് പ്രായപൂർത്തി ആയപ്പോഴാണ് വെള്ളന്റെ കുലത്തെക്കുറിച്ച് മക്കൾ അമ്മയോട് അന്വേഷിക്കുന്നത്. അമ്മയുടെ കുലം മുള്ളമ്പുറിച്ചിയാണ്. നടീരിയൻ, മൂലത്തൻ, മാർപാടൻ, റാക്കൊടിയൻ, മമ്മിളിയൻ, വെങ്ങത്തൻ, തച്ചക്കുടിയൻ, കുന്നത്തൻ തുടങ്ങിയവയാണ് മറ്റു കുലങ്ങൾ. സഗോത്രവിവാഹം നിഷിദ്ധമാണ്. വെള്ളൻ മുള്ളമ്പറനാണെങ്കിൽ കൊറുമ്പിയുമായുള്ള ബന്ധം അഗമ്യഗമനം (Incest) ആയി കണക്കാക്കപ്പെടും. കുലം നോക്കാതെ വിവാഹം കഴിച്ച അച്ഛനും അമ്മയും കുറ്റവാളികളാണെന്ന്

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode


മക്കൾ വിലയിരുത്തുകയും അതിനുള്ള ശിക്ഷയായി പിതാവിനെ തന്ത്രത്തിൽ വെട്ടികൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. എൺപതുവയസ്സിന്റെ അവശത ഉണ്ടെങ്കിലും ഒടിമറഞ്ഞ് പൂച്ചയായും നീർനായ ആയും ചെത്തലപ്പട്ടിയായും രൂപങ്ങൾ മാറി മാറി അവിടെനിന്ന് രക്ഷപ്പെട്ടു. പൊന്നരിനാട്ടിൽ എത്തിച്ചേർന്ന വെള്ളൻ അവിടെ 'ഇരുന്നുകൂടി'. ആത്മീയ ഗുരുവായി, വെള്ളൻ തൈവമായി. ഒരുനാൾ തന്റെ പ്രബോധനങ്ങൾക്കിടയിൽതന്നെ ഏവരെയും ദുഃഖത്തിലാഴ്ത്തി വെള്ളൻ ജീവിതത്തിൽ നിന്നും മറയുന്നു.

പുലയ സമുദായക്കാരുടെ ഒരു കാലത്തെ ദുഃഖപൂരിതമായ ജീവിതത്തെ ഭംഗിയായി വരച്ചുകാട്ടുന്നുണ്ട് നോവലിസ്റ്റ്. രാവന്തിയോളം വയലിൽ പണിതിട്ടും വിശപ്പും ദാരിദ്ര്യവും കൊടിയ മർദ്ദനവും സഹിക്കേണ്ടി വരുന്ന നിർഭാഗ്യവാന്മാർ. ദുരിതപൂർണ്ണമായ അവരുടെ ജീവിതാവസ്ഥയ്ക്ക് കാരണം അവരുടെ ജനിതക ധാരയിൽ രൂഢമൂലമായിക്കിടന്ന ചില വിശ്വാസപ്രമാണങ്ങൾ കൊണ്ടാണെന്ന് കാണാം. തങ്ങളെ ദൈവം സൃഷ്ടിച്ചത് ജന്മിക്കുവേണ്ടി രാവന്തിയോളം പണിചെയ്യുന്നതിന് വേണ്ടിയാണെന്നും കൂലി ചോദിക്കാൻ തങ്ങൾക്ക് അവകാശമില്ലെന്നും ജന്മിക്ക് ലാഭമുണ്ടാക്കൽ മാത്രമായിരിക്കണം തങ്ങളുടെ ലക്ഷ്യമെന്നും അവർ വിശ്വസിച്ചു. കാലാകാലങ്ങളിലായി ജന്മിമാർക്ക് അവരോടുണ്ടായിരുന്ന സമീപനങ്ങളിൽ നിന്നും അവർ തങ്ങളെക്കുറിച്ച് രൂപീകരിച്ചെടുത്ത വിശ്വാസമായിരുന്നു അത്. കൈക്കോട്ടും കലപ്പയും പോലെ ഒരു പണിയായുധം മാത്രമാണ് പുലയനെന്നും അപ്രീതി തോന്നുമ്പോൾ അവരെ തല്ലാനും കൊല്ലാനും തങ്ങൾക്ക് അവകാശമുണ്ട് എന്നും ഒരു ബോധ്യം ജന്മിമാർ പുലയർക്കിടയിൽ ഉണ്ടാക്കിയിരുന്നു.

ഫോക്‌ലോർ ഗവേഷകർക്കും മറ്റും ഏറെ സഹായകമാണ് ഈ നോവൽ. പുലയസമുദായത്തിന്റെ കാർഷിക ജീവിതത്തെക്കുറിച്ച് ഇതിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. കൃഷിക്ക് മണ്ണൊരുക്കുന്ന രീതി, നെല്ല് നടുന്ന വിധം, പായമെടയുന്നത് ഒക്കെ വിശദമായിത്തന്നെ പറഞ്ഞുവെക്കുന്നുണ്ട്. വൈവാഹിക ചടങ്ങുകൾ, പൊലയടക്കമുള്ള മരണാനന്തര ചടങ്ങുകൾ,തളി, പാലുകുടി, തൊണ്ണൂറാം രാവ് തുടങ്ങിയ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചൊക്കെ വിശദമായി പറഞ്ഞിട്ടുണ്ട് വെള്ളൻദൈവത്തിൽ. കൂടാതെ കളരി, ഒടിവിദ്യ, തുടങ്ങിയ ആയോധനകലകളെക്കുറിച്ചും മാന്ത്രികസിദ്ധികളെക്കുറിച്ചും വിശദമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്.

ഒരുകാലത്ത് ഒരു സമുദായം കടന്നുപോയ ജീവിതത്തിന്റെ നേർ സാക്ഷ്യങ്ങൾ എന്ന നിലയിൽ ചരിത്രത്തിൽ ഇടം പിടിക്കേണ്ടനോവലാണ് വെള്ളൻ ദൈവം. ■

കവിത



ശ്രീധരനുണ്ണി

# പെട്ടിയെപ്പറ്റി ഒരു പാട്ടു കഥ

വഴിയെ നടന്നു ഞാൻ പോകും നേരം
പഴയൊരുപെട്ടി കളഞ്ഞു കിട്ടി.
നിറമറ്റ പെട്ടി നിറഞ്ഞ പെട്ടി
ചെളിയിൽ പുതഞ്ഞു കിടന്ന പെട്ടി.
പെട്ടിയിലെന്തൊക്കെയായിരിക്കും
പെട്ടി തുറക്കുവാനെന്തു ചെയ്യും?
പെട്ടമേൽ കോറിയോരക്ഷരങ്ങൾ
കൂട്ടി വായിക്കുവാനാരുപോരും?
മലയാളമല്ല, തമിഴുമല്ല
കുല ദൈവത്താരുടെ ഭാഷയല്ല.
പരദേശികൂറുന്ന ഭാഷയല്ല
കിളിയുടെ പുഴയുടെ ഭാഷയല്ല.
പള്ളിക്കൂടത്തിലെ വാധ്യാരോടും
പള്ളിക്കകത്തുള്ള ചാസിയോടും
പള്ളിയിൽ പാതിരിയച്ചനോടും
തുള്ളുന്നക്കോമരക്കാരനോടും
പെട്ടിമേൽ കോറിയോരക്ഷരങ്ങൾ
വായിച്ചെടുക്കാൻ പറഞ്ഞു നോക്കാം.
ഏതൊരു താക്കോലിതിന്നു പോരും
ആരുടെ കയ്യാൽ തുറക്കാറാവും
അന്നേരമാരവം കേൾക്കായ്‌വന്നു
അജ്ഞാതമാമൊഴി കേൾക്കായ് വന്നു
പെട്ടി തുറക്കുവാൻ നോക്കവേ
പെട്ടിയിലുള്ളതോ നീ താനല്ലോ.
നിന്റെ പിതാക്കന്മാർ തന്ന പെട്ടി
നീതന്നെ കാക്കണം നല്ല പെട്ടി.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ലേഖനം



# വൻരീതിയിൽ തീരദ്ദേശനിയമലംഘനം നടക്കുന്നതിന് സാധ്യത കൂടുമോ?

വിനോദ്കുമാർ ദാമോദർ



തീരദേശനിയമം-2011 ഇളവ് ചെയ്യുവാനുള്ള സംസ്ഥാന സർക്കാറിന്റെ തുടർച്ചയായ ആവശ്യം കണക്കിലെടുക്കാമെന്ന നിലപാടിലാണിപ്പോൾ കേന്ദ്രമെത്തിയിരിക്കുന്നത്. എന്നാൽ മുക്കുവ സമൂഹം വളരെയധികം ആശങ്കയിലാണ് കഴിയുന്നത്. തീരദേശനിയമം 1991 ൽ നിലവിൽ വന്നപ്പോൾ തന്നെ എന്തുദ്ദ്യേശത്തിലാണത് വന്നത് ആ ഉദ്ദ്യേശശുദ്ധി ഇല്ലാതാക്കുന്ന തരത്തിലാണത് കൊണ്ടുവന്നത്. അതിന്റെ തെളിവുകളാണ് തീരങ്ങളുടെ അടുത്ത് റിസോർട്ടുകൾ വന്നത്.


ഇങ്ങനെ വന്ന പല നിർമ്മാണങ്ങളും നിയമവൽക്കരിക്കാൻകൂടെയാണ് പുതിയ നിയമത്തിൽ ടൂറിസം പുരോഗമനത്തിനായി നിയമ ഇളവ് വരുത്തിയെതെന്നാണ് പരിസ്ഥിതി പ്രവർത്തകർ പറയുന്നത്.

ഇപ്പോൾ അനുവദിച്ചിരിയ്ക്കുന്ന പുതിയ നിയമത്തിന്റെ കരട് രേഖയിൽ കണ്ടത് ഇപ്പോഴത്തെ അനധികൃത ടൂറിസം പദ്ധതിയിൽ വന്ന നിയമലംഘനം ഇല്ലാതാക്കാൻ ശ്രമിയ്ക്കുന്ന കാഴ്ചയാണെന്ന് പരിസ്ഥിതി സ്നേഹികൾ പറയുമ്പോൾ അതു വിശ്വസിയ്ക്കാതിരിയ്ക്കുവാൻ കഴിയില്ല.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റെയിനബിൾ മാനേജ്മെന്റ് വേലിയേറ്റമെന്ന് പറഞ്ഞ് കാണിച്ച രേഖതന്നെ വീണ്ടും പഠനം നടത്തി തീരുമാനിക്കേണ്ട കാര്യമാണെന്ന് ഇവർ വിലയിരുത്തുന്നു. എന്നാൽ സ്വന്തമായി ആകെയുള്ളത് (അപകടകരമാണെങ്കിൽ തന്നെ)കടൽതീരമായ മുക്കുവർക്ക് ചെറിയവീടുവെയ്ക്കാൻ അനുവാദമില്ലാതെ അതേ സ്ഥലത്ത് ടൂറിസം വികസനം പ്രത്യേകം ശ്രദ്ധേയവുമാകുന്നു.

ദി സെന്റർ ഫോർ പോളിസി റിസർച്ച് എന്ന ന്യൂഡൽഹി അടിസ്ഥാനമാക്കിയുള്ള ഒരു സംഘനയ്ക്ക് വിവരാവകാശ നിയമം അനുസരിച്ച്തന്നെ കിട്ടിയ വിവരങ്ങൾ കിട്ടാൻ തന്നെ വളരെ സമയമെടുത്തു എന്നുള്ളത്തന്നെ ഈ കാര്യത്തിൽ വളരെ സംശയം ഉണ്ടാക്കുന്ന പ്രക്രിയകളാണ് കണ്ടുവരുന്നത്.

ഒരുകാലത്ത് കൊച്ചി പോലുള്ള നഗരത്തിൽ കണ്ടിരുന്ന പല കായൽ കണക്കേയുള്ള പ്രദേശങ്ങളുടെ കരയിലെ വൻ കെട്ടിടങ്ങളിൽ പലതും നിയമങ്ങളുടെ ലംഘനംമൂലം ഇന്ന് കോൺക്രീറ്റ് വനങ്ങളായിമാറി. ഇവിടെനിന്നും



തള്ളുന്ന മാലിന്യങ്ങൾ മുഴുവൻ വെള്ളക്കെട്ടുകളെ ഇല്ലാതാക്കി. കർശനമായ തീരദേശനിയമങ്ങൾ നിലവിലുള്ള സമയത്താണിസ്ഥിതി നിലനിൽക്കുന്നത്. തീരദേശനിയമ പ്രകാരം കടലാമകൾ കൂട്ടമായിവരുന്ന സ്ഥലങ്ങൾ, ഇവ മുട്ടയിടാനുപയോഗപ്പെടുത്തുന്ന സ്ഥലങ്ങൾ തുടങ്ങിയവയും കണ്ടൽ കാടുകൾ വളരുന്ന സ്ഥലങ്ങളും തീരദേശനിയമംസോൺ 1 ൽ സംരക്ഷിതമായതിനാൽ പുതിയ നിയമം ഇവയെ ബാധിക്കുമോയെന്ന സംശയത്തിലാണ് പരിസ്ഥിതി വാദികൾ.

ഇങ്ങനെയെങ്കിൽ ഇപ്പോൾ തന്നെ തണുപ്പുകാലത്തെത്തുന്ന അംഗപരിമിതിയിലേക്ക് ചുരുങ്ങുന്ന കടലാമകളുടെ വരവ് പൂർണ്ണമായും നിലയ്ക്കും. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

മിനികഥ



സുഭാഷ് ആറ്റുവാശ്ശേരി

# ബോധവൽക്കരണം

എലിപ്പനിയുടെ ബോധവൽക്കരണ പരിപാടി ഉൽഘാടനം ചെയ്ത് പ്രസംഗിക്കാൻ എത്തിയ നേതാവിനെ നാട്ടുകാർ ഊഷ്മളമായി സ്വീകരണത്തോടെ എതിരേറ്റു. സമയ ദൗർലഭ്യം കാരണം ഉൽഘാടനം നടത്തി നേതാവ് തന്റെ പ്രസംഗം തുടങ്ങി.

പണ്ടത്തെപ്പോലെ നമ്മൾ ഓരോരുത്തരും വീടുകളിൽ എലിയുടെ ശത്രുവായ ജന്തുക്കളെ വളർത്തണം. എങ്കിൽ എലികൾ ഇല്ലാതായി മഹാവ്യാധിയെ തടയാൻ നമുക്കു സാധിക്കും.

പെട്ടെന്ന് സദസിൽ നിന്നും ഒരാൾ ചാടിഎഴുന്നേറ്റു.

നേതാവേ പണ്ടത്തെപ്പോലെ പൂച്ചയെ വളർത്തിയിട്ടു കാര്യമില്ല. എലിയും പൂച്ചയും ഇപ്പോൾ ശത്രക്കളല്ല. ടോം ആന്റ് ജെറി കണ്ടവർ ചങ്ങാതിമാരായി മാറി. കാലത്തിന്റെ ഒരു പോക്കേ. വേറെ വല്ലതും പറഞ്ഞുതാ.

നേതാവിന്റെ സ്വരം മുറിഞ്ഞു. വാക്കുകൾ കിട്ടാതെ അയാളെത്തന്നെ അതിശയത്തോടെ നോക്കിനിന്നു.

പെട്ടെന്ന് മറ്റൊരാൾ സദസിൽ നിന്നും എഴുന്നേറ്റു. നേതാവേ എലിയുടെ ശത്രു പൂച്ച മാത്രമല്ലാ. ഒരാൾ കൂടിയുണ്ട്. പാമ്പ്. അവർ ഇതുവരെ ഒരു കരാറും ഉണ്ടാക്കിയിട്ടില്ല. ഇപ്പോഴും പാക്കിസ്ഥാനും ഇന്ത്യയുംപ്പോലെ ശത്രുക്കൾ തന്നെയാണ്. അതുകൊണ്ട് എലിയെ പിടിയ്ക്കാൻ ഓരോ പാമ്പിനെ വീടുകളിൽ വളർത്തട്ടേ?



നേതാവ് വിയർക്കാൻ തുടങ്ങി. എന്ത് പറയണം എന്നറിയാതെ ഇരുപ്പിടത്തിലേക്ക് വന്നിരുന്നു.

എല്ലാം കേട്ടിരുന്ന നാട്ടുകാരിൽ പ്രമുഖനായ ഉല്ലാസ് മാഷ് എഴുന്നേറ്റ് നേതാവിന് നമസ്ക്കാരം പറഞ്ഞുകൊണ്ട് ചില വാക്കുകൾ ഉരുവിട്ടു.

നമ്മുടെ രാജ്യത്തിൽ മനുഷ്യർ മാത്രമാണ് ശത്രുത വളർത്തിയും, കൊന്നുതള്ളിയും, ബലാൽസംഗം ചെയ്തും, കൊള്ളനടത്തിയും നടക്കുന്നുള്ളു. മറ്റ് പക്ഷിമൃഗാദികൾ അവരവരുടെ വിശപ്പ് മാറ്റാൻ വേണ്ടിയാണ് കൊലകൾ നടത്തുന്നത്. ഒരു മൃഗങ്ങളും, നമ്മൾ മനുഷ്യരെപ്പോലെ ബുദ്ധിഹീനത കാട്ടില്ല. അതുകൊണ്ട് എലികളെ നശിപ്പിക്കുന്നതിനു പകരം ഓടകളും, വീടും, പരിസരവും വൃത്തിയായി വെക്കാൻ ശ്രമിക്കണം. മലിന ജലം കുടിയ്ക്കാതെ തിളപ്പിച്ച വെള്ളം മാത്രം കുടിയ്ക്കുക. അല്ലാതെ എലിയെ കൊല്ലാൻ പൂച്ചയേയോ, പാമ്പിനേയോ വളർത്തീട്ടു കാര്യമില്ലാ. ഒടുവിൽ അതു നമുക്കുതന്നെ വിനയായി മാറും. നമ്മുടെ നേതാക്കൻമാരെപ്പോലെ കൊടുത്തകൈയ്യ്ക്ക് തന്നെ തിരിച്ചു കൊത്തും. മാഷിന്റെ പ്രസംഗം കേട്ട് നേതാവ് ലജ്ജിതനായി വേഗം അടുത്ത യോഗത്തിൽ പങ്കെടുക്കാനായി ആഡംബര കാറിൽ കയറി പാഞ്ഞുപ്പോയി. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ്*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

*കോളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

*അളകാപുരി സ്റ്റേഷനറി,*
പാളയം, കോഴിക്കോട്, ഫോൺ: 9946267474

*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

*ലക്കിബുക്ക്സ്*
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

*അസീസ് സ്റ്റേഷനറി*
*കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,*

*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

*വി.എം. സ്റ്റേഷനറി*
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

*യൂണിക്ക് ബുക്ക് സ്റ്റാൾ*
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502


*അപെക്സ് ബുക്ക് സ്റ്റാൾ,*
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................

*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷരബുക്ക്സ്* (രാമനാട്ടുകര)
*എം. കെ. ബുക്ക്സ്* (രാമനാട്ടുകര)
*ബുക്ക് ലാന്റ്* (രാമനാട്ടുകര)
*അക്ഷര ബുക്ക്സ്,* (രാമനാട്ടുകര)
*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)
*മലയാളി ഫാൻസി* (ഫറോക്ക്)
*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)
*രാജൻ സ്റ്റേഷനറി,* (പൊയിൽകാവ്)
*വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി* (പൊയിൽകാവ്)
*അബുബക്കർ സ്റ്റേഷനറി* (പൂക്കാട്)
*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)
*പ്രതീത സ്റ്റോർ (മിൽമ)* (പന്തീരാങ്കാവ്)
*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)
*ടി.കെ. ഗോപാലൻ സ്റ്റേഷനറി* (പൊറ്റമ്മൽ)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)
*വാസു സ്റ്റേഷനറി* (മാങ്കാവ്)
*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)
*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)
*പ്രമീള സ്റ്റോർ* (കോന്തനാരി)
*കേരളാ സ്റ്റോർ,* 6-ാം മൈൽ, (വെള്ളിപറമ്പ്)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,* (അത്താണിക്കൽ)
*ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി* (വെസ്റ്റ്ഹിൽചുങ്കം)
*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)
*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)
*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)
*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)
*അനിൽ കുമാർ(ബാബു)സ്റ്റേഷനറി* (പുതിയപാലം)
*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*
*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
*രാമദാസ് സ്റ്റോർ,* കല്ലയി റോഡ്,
(നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)
*കെ.എസ്. സ്റ്റേഷനറി& കൂൾബാർ* (കൈമ്പാലം)
*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)
*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ:
04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)
*എം.സി. ആലിക്കോയ,* വ്യാപാരഭവൻ, (മാങ്കാവ്)
*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ചെറുകഥ



# എക്സ്കേർഷൻ

**മഞ്ചേരി ബാലചന്ദ്രൻ**

വ്യഴാഴ്ച രാവിലെ അസംബ്ലികൂടിയപ്പോൾ ഹെഡ്മാസ്റ്റർ എല്ലാ കുട്ടികളോടായി പറഞ്ഞു. "സ്ക്കൂളിൽനിന്ന് വിനോദയാത്ര പോകുന്നുണ്ട്. ഇന്നു വൈകുന്നേരം ക്ലാസ് വിടുന്നതിനു മുമ്പെ പ്രധാന അധ്യാപകൻ ആ വിവരം അതാത് ക്ലാസിൽ പറയും."

അസംബ്ലിയിൽ കൂടിയ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ പരസ്പരം നോക്കി പുഞ്ചിരിച്ചു. കുറേ കാലമായി പ്രകൃതിയിലെ വിവിധകാഴ്ചകൾ കാണാനും പഠിക്കാനും അവസരംലഭിച്ചിട്ട്. ഇപ്പോൾ അത്തരം ഒരു വിനോദ യാത്ര ആരംഭിക്കുകയാണ്.

അപ്പുവിന്റെ മനസ്സിൽ അടങ്ങാത്ത സന്തോഷം തിരതല്ലി. ഹെഡ്മാസ്റ്റർ അസംബ്ലിയിൽ പറഞ്ഞ വിവരങ്ങൾ മാതാപിതാക്കളെ അറിയിക്കണം. ഇതിന് മുമ്പേ എക്സ്കേർഷന് സ്ക്കൂളിൽ നിന്ന് പോയിട്ട് രണ്ട് വർഷം കഴിഞ്ഞിരിക്കുന്നു. അന്ന് വിനോദ യാത്രക്ക് അപ്പുവിന് പോകാൻ കഴിഞ്ഞില്ല. ആ വിഷമം അപ്പുവിന്റെ മനസ്സിലുണ്ട്.

ഒരു വിദ്യാർത്ഥിക്ക് വിനോദ യാത്രകൊണ്ട് എന്താണ് കൂടുതൽ പഠിക്കാനുള്ളത്.

കുറേ അനുഭവങ്ങൾ. പോകുന്ന സ്ഥലത്തെ കുറിച്ച് പൂർണ്ണമായ വിവരങ്ങൾ, കാഴ്ചകൾ. പഠനകാലത്ത് ഒരു എസ്സെ എഴുതാനും, യാത്രാവിവരണം എഴുതാനും പ്രയോജനപ്പെടും. കൂട്ടുകാർ ചോദിച്ചാൽ സന്ദർശിച്ച സ്ഥലത്തെകുറിച്ചും പ്രകൃതിയെകുറിച്ചും പറഞ്ഞു കൊടുക്കാൻ കഴിയും.

അവസാനത്തെ പിരിയേഡ് തുടങ്ങുന്ന സമയത്ത് ക്ലാസ് ടീച്ചർ എക്സ്കേർഷൻ പരിപാടിയെ പറ്റി പറഞ്ഞു."ഞായറാഴ്ച രാവിലെ എട്ടുമണിക്ക് വിനോദ യാത്രക്ക് പോകാൻ തയ്യാറുള്ള കുട്ടികൾ സ്കൂളിൽ വരണം. ബസ് ചാർജ്ജും ഭക്ഷണ ചെലവിനുമായി 500/- രൂപ കൊണ്ട് വരണം."

ആരെല്ലാം വിനോദ യാത്രക്ക് വരുമെന്നറിയാൻ ക്ലാസ് ടീച്ചർ അവരോട് കൈപൊക്കാൻ പറഞ്ഞു. ചിലർ കൈപൊക്കാൻ മടിച്ചു. കാരണം വീട്ടിൽ അച്ഛനമ്മമാരോട് ചോദിച്ച് സമ്മതവും പണവം ലഭിക്കണമല്ലോ. ഒരു ഏകദേശം കണക്കെടുപ്പിന് വേണ്ടിയാണ് ക്ലാസ് ടീച്ചർ അങ്ങനെ പറഞ്ഞത്.

അപ്പു ധൈര്യത്തോടെ കൈപൊക്കി. ക്ലാസിൽ പത്ത് കുട്ടികൾ. മാതാപിതാക്കളുടെ സമ്മതവും പണവും ലഭിക്കാതെ പത്ത് പേരും എണീറ്റ് നിന്ന് ക്ലാസ് ടീച്ചർക്ക് സമ്മതം കൊടുത്തു.



സ്ക്കൂൾ വിട്ട് വീട്ടിലേക്ക് വരുമ്പോൾ അപ്പുവിന്റെ മനസ്സിൽ ഒരു ചോദ്യം അവശേഷിച്ചു. ക്ലാസ് ടീച്ചർ പറഞ്ഞ കാര്യങ്ങൾ ആദ്യം ആരോട് പറയണം? അമ്മയോടൊ, അതോ അച്ഛനോടൊ, രണ്ട് പേരോടും. അമ്മക്ക് ജോലിയും ശമ്പളവും ഇല്ലാത്തതിനാൽ അനുകൂല മറുപടി ലഭിക്കില്ല. അച്ഛന് ജോലി ഇല്ലെങ്കിലും സർവീസ് പെൻഷൻ ലഭിക്കുന്നുണ്ട്. ആപെൻഷൻ കൊണ്ടാണ് കുടുംബം കഴിഞ്ഞ് കൂടുന്നത്.

അച്ഛനിൽ നിന്ന് ഒരു ചെറിയ സംഖ്യ അമ്മ മാസം തോറും സമ്പാദ്യ പെട്ടിയിൽ വാങ്ങി സൂക്ഷിക്കുന്നുണ്ട്. പിന്നെ നാട്ടുകുറി നടത്തുന്നുണ്ട്. ജോലിഇല്ലെങ്കിലും അമ്മക്ക് സേവിംഗ്സ്

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

രംഗം പരിചിതമാണ്.

കഴിഞ്ഞ ക്ലാസ് പരീക്ഷയിൽ ഇംഗ്ലീഷ് വിഷയത്തിന് മാർക്ക് കുറഞ്ഞപ്പോൾ അമ്മ ഉപദേശിച്ചു.

"ഇനി അപ്പു ഇംഗ്ലീഷ് പഠിക്കാൻ റ്റ്യൂഷന് പോയിക്കോ,അല്ലെങ്കിൽ ഇംഗ്ലീഷ് പേപ്പറിന് മാർക്ക് ഉണ്ടാവില്ല. മറ്റ് ഭാഷയിൽ നിലവാരമുണ്ടാകണമെങ്കിൽപഠനത്തിൽ ശ്രദ്ധിച്ചേ പറ്റൂ.

അപ്പുവിനെ പറ്റി അമ്മ അത്രയേ പറഞ്ഞൊള്ളു. ആ ഉപദേശം അപ്പുവിന്റെ മനസ്സിലുണ്ട്. സ്കൂളിൽ നിന്ന് ക്ലാസ്ടീച്ചർ പറഞ്ഞ കാര്യങ്ങൾ അപ്പു അച്ഛനോട് പറഞ്ഞു.

"അച്ഛാ ഞായറാഴ്ച രാവിലെ സ്കൂളിൽ നിന്ന് എക്സ്കേർഷന് പോവുകയാണ്. 500/–രൂപ തരണം."

അച്ഛന്റെ മറുപടി.

"നീ അമ്മയോട് ചോദിച്ചോ?"

"ചോദിച്ചു."

"ന്ന്ട്ട് അമ്മ എന്ത് പറഞ്ഞു?"

"ഒന്നും പറഞ്ഞില്ല."

മൗനം സമ്മതം. അല്ലാതെന്തു പറയാൻ. അമ്മക്ക് കാര്യമറിയാമല്ലോ. അച്ഛനല്ലെ എപ്പോഴും കാശ് തരുന്നത്.

മകന്റെ ഒരാഗ്രഹം നടക്കാനായി അമ്മക്ക് ഒന്നും പറയാനില്ലേ. വേണമെന്നും വേണ്ടായെന്നും തീരുമാനിച്ച് മറുപടി കൊടുത്താലല്ലേ ആവശ്യം നിറവേറുകയുള്ളു.

അച്ഛൻ അകത്ത് പോയി മേശ തുറന്ന് 500/– രൂപയുമായി പുറത്ത് വന്ന് അപ്പുവിന് കൊടുത്തു. എന്നിട്ട് വിനോദ യാത്ര എങ്ങോട്ടാണെന്ന് അറിയാൻ ചോദിച്ചു.

"എവിടേക്കാ എക്സ്കേർഷൻ?"

"നിലമ്പൂരിൽ സ്ഥിതി ചെയ്യുന്ന ലോകത്തിലെ ഏറ്റവും പഴക്കമുള്ള തേക്ക് കാണാനും അവിടെ ചുറ്റുമുള്ള സ്ഥലങ്ങൾ സന്ദർശിക്കാനും..."

അച്ഛന് സന്തോഷമായി. കാരണം ജോലിയിൽ ഇരിക്കുമ്പോൾ നിലമ്പൂരിനെ പ്പറ്റി അച്ഛന് വ്യക്തമായി അറിയാം. കാടും പടലും നിറഞ്ഞ ഏറനാടിന്റെ ഒരറ്റത്ത് വിശാലമായി കിടക്കുന്ന മഞ്ഞണിഞ്ഞ മാമലകൾ ഏക്കർ കണക്ക് വന ഭൂമി. നിലമ്പൂർ കോവിലകത്തിന്റെ ഭൂസ്വത്ത്. വനഭൂമി കുടിയാന്മാർ കൈയ്യേറി സ്വന്തമാക്കിയിരുന്നു. കൃഷി ചെയ്യാൻ പറ്റാത്ത വനഭൂമിയിലേക്ക് തെക്കൻ കേരളത്തിൽ നിന്ന് വീടും സ്ഥലവും വിറ്റ് കുടിയേറി പാർത്തവർ. പ്രകൃതിയിലെ മണ്ണിനെ കൃഷിഭൂമിയാക്കി മാറ്റിയെടുക്കാൻ അവർക്ക് കഴിഞ്ഞിരിക്കുന്നു. മുളയും തേക്കും നിറഞ്ഞ കാടുകൾ. കാടുകളിൽ നിരവധി പുരാതന ക്ഷേത്ര അവശിഷ്ടങ്ങൾ ഉള്ളതായി ചരിത്രഗവേഷകർ പറയുന്നു. പച്ചമരുന്നുകൾ കാട്ടിൽ സുലഭമായി വളരുന്നു. കാട്ടുമൃഗങ്ങളുടെ ശല്യം കൃഷിക്കാർക്ക് പലപ്പോഴും ഒരു ഭീഷണിയായിരുന്നു. നീണ്ടു കിടക്കുന്ന മലനിരകൾ നിറയെ പച്ചപിടിച്ച് കിടക്കുന്ന വൃക്ഷങ്ങൾ. തേക്കിൻ മരങ്ങൾ വളരാൻ പറ്റിയ മണ്ണ്.

കാടിന്റെ ഭംഗി വർണ്ണിക്കാൻ കഴിയില്ല. ശീതകാലത്ത് കോട നിറഞ്ഞ് മലമുകളിൽ സൂര്യകിരണങ്ങൾ പതിച്ച് ദൂരെ വഴികൾ കാണില്ല. തണുത്ത കാറ്റിൽ കിളികളുടെ ശബ്ദങ്ങൾ പ്രകൃതിയെ സംഗീത സാന്ദ്രമാക്കുന്നു.

വഴിക്കടവ് കഴിഞ്ഞാൽ നാടുകാണി ചുരം, പിന്നെ ഗൂഡല്ലൂർ പട്ടണം, അതും കഴിഞ്ഞാൽ തമിഴ്നാട്ടിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ഊട്ടി. പ്രകൃതിരമണീയ സുഖവാസസ്ഥലം. സന്ദർശകർ വിനോദത്തിനായി കണ്ടെത്തുന്ന വിശ്രമസ്ഥലം – വിദേശികളുടെ സന്ദർശന സ്ഥലമായ പറുദീസ.

പച്ചപിടിച്ച് നിൽക്കുന്ന മലനിരകളിൽ, തേക്കിൻ മരങ്ങൾ സമൃദ്ധിയായി വളരുന്നു. അങ്ങകലെ കാടിന്റെ മടിയിൽ കൊച്ചരുവിയായി ഒഴുകി, കളകളാരവം മുഴക്കുന്ന ചാലിയാർ പുഴ. ചാലിയാർ പുഴ ഒഴുകി ഒഴുകി അറബിക്കടലിൽ പതിക്കുന്നു. പ്രകൃതി സ്നേഹികൾക്ക് മനോഹരമായ കാഴ്ചകൾ കണ്ട് ആസ്വദിക്കാനും, അവരുടെ തൂലികയിൽ നിന്ന് സാഹിത്യ സൃഷ്ടികൾ ഉണ്ടാവാനും കഴിയുന്നു. സിനിമയുടെ ചിത്രീകരണം പലപ്പോഴായി നടന്നിരുന്നു.

അച്ഛൻ സ്ഥലങ്ങളെ പറ്റി വിശദീകരിച്ചു. മലപ്പുറം ജില്ലയിലെ കോവിലകങ്ങളിൽ പ്രധാനപ്പെട്ട കോവിലകമാണ് ഏറനാട്ടിലെ നിലമ്പൂർ കോവിലകം. ഏറനാട്ടിലെ മഞ്ചേരി കോവിലകവും, വള്ളുവനാട്ടിലെ മങ്കട കോവിലകവും ഭൂസ്വത്തും അവകാശികളും കൊണ്ടും കുറവാണ്. വർഷത്തിലൊരിക്കലുള്ള വേട്ടക്കൊരുമകൻ ക്ഷേത്ര ഉത്സവത്തിന് ആദിവാസികൾ കുടിലുകൾ വിട്ട് നിലമ്പൂർ പട്ടണത്തിലേക്ക് വരുന്നു. കുലദൈവത്തെ പ്രാർത്ഥിച്ച് വഴിപാട് ചോറും വാങ്ങി വീണ്ടും അവരുടെ കുടിലുകളിലേക്ക് തിരിച്ചു പോകുന്നു. ഉത്സവ ചോറ് ഉണക്കി സൂക്ഷിച്ച് ചികിത്സക്കായി അവർ ഉപയോഗിച്ച് വരുന്നു. അവരുടെ വിശ്വാസത്തിന് യാതൊരു മാറ്റവും വന്നിട്ടില്ല. വേട്ടക്കൊരുമകൻ ക്ഷേത്രത്തിന്റെ അത്യത്തിക്കപ്പുറത്ത് ചാലിയാർ പുഴയുടെ വീതി കൂടിയ കളത്തിൽകടവ് മൈലാടി

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

പാലം വന്നതോടെ ജനങ്ങളുടെ യാത്രാ പ്രസ്നത്തിന് പരിഹാരമായി.

നിലമ്പൂരിലെ തേക്ക് മ്യൂസിയം, കോവിലകത്തിന്റെ കീഴിലുള്ള വേട്ടക്കൊരുമകൻ ക്ഷേത്രം, കേരള വന പ്രദേശങ്ങളിൽ ദുർലഭമായി കാണുന്ന കുംഭാരന്മാർ(കൊശവന്മാർ എന്നും അറിയപ്പെടുന്നു), കളിമണ്ണിൽ വ്യത്യസ്ഥകലാരൂപത്തോടെ നിർമ്മിക്കുന്ന മൺപാത്രങ്ങൾ, അതാണ് അവരുടെപാരമ്പര്യ തൊഴിലുകൾ.4-ാം വാർഡിലെ കുംഭാരന്മാരുടെകളിമൺ നിർമ്മാണം, ചോലനായ്ക്കന്മാരുടെ കുടിലുകൾ, മാരിയമ്മൻ കോവിൽ, വെലാശ്ശേരിപുരം, ഗവൺമെന്റിന്റെ മിനി വൈദ്യുതി പദ്ധതി സ്ഥിതി ചെയ്യുന്ന ആഢ്യൻപാറ, ആനയെ മെരുക്കിയെടുക്കുന്ന ഓടക്കയം കരുളായി വനമേഖലകൾ...

എല്ലാം പ്രകൃതിയിൽ വർണ്ണിക്കാൻ കഴിയാത്ത കാഴ്ചകൾ മനസ്സിന്റെ മണിച്ചെപ്പിൽ എന്നും സൂക്ഷിച്ച് വെക്കുന്ന സ്ഥലങ്ങളും ഓർമകളും.

വർഷങ്ങൾക്ക് മുമ്പ് നിലമ്പൂരിലെ ചാലിയാർ പുഴയോരങ്ങളിൽ സ്വർണ്ണനിക്ഷേപമുണ്ടെന്ന് ഗവേഷകർ പരീക്ഷണം നടത്തിയതായും വാർത്ത ഉണ്ടായിരുന്നു. അതേ പോലെ ചാലിയാർ പുഴയിലൂടെ ചങ്ങാടം വഴി മേത്തരം വൃക്ഷങ്ങളും തേക്കിൻ തടികളും ഒഴുക്കി, ഫറോക്ക് പുഴ വരെ എത്തി, പിന്നീട് മരത്തടികളെ പറ്റി അറിയാത്ത കഥകൾ പഴമക്കാർ പറയുന്നു.

അച്ഛൻ പണ്ട് സന്ദർശിച്ച സ്ഥലങ്ങളും സ്ഥല വിവരങ്ങളും പറഞ്ഞു തീർത്തു. അപ്പു സന്തോഷത്തോടെ നിലമ്പൂരിലെ വിവരങ്ങൾ കേട്ടു. കാണാൻ പോകുന്ന കാര്യങ്ങളെ പറ്റി അച്ഛൻ പറഞ്ഞത് അപ്പു ഓർത്തു!



കാലത്ത് പുറപ്പെട്ട ടൂറിസ്റ്റ് ബസ് വടപുറം കഴിഞ്ഞ് അരുവാക്കോടെത്തിയപ്പോൾ രാവിലെ 10 മണി കഴിഞ്ഞിരിക്കുന്നു. റോഡിന്റെ ഓരത്ത് ബസ് നിർത്തി. മൂന്ന് പ്രധാന അദ്ധ്യാപകർ ബസിൽ നിന്ന് ഇറങ്ങി. ബസിൽ നിന്ന് ഇറങ്ങിയ കുട്ടികളോട് ക്യൂ ആയി നിൽക്കാൻ പറഞ്ഞു.

വുഡ് കോംപ്ലക്സിന്റെ അടുത്ത് കനോലി പ്ലോട്ടിലേക്കുള്ള വഴി അദ്ധ്യാപകരിൽ ഒരാൾ കാണിച്ചു കൊടുത്തു. അല്പം നടക്കണം. കുട്ടികൾ അച്ചടക്കത്തോടെ നടന്നു.

ഇനി പ്രായം ചെന്ന ലോകത്തിലെ ആ വലിയ തേക്ക് വൃക്ഷത്തെ നേരിൽ കാണാം. 2.31 ഹെക്ടർ സ്ഥലത്ത് അന്നത്തെ ഫോറസ്റ്റ് ഓഫിസറായിരുന്ന ചാത്തു നേനോൻ വളർത്തി എടുത്ത തേക്കിൻതൈകൾ ലോകത്ത് പ്രസിദ്ധമാണ്. ഇന്ത്യയിൽ വയനാടിനെ മാറ്റി നിർത്തി നിലമ്പൂർ തേക്കിന് ലോകത്ത് പേരും പെരുമയുമുണ്ട്. ഫോറസ്റ്റിലെ തേക്കിന് വേണ്ടി പല കച്ചവടക്കാരും കിടമത്സരത്തോടെ ലേലം വിളിക്കാൻ എത്തിയിരുന്നു.

അപ്പു സ്ക്കൂളിലെ മറ്റ് കുട്ടികളൊത്ത് നടക്കുമ്പോൾ അച്ഛൻ പറഞ്ഞ സ്ഥലങ്ങളെ പറ്റി മനസ്സിൽ ചിത്രങ്ങൾ കാണുകയായിരുന്നു. യാത്ര കഴിഞ്ഞ് വീട്ടിലെത്തി പിന്നീട് എല്ലാ വിവരങ്ങളും വെച്ച് ഒരു യാത്രാ വിവരണം എഴുതണം.

അപ്പുവിന്റെ മനസ്സിൽ ആ ഓർമ മാത്രമാണ് അപ്പോഴും ഉള്ളത്...


(ഒരു യാത്രാ വിവരണത്തിന്റെ പശ്ചാത്തലത്തിൽ അപ്പു എന്ന വിദ്യാർത്ഥിയുടെ സ്വപ്നങ്ങൾ, ഒരു കഥയായി സംഭവിക്കുന്നു) ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

## ചന്ദ്രമോഹൻ ചാത്തംപ്പള്ളി

ഓർമ്മവെച്ച കാലം മുതൽ ചിത്രകല എന്നെ പിടികൂടിയിരുന്നു. പക്ഷേ ചിത്രകലയിൽ പരിശീലനം നടത്താൻ ഒരു കോഴ്സിനും ചേർന്നിട്ടില്ല. എല്ലാ തിരക്കുകൾക്കുമിടയിൽ ലാൻഡ്സ്കേപ്പെന്നോപോർട്രെയ്റ്റെന്നോ സ്റ്റിൽ ലൈഫെന്നോ ഒക്കെ പറയാവുന്ന ചിത്രകലാ പഠനം സ്വയം നടത്തി വന്നു. നിറങ്ങളും രൂപങ്ങളും അനാവശ്യമായ നിറക്കൂട്ടുകളും എനിക്ക് സ്വായത്തമായി

ഉപജീവനപരമായി കുറെകാലം പ്രവാസിയായി കഴിഞ്ഞു. അവിടെ നിന്നു കിട്ടിയ ഇടവേളകളാണ് വാസ്തവത്തിൽ കലാസൃഷ്ടികളിൽ ശരിക്കും മുഴുകാനുള്ള അവസരമായി തീർന്നത്. കലയിലെ ആധുനിക പ്രവണതയെക്കുറിച്ചും വായിച്ചും കണ്ടും കേട്ടും ഒരു ധാരണയായി



പ്രകൃതി ദൃശ്യങ്ങളെത്തന്നെയാണ് ഞാൻ പ്രയോഗത്തിലും ആവിഷ്ക്കാരത്തിലും ആദ്യം പരീക്ഷണ വിധേയമാക്കിയത്. അതിന്റെ വികാസം ആകപ്പാടെ എന്റെ ചിത്രങ്ങളെ അമൂർത്തതയിലേക്ക് നീങ്ങാനിടയാക്കി. പച്ചപ്പുനിറഞ്ഞ പ്രകൃതിയാവട്ടെ മണലാരണ്യമാവട്ടെ മറ്റുരൂപമാതൃകകളാവട്ടെ പകർപ്പെടുക്കലിനപ്പുറം ഒരു പുതിയ കാഴ്ചയാക്കാൻ ഞാൻ ശ്രമിച്ചു. രൂപങ്ങൾ ചിലപ്പോൾ തീരെ അപ്രത്യക്ഷമാകുമ്പോഴും വർണ്ണങ്ങൾക്കൊണ്ടുള്ള ഭാവപ്രതലം സൃഷ്ടിക്കുന്നതിൽ ഞാൻ സംതൃപ്തി കണ്ടെത്തി. ഇതെല്ലാം എത്രത്തോളം ഫലപ്രാപ്തിയിലെത്തിയെന്ന് എനിക്കുതന്നെ അറിയില്ലായിരുന്നു.



അവധിക്കുള്ള ഒരു വരവിൽ ഞാൻ ഒരു പ്രദർശനം നടത്തി. പിന്നെ പല വരവിലും അതാവർത്തിച്ചു. അതെന്റെ കലായാത്രയിൽ പലവീണ്ടുവിചാരങ്ങൾക്കും അവബോധ സംസ്ക്കരണത്തിനും വഴിയൊരുങ്ങി. പൂർണ്ണമായും പ്രവാസജീവിതം അവസാനിപ്പിച്ചു മടങ്ങിയെത്തിയപ്പോഴും എനിക്ക് വേറൊരു ജോലിയിലേർപ്പെടാനുള്ള ചിന്തയില്ലാതെ കുഴങ്ങി. അങ്ങനെയാണ് ആദ്യം വീടിനോടു ചേർന്നും പിന്നെ കാരപ്പറമ്പിലും സെറൂലിയൻ ആർട്ട് ഗാലറി എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങിയത്. എന്റെ ഒഴിവുസമയങ്ങളിൽ എനിക്കിഷ്ടമുള്ളതുപോലെ പെയിന്റു ചെയ്യുന്നു. കുട്ടികൾക്കും മുതിർന്നവർക്കും ഇച്ഛാനുസരണം പരിശീലനം നടത്താനുള്ള വേദിയൊരുക്കുന്നു. ആവശ്യക്കാർക്ക് വാങ്ങാനാവശ്യമായ നിരവധി ചിത്രകാരുടെ ഒരു ശേഖരം ഉണ്ടായിരുന്നു.

എന്റെ ചിത്രങ്ങളെക്കുറിച്ച് എനിക്കൊന്നും വിശദീകരിക്കാനറിയില്ല. കാണുന്നവരുടെ മനോധർമ്മത്തിന് അവ വിട്ടുകൊടുക്കുന്നു. പ്രശംസയും വിമർശനവും എനിക്ക് ശീലമായി. അതൊക്കെയാണ് കലാവൃത്തിയിൽ കഴിയുന്ന ഒരാളുടെ മൂലധനം എന്നും ഞാൻ കരുതുന്നു. വിരമിക്കുന്നത് വർണ്ണങ്ങളും രൂപങ്ങളും തന്നെയാവട്ടെ എന്ന വിശ്വാസത്തോടെ ഞാനവ ആസ്വാദകർക്ക് വിട്ടുകൊടുക്കുന്നു. വരുമാനത്തിന്റെ 50 ശതമാനം ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതാണ്. അഡ്രസ്സ് : അശോകപുരം, കോഴിക്കോട്, ഫോൺ: **9037277844,**

# ദേശീയഗാനം

## (ധാർമ്മികത മാസിക അവാർഡ 2018)

**നക്ഷത്രരാജ്യം മാസിക 2016 മാർച്ച് മാസം എഡിറ്റോറിയൽ**

രവീന്ദ്രനാഥ ടാഗോർ രചിച്ച "ജനഗണമന" ഭാരതത്തിന്റെ സ്വാതന്ത്ര്യാനന്തര കാലം മുതൽ രാജ്യത്ത് ദേശീയ ഗാനമായി ആലപിക്കുന്നു. സ്ക്കൂളുകളിലും, കോളേജുകളിലും ഉൾപ്പെടെ യുവതലമുറയെ രാജ്യസ്നേഹികളായി വാർത്തെടുക്കുന്നതിന് വേണ്ടി നിത്യവും അധ്യായന സമയം കഴിയുമ്പോഴും അസംബ്ലി അവസാനിക്കുമ്പോഴും നിർബന്ധമായും "ജന ഗണ മന" വിദ്യാർത്ഥികളെകൊണ്ട് ചൊല്ലിക്കാറുള്ളതായി അല്ലെങ്കിൽ ഉച്ചഭാഷിണിയിലൂടെ കേൾപ്പിക്കാറുള്ളതായി നമുക്ക് അനുഭവമുണ്ട്. പൗരന്മാർക്ക് ഭയ ഭക്തി ബഹുമാനവും രാജ്യസ്നേഹവും ശിരകളിൽ ഉണരുന്ന ദേശീയഗാനം തുടങ്ങുമ്പോൾ കേട്ടുകൊണ്ടിരിക്കുന്ന അവിടെയുള്ള മുഴുവൻ പൗരന്മാരും എഴുന്നേറ്റ്നിന്ന് ദേശീയഗാനത്തെ ആദരിക്കണമെന്നതാണ് ചട്ടം. എന്നാൽ ഇക്കാലങ്ങളിൽ വിനോദത്തിനായി ക്ലബ്ബുകളും, കലാസംഘടനകളും സംഘടിപ്പിക്കുന്ന ഗാനമേളകളിലും, മിമിക്സ് പരേഡുകളിലും മൈക്ക് പിടിച്ച് മിമിക്സ് അവതരിപ്പിക്കുന്ന കലാകാരും ഗാനമേള അവതരിപ്പിക്കുന്ന ഗായകരും കലാപരിപാടികളിൽ "ജന ഗണ മന" പാടുന്നത് ശരിയാണോ? ഗാനാമേള കാണാനെത്തിയവരോ, മിമിക്സ് പരേഡ് കാണാനെത്തിയവരോ കലാകാരന്മാരുടെ അന്നത്തിനു വേണ്ടി നിർവ്വഹിക്കുന്ന കോമഡി, പാരഡി തൊഴിലിനോടനുബന്ധിച്ചുള്ള ദേശീയഗാനം കേട്ട് എഴുന്നേറ്റ് നിൽക്കാറുണ്ടോ? അല്ലെങ്കിൽ നിൽക്കണമോ? "ജന ഗണ മന" എന്ന ദേശീയഗാനം ഏതെങ്കിലും പരിപാടികൾ അവസാനിപ്പിക്കാൻ വേണ്ടി മാത്രം രൂപപ്പെടുത്തിയതാണെന്ന് കരുതുന്നവരില്ലേ? കലാ ആസ്വാദകരെ രസിപ്പിക്കുവാൻ വന്നവരുടെ ഓരോ നമ്പറുകളിൽ "ജന ഗണ മന" ഉൾപ്പെടുത്തിയാൽ കല ആസ്വദിച്ചു കൊണ്ടിരിക്കുന്ന കാണികൾ ദേശീയഗാനത്തെ ഭയ ഭക്തി ബഹുമാനത്തോടെയും രാജ്യസ്നേഹമനസ്സോടെയും അംഗീകരിക്കുമോ?. പണം വാങ്ങി കലാപരിപാടികൾ അവതരിപ്പിക്കാൻ വരുന്നവർ കലാപരിപാടിയുടെ വിജയത്തിന് "ജന ഗണ മന" ഉൾപ്പെടുത്താതിരിക്കുന്നതല്ലേ സന്ദർഭോചിതമായ ബുദ്ധി. കോഴിക്കോട് വെച്ച നടന്ന ഒരു ഗാനമേളയിൽ ഗായകരുടെ ഇത്തരം "ജന ഗണ മന"യെ അനാദരിക്കൽ കണ്ടതായി ഓർമ്മയിലുണ്ട്. ആരെല്ലാം സംഘടിപ്പിക്കുന്ന ഏതെല്ലാം പരിപാടികളിൽ "ജന ഗണ മന" ഉൾപ്പെടുത്താം എന്ന ഒരു ചട്ടവും സംസ്ക്കാരവും ഭാരതത്തിനില്ലേ? അതെല്ലാം ഭാരത പൗരന്മാരെ ഉദ്ബോധിപ്പിക്കുവാനുള്ള ബാദ്ധ്യത ഭാരതത്തിലെ നിയമ സംവിധാനത്തിലുണ്ടല്ലോ! "പതാക ഉയർത്താൻ ഏതെങ്കിലും ഒരു വടിയെട്" എന്ന് പറയുന്നവരോട് ഒരു വാക്ക്. പതാകകൾക്കും ദേശീയഗാനത്തിനും ദേശീയത്തിനുമുണ്ടൊരു ചരിത്രവും വർത്തമാനവും. മാറിവരുന്ന കാലഘട്ടത്തിൽ ഭാരതത്തിലെ പൗരന്മാരെ ദേശീയ ഗാനത്തേയും, ദേശീയ പതാക ഉപയോഗത്തേയും ദേശീയ പതാക ഉയർത്തുന്ന രീതിയെ കുറിച്ചും ഉദ്ബോധിപ്പിക്കുവാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാൻ ഭരണകൂടങ്ങൾ അമാന്തിച്ചുകൂടാ. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

Poem




P.M. MANI

## UNLIKE THE SEA-BRIDGE

**Look, bridges are of kinds**
**Made of bamboo, wood or steel**
**Some are long, some are short**
**We find them narraw or wide.**
**Many a water fiows under it**
**Yet, unswerving it bridges the gap**
**Where men have left it void**
**To be woven with love, compassion.**
**Man and woman, heart to heart**
**Rich and poor, hand in hand**
**Saint or sinner, all shall ever**
**Stride across this bridge, with love.**
**Look, so many kinds of bridges**
**Strewn with Nature's splendid beauty**
**For our hearts to brim over with kindness**
**And walk up straight to heaven.**

കവിത



**ജനാർദ്ദനൻ കടങ്ങപുരം**

തെരുവോരത്ത്
തിരക്കിൽ ശ്രദ്ധിക്കപ്പെടാതെ
അവളെ കണ്ടു
മുഷിഞ്ഞ വസ്ത്രങ്ങൾ,
ജടപിടിച്ച തലമുടി.

അവൾ കാത്തിരുന്നു
അജ്ഞാതനൊരാളെ
തേക്കാത്ത പല്ലുകൾ കാട്ടി
അവൾ ഉറക്കെ ചിരിച്ചു,
നാണം കുണുങ്ങി,
പിന്നെ കരഞ്ഞു,
പൊട്ടിപ്പൊട്ടികരഞ്ഞു.,
മനസ്സിലാകാത്ത ഭാഷയിൽ പുലമ്പി.


തെരുവിൽ ജനം
വരുകയും പോകുകയും ചെയ്തു
ഒരു ദിവസം തെരുവ് അതും കണ്ടു
ഗർഭിണിയായ അവൾ
ആരെയോ കാത്തിരിക്കുന്നത്.

## വിവാഹിതരായി

**ഗഗേഷ്**
**S/O പുനത്തിൽ മോഹനൻ**
**വിളക്കത്തു പറമ്പ്, വളയനാട്, കോഴിക്കോട്**

---

**സ്നേഹ**
**D/O തോമസ്**
**ഗുരുവായൂർ, തൃശ്ശൂർ**



**2018 ഒക്ടോബർ 21 ന് ശ്രീവളയനാട് ക്ഷേത്രത്തിൽ വെച്ച് വിവാഹിതരായി**

**ആശംസകളോടെ : നക്ഷത്രരാജ്യം ത്രൈ മാസിക സ്റ്റാഫ് & മാനേജ്മെന്റ്**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കവിത




എം. മോഹൻദാസ് കോട്ടൂളി

# ഓർമ്മയിൽനിന്ന്

വിശ്വകാമുകൻ അവതരിച്ചു
വിശ്വമാകെ പുണർന്നു
അതിലൊരു ബിന്ദുവായ്
രൂപമെടുത്തു.
ഓംകാരമായ് അവൻ വളർന്നു
വിശ്വമാകെ വിശ്വരൂപനായ്
മണ്ണിലും വിണ്ണിലും തെളിഞ്ഞു നിന്നു.
ഓംകാരമായതും നീയല്ലൊ
ആനന്തമായതും നീയല്ലൊ
അനശ്വരമായതും നീയല്ലൊ
നിർമ്മലമായതും നീയല്ലൊ
ഏകമായതും നീയല്ലയൊ
പ്രപഞ്ച സത്യവും നീയല്ലയൊ
വിശ്വമോഹന ഗുരു ദേവ
വിശ്വമാകെ നിറയണമേ
വിശ്വ പ്രപഞ്ച നായക...

കവിത



പ്രഭാകരൻ നറുകര

# പൊന്നമ്പിളി

മയിൽപ്പീലി കണ്ണുകൾ നോക്കിച്ചിരിക്കും
മനസ്സിന്റെ വാതിൽ തുറക്കുന്നു മന്ദം
മാനത്തു മിന്നുന്ന നക്ഷത്ര പൂത്തിരി
മായിക സ്വപ്ന നികുഞ്ജത്തിലാടുന്നു
കാണാമറയത്തിരിക്കും കീടങ്ങളെ
കാണുവാനമ്മ തൻ വ്യാപൃത ചിന്തക-
ളെത്തുന്നു ; ഇരുമ്പും കാന്തവുമെന്നപോൽ
ചിത്രം വരക്കും ശലഭങ്ങളാകവെ
ഓമന കൈകളിൽ താലോലമാടിയും
താരാട്ടിന്നീണങ്ങൾ ചുണ്ടുകൾ മൂളിയും
ആരും മയങ്ങുന്ന കുഞ്ഞിളം പുഞ്ചിരി
ചാരുതയേന്തും നൽഭാവം വിടർന്നതും
ഒന്നങ്ങു തൊട്ടപ്പോൾ നുള്ളി നോവിച്ചതും
വന്നു പിണങ്ങി പരിഭവമായതും
അമ്മ തൻ പിന്നിലൊളിച്ച പൊന്നമ്പിളി
അംബരമുറ്റത്തു തെന്നി മറയുന്നു

കവിത

# സ്വപ്നസുന്ദരി



ഇബ്രാഹിം മൂർക്കനാട്

**നിന്റെ ചുടുനിശ്വാസം
പലപ്പോഴുമെന്റെ സ്വരമാകാറുണ്ട്
അത് പ്രണയമായും
പിന്നെ കവിതയായും മാറും
എന്റെ ഹൃദയം
നീ തിരിച്ചറിഞ്ഞപ്പോഴാണ്
നിന്റെ അരയും
എന്റെ അരയും
തമ്മിലുരസിയത്
അന്നേരമാണ്
ഉടലഴിഞ്ഞ് നീ
എന്നിൽ ലയിച്ചത്
ഞാനൊരു പുഴയായ് മാറിയതും
വിവസ്ത്രനായി നീന്തിക്കുളിച്ചതും
അപ്പോഴാണ്**

**എന്റെ ഏകാന്ത സ്വപ്നങ്ങളിൽ
അധിവസിക്കുന്ന നീ എന്റേതാണ്
എന്റേത് മാത്രം
എന്റെ സ്വപ്നങ്ങളിൽ
എന്നും പ്രത്യക്ഷപ്പെടുന്ന നീ
എന്നാണു എന്റേതാവുക?...
ഒരുപാട് വാക്കുകളുണ്ടെനിക്ക്
നിന്നെക്കുറിച്ച് കവിതയെഴുതാൻ
ഈണമില്ലാത്ത വാക്കുകൾ
അതെല്ലാം വാരിയെടുത്ത് ഉമ്മവെച്ച്
ഈ ഉഷ്ണരാശിയിൽ
എനിക്ക് കവിത രചിക്കാനാവില്ല.**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode






**Yes Key Electricals & Engineering Works**

**Puthiyapalam, Calicut**

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ ഇലട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob:9847390950

Ph:04952702073,Resi:9048594525



# HASBI

## TOURS & TRAVELS



**Meenchanda**
**Areekad**
**Calicut-27**

**Mob: SAHIR**
**9895 999 100**
**9349 666 100**





# ATHIRA AUTOMOBILES

Automobile Spray Painting &
Two Wheeler Mechanic Works





THIRUVANNUR - ODUMBRA KADAVE ROAD, (O.K. ROAD)
KOZHIKODE, MOB: 9447296117, 9847336931



# NANDANA AUTO GARAGE

NEAR RADHAKRISHNA ASRAMAM, KONTHANARI, KOZHIKODE

PHONE : BAIJU9961620045






BODY GARAGE & MECHANICAL WORKS


Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

സ്പോർട്സ്



# എട്ട് ലോകകപ്പ് ഫുട്ബേൾ ഫൈനൽ സ്മരണകൾ


ഭാസി മലാപ്പറമ്പ്

**മുൻ ത്രൈമാസം (ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ) ലക്കം തുടർച്ച**


ഇറ്റലി ആതിഥേയത്വം നൽകിയ 1990 ലെ ലോകകപ്പിന്റെ ഫൈനലിൽ ഏറ്റുമുട്ടിയത് അർജന്റീനയും ജർമ്മനിയുമായിരുന്നു. ഡിയോഗ മറഡോണ വീണ്ടും താരമായി ഉയർന്ന ഫൈനലിൽ പക്ഷേ ജർമ്മനിയായിരുന്നു വിജയം വരിച്ചത്. ആവേശത്തിന്റെ ഉച്ചിയിലെത്തിയ കളിയിൽ മറഡോണയുടെ മുന്നേറ്റങ്ങൾക്ക് തടയിടുവാൻ ജർമ്മൻ കളിക്കാർക്ക് കഴിഞ്ഞു. ഒരു ഗോളിന്ന് (1-0) ജർമ്മനി കപ്പ് കരസ്ഥമാക്കുകയും ചെയ്തു. ഫൈനൽ വിസിലിന്ന് അഞ്ച് മിനിട്ടുകളുള്ളപ്പോഴാണ് ബ്രഹ്മെ ജർമ്മനിയുടെ വിജയഗോൾ അർജന്റീനയുടെ നെറ്റിലെത്തിച്ചത്. ആദ്യത്തെ പത്ത് മിനുട്ടുകളിൽ നാലു തവണ ജർമ്മനി അർജന്റീനയുടെ ഗോൾ മുഖത്തേക്ക് ആക്രമണം നടത്തിയ ഓർമ്മകൾ എക്കാലത്തും മനസ്സിൽ നിൽക്കുന്നതാണ്. മുൻ നാഷണൽ ലോകകപ്പ് താരം ബെക്കൻബോവർ കോച്ചായിക്കൊണ്ട് ലോകകപ്പിനെത്തിയ ജർമ്മനിയുടെ ഫുട്ബോൾ ശൈലിയെ തടയുവാൻ അർജന്റീനയുടെ സ്ഥിരം പ്രതിരോധതന്ത്രങ്ങൾക്ക് കഴിയുകയില്ല എന്ന ഒരു പ്രവചനം മത്സരദിവസത്തെ (1990 ജൂലൈ 8 ഞായർ) മലയാള മനോരമയിൽ എന്റെ വീക്ഷണമായി പ്രസിദ്ധീകരിക്കുവാൻ സാധിച്ചത് ഇപ്പോഴും ഓർമ്മയിൽ നിൽക്കുന്നുണ്ട്. എന്റെ പ്രതീക്ഷപോലെ തന്നെ ജർമ്മനിയാണ് ജേതാക്കളായത്.

മത്സരത്തിൽ കാണികൾ ഭൂരിപക്ഷവും ജർമ്മനിയടെ കൂടെയായിരുന്നു. കാരണം ഇറ്റലിയെ പുറംത്തള്ളിയത് അർജന്റീനയാണ് എന്നതു തന്നെ!

ജർമ്മനി VS അർജന്റീന ഫൈനലിന്റെ "കർട്ടൻ റെയ്സർ" റിപ്പോർട്ടും ഇപ്പോഴും മനസ്സിൽ



ലേഖകൻ ഫിഫ ലോകകപ്പ് 1982 ജേതാവ് ബെർഗോമി (ഇറ്റലി) യുടെ കൂടെ 2010 ലോകകപ്പ് വേദിയിൽ



ലൈബീരിയയുടെ ലോകകപ്പ് താരം ജോർജ്ജ് വിയയുടെ കൂടെ ലേഖകൻ 2010 ലോകകപ്പ് വേദിയിൽ. വിയ ഇപ്പോൾ ലൈബീരിയയുടെ ദേശീയ പ്രസിഡണ്ടാണ്

തെളിഞ്ഞുവരുന്നവയാണ്. മലയാളമനോരമയിൽ 1990 ജൂലൈ 8 ന്നും 9 ന്നും എനിയ്ക്ക് പ്രസിദ്ധീകരിക്കുവാൻ സാധിച്ച ലേഖനങ്ങൾ മത്സരത്തിന്റെ ആവേശം ഇപ്പോഴും മനസ്സിൽ വിതയ്ക്കുന്നുണ്ട്.

"യു.എസ്.എ. 1994" ലോകകപ്പ് ഫുട്ബോളിന്റെ മീഡിയ അക്രസിറ്റേഷൻ ലഭിച്ചിട്ടും മുൻകാല ഫുട്ബോളർ എന്ന നിലയിൽ പെട്ടെന്ന് കാൽമുട്ടിന്ന് നടത്തേണ്ടി വന്ന ചികിത്സ യാത്ര മുടക്കിയപ്പോൾ മൂന്ന് ലോകകപ്പ് റിപ്പോർട്ടിങ്ങിന്ന് ശേഷം തുടർച്ചയായി നാലാം ലോകകപ്പ് റിപ്പോർട്ടിങ്ങ് എനിയ്ക്ക് നഷ്ടപ്പെട്ടു. പക്ഷേ യുഎസ്.എ. 94 ന്ന് ശേഷം നടന്ന് ഫ്രാൻസ് 1998 ലോകകപ്പ് അതുവരെ ഞാൻ കവർ ചെയ്ത ലോകകപ്പ് ചാമ്പ്യൻ ഷിപ്പുകളേക്കാൾ കൂടുതൽ ഉൾകാഴ്ചയോടെ റിപ്പോർട്ട് ചെയ്യുവാൻ സാധിച്ചു. പാരിസിൽ ഉള്ള മലയാളി സുഹൃത്ത് തിരുവനന്തപുരത്തുകാരനായ ഉണ്ണികൃഷ്ണനും അദ്ദേഹത്തിന്റെ പത്നിയും കുട്ടികളും എനിയ്ക്ക് നൽകിയ ആതിഥേയത്വം എനിയ്ക്ക് കൂടുതൽ ആവേശവും പ്രവർത്തന ക്ഷമതയും നൽകിയതായിരുന്നു കാരണം!

സെമിഫൈനലിൽ ക്രൊയേഷ്യയെ 2-1ന്ന് പരാജയപ്പെടുത്തിക്കൊണ്ട് ആതിഥേയർ ഫ്രാൻസ് ഫൈനലിൽ പ്രവേശിച്ചപ്പോൾ എതിരാളികൾ ബ്രസീൽ. ബ്രസീൽ ഹോളണ്ടിനെതിരെ എസ്ട്രാടൈമിലും 1 -1ന്ന് സമനിലയിലായപ്പോൾ ടൈ ബ്രെയ്ക്കർ പെനാൽറ്റി കിക്കുകളിൽ കൂടിയാണ് ഫൈനലിലേയ്ക്ക് കടന്നത്. 4-2 ഗോളുകളായിരുന്നു ടൈ ബ്രെയ്ക്കർ സ്ക്കോർ.

ഫ്രാൻസ്-ബ്രസീൽ ഫൈനലിനെപ്പറ്റി "പ്രതിരോധം ഫ്രാൻസിന്റെ കരുത്ത്: ആക്രമണം ബ്രസീലിന്റേയും" എന്ന ടൈറ്റിലിൽ 1998 ജൂലൈ 12 ന്റെ മലയാള മനോരമയിൽ ഞാൻ ഫൈനൽ മത്സരത്തെപ്പറ്റി ഒരു ആമുഖക്കുറിപ്പ് പ്രസിദ്ധീകരിച്ചു.

ബ്രസീലിന്റെ കോച്ച് മരിയോ സഗാലോ എനിയ്ക്ക് ആവശ്യം പതിനൊന്ന് സിംഹങ്ങളെ–, ഹൃദയബലമുള്ള പതിനൊന്ന് ദുംഗമാരെ..." എന്ന നേരിട്ട് എന്നോട് അഭിമുഖത്തിൽ പറഞ്ഞതും

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ഫൈനൽ നടന്ന ജൂലൈ 12 ന്റെ പത്രത്തിൽ ആമുഖക്കുറിപ്പായി പ്രസിദ്ധികരിക്കുവാനും സാധിച്ചു.

ഒടുവിൽ ഫ്രാൻസ് ബ്രസീലിനെ കാൽ ഡസൻ ഗോളുകൾക്ക് (3–0) പരാജയപ്പെടുത്തിയ മത്സരത്തിന്റെ അതിവികാര തീവ്രമായ നിമിഷങ്ങൾ റിപ്പോർട്ടായി മത്സരം അരങ്ങേറിയ അടുത്തദിവസം തന്നെ പത്രത്തിൽ എത്തിക്കുവാനും കഴിഞ്ഞു- ഒരുകാലത്തും മറക്കുവാൻ കഴിയാത്ത ഫ്രാൻസ് VS ബ്രസീൽ ഫൈനൽ. ആദ്യപകുതിയിൽ ഫ്രാൻസ് 2–0 ന്ന് മുന്നിലെത്തിയിരുന്നു. സുംഗയും റിവാൾഡോയും ബെബേറ്റോയും റോബർട്ടോ കാർലോസും ജർസിയണിഞ്ഞ ബ്രസീലിനെയാണ് ഫ്രാൻസ് പരാജയപ്പെടുത്തിയത്. ഫ്രാൻസിന്റെ സിനദിൻ സിദാനെ പ്പറ്റിയും സ്യൂക്കറിന്ന് ഏറ്റവും മികച്ച ടോപ് സ്ക്കോറർക്കുള്ള "ഗോൾഡൻ ബൂട്ട്" ലഭിച്ചതും "ആയിരം ശോഭയോടെ സിനദിൻ സിദാൻ" എന്ന തലക്കെട്ടിലും "സ്യൂക്കറിന്ന് ഗോൾഡൻ ബൂട്ട്" എന്ന തലക്കെട്ടിലും 1998 ജൂലൈ 13 ന്റെ മലയാളമനോരമയിൽ കൂടി ഫുട്ബോൾ പ്രേമികളിൽ എത്തിക്കുവാൻ എനിയ്ക്ക് സാധിച്ചു. ഫൈനൽ മത്സരത്തിന്റെ സ്ക്കോർ മലയാളി വായനക്കാരിൽ അത്ഭുതം സൃഷ്ടിക്കും എന്ന തിരിച്ചറിവോടെ മത്സരത്തിന്റെ പൂർണ്ണരൂപം അക്ഷരത്തിലാക്കുവാനും ഞാൻ ശ്രമിക്കുകയുണ്ടായി. ഫ്രാൻസ് ഒരിക്കൽകൂടി ലോകകപ്പ് ജേതാക്കളായപ്പോൾ (2018) 1998 ലെ ഫൈനൽ മത്സരത്തിന്റെ രോമാഞ്ചങ്ങൾ ശരീരത്തെ പൊതിഞ്ഞു എന്ന നാടൻ പ്രയോഗത്തിന്ന് പ്രസക്തിയേറി എന്നതാണ് യാഥാർത്ഥ്യം.

2002ൽ കൊറിയയും ജപാനും സംയുക്താതിഥേയത്വം നൽകിയ ലോകകപ്പിന്റെ ഫൈനൽ ജപാനിൽ യൊക്കോഹാമയിലാണ് അരങ്ങേറിയത്. 2002 ജൂൺ 30 ന്റെ ഫൈനലിൽ ബ്രസീലും ജർമ്മനിയും തമ്മിൽ ഏറ്റുമുട്ടി സമനിലയിൽ (0 – 0) പിരിഞ്ഞ ആദ്യപകുതിക്കുശേഷം രണ്ടാം പകുതിയിൽ സ്ക്കോർ ചെയ്ത ഒരു ജോഡി ഗോളുകൾക്ക് ലോകകപ്പ് നേടിയ ബ്രസീലിന്റെ കളിശൈലി എക്കാലത്തും മനസ്സിൽ മായാതെ കിടക്കുകയാണ്. റൊണാൾഡോ, റിവാൾഡോ,റൊണാൾഡിഞ്ഞോ ഫോർവേഡ് ത്രയത്തിന്റെ ആക്രമണ മുന്നേറ്റങ്ങൾ ബ്രസീലിന്റെ മനോഹരമായ കളിശൈലിയുടെ പ്രത്യക്ഷോദാഹരണമായിരുന്നു.

ടൂർണ്ണമെന്റിലെ ടോപ്സ്ക്കോറർ പദവി ഉറപ്പിച്ച രണ്ടു ഗോളുകളായിരുന്നു റൊണാൾഡോയുടെ ബൂട്ടിൽ പിറന്നത്. ഏറ്റവും മികച്ച ലോകകപ്പ് മത്സരങ്ങളിൽ ഒന്നിന് സാക്ഷ്യം വഹിക്കുവാനും കടലാസിലേക്ക് പകർത്തുവാനും സാധിച്ചു എന്ന സംപൃതിയോടെയാണ് മത്സരത്തിന്റെ ഫുൾടൈം വിസിലിന്നുശേഷം ഞാൻ മീഡിയാ സെന്ററിലേക്ക് കാൽവെച്ചതും ഇന്ത്യയിലേക്ക് റിപ്പോർട്ട് അയച്ചതും.

2006 ൽ ജർമ്മനി ആതിഥേയത്വം വഹിച്ച ലോകകപ്പിന്റെ ഫൈനലിൽ ഏറ്റുമുട്ടിയത് ഇറ്റലിയും ഫ്രാൻസും. ഓരോഗോളടിച്ച് സമനിലയിൽ പിരിഞ്ഞ മത്സരത്തിൽ കപ്പ് ജേതാക്കളെ നിർണ്ണയിച്ചത് പെനൽറ്റി ഷൂട്ടൗട്ടിൽ കൂടിയായിരുന്നു. ഷൂട്ടൗട്ടിൽ 5–3 ന്റെ വിജയത്തോടെ ഇറ്റലി കപ്പ് ജേതാക്കളായി.ബൂഫൺ ഗോൾവലയംകാത്ത ഇറ്റലി ടീമിൽ ടോട്ടി, പിർലോ, മാറ്റരാസി എന്നീ പ്രഗൽഭ കളിക്കാരും ഫ്രാൻസിന്റെ അണിയിൽ സെനദിൻ സിദാന്റെ ക്യാപ്റ്റൻസിയിൽ ഒ. ഹെൻറി, ലിലിയൻ തുറാം, വിയേറ, റിബേറി തുടങ്ങിയ ലോക പ്രശസ്ത ഫുട്ബോളർമാരും ജർസിയണിഞ്ഞിരുന്നു.

ഇറ്റലിയുടെ ലോകകപ്പ് വിജയം മലയാളികളിലെത്തിക്കുവാൻ മലയാളമനോരമയുടെ സ്പോർട്സ് കോളം ഉപയോഗിക്കുവാൻ എനിയ്ക്ക് വീണ്ടും ഭാഗ്യമുണ്ടായി. 2006 ജൂൺ 20 ന്റെ മലയാള മനോരമയിൽ. "ലോകകപ്പിൽ ഇന്ത്യയുടെ ദിവസം" എന്ന തലക്കെട്ടിൽ ചരിത്രത്തിലാദ്യമായി ഒരു ഇന്ത്യക്കാരൻ മാച്ച് കമ്മീഷണറായ വാർത്തയും പ്രസിദ്ധികരിച്ചു.

സ്പെയിൻ VS ടുണീഷ്യ മത്സരത്തിന്റെ മാച്ച് കമ്മീഷണറായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ പ്രസിഡണ്ടും ഇന്ത്യൻ കേന്ദ്രമന്ത്രി സഭാംഗവുമായപ്രിയരഞ്ജൻദാസ് മുൻഷിയെ ഫിഫ ചുമതല ഏല്പ്പിച്ച വാർത്ത പ്രസിദ്ധികരിക്കുവാൻ സാധിച്ചു. പി.ആർ. ദാസ് മുൻഷിയുമായി ഇറ്റലി ആതിഥേയത്വം വഹിച്ച 1990 ലെ ലോകകപ്പ് മുതൽ ഞാൻ സൌഹൃദബന്ധം പുലർത്തിയിരുന്നു. (ദൗർഭാഗ്യവശാൽ ദാസ് മുൻഷി ഇപ്പോൾ നമ്മോടുകൂടെയില്ല.)

2010ൽ സൗത്ത് ആഫ്രിക്ക ആതിഥേയത്വം വഹിച്ച ലോകകപ്പിലും മത്സരങ്ങൾ റിപ്പോർട്ടു ചെയ്യുകയുണ്ടായി. സ്പെയിനും ഹോളണ്ടും തമ്മിലായിരുന്നു ഫൈനൽ. അതിവാശിയേറിയ മത്സരം ഗോൾരഹിത സമനിലയിൽ പിരിഞ്ഞ ശേഷം എക്ക്സ്ട്രാടൈമിൽ സ്പെയിൻ ഒരു ഗോളിനു വിജയം കരസ്ഥമാക്കുകയായിരുന്നു. മലയാള മനോരമ ദിനപത്രത്തിന്നു വേണ്ടി എന്റെ ഏഴാം തവണത്തെ ലോകകപ്പ് റിപ്പോർട്ടിങ്ങായിരുന്നു 2010 ലോകകപ്പ് റിപ്പോർട്ടുകൾ. സൗത്ത് ആഫ്രിക്കയിലേക്ക് യാത്രതിരിച്ചപ്പോൾജൂൺ 9 ന്റെ മലയാള മനോരമ പത്രം ഏറ്റവും കൂടുതൽഫുട്ബോൾ ലോകകപ്പ് റിപ്പോർട്ടു ചെയ്ത ഇന്ത്യക്കാരനാണ് ഭാസി മലാപ്പറമ്പ് എന്ന കുറിപ്പും പ്രസിദ്ധികരിച്ചു.

ലോകകപ്പ് റിപ്പോർട്ടിങ്ങിനിടയിൽ 2008 ലെ യൂറോപ്യൻ നാഷൻസ് കപ്പും ഞാൻ മലയാള മനോരമയ്ക്ക് വേണ്ടി റിപ്പോർട്ടു ചെയ്യുകയുണ്ടായി. ആസ്ട്രീയയും സ്വറ്റ്സർലാണ്ടും സംയുക്താതിഥേയത്വം നൽകിയ "യൂറോകപ്പ് 2008" ജൂൺ 7 മുതൽ 29 വരെയാണ് അരങ്ങേറിയത്. യൂറോകപ്പിന്റെ ഫൈനൽ മത്സരവും ഇവിടെ പരാമർശിക്കുന്നതിൽ തെറ്റില്ല. കാരണം യൂറോപ്യൻ നാഷൻസ് ചാമ്പ്യൻഷിപ്പ് സൗത്ത് അമേരിക്കൻ, ആഫ്രിക്കൻ, ഏഷ്യൻ ടീമുകൾ രംഗത്തില്ലെങ്കിലും ഒരു കൊച്ചു ലോകകപ്പു തന്നെ എന്ന് വിശ്ഷിപ്പിക്കാവുന്നതാണ്.

മികച്ച ലോകഫുട്ബോൾ രാഷ്ട്രങ്ങളുടെ ഈറ്റില്ലമാണല്ലോ യൂറോപ്പ്. 2008 ജൂൺ 29 ന്ന് ജർമ്മനിയും സ്പെയിനും ഏറ്റുമുട്ടിയ ഫൈനൽ മത്സരം ഒരു ലോകകപ്പ് ഫൈനൽ മത്സരത്തിന്റെ പ്രതീതി കാണികളിലും മീഡിയയിലും സൃഷ്ടിക്കുകയും ചെയ്തു. സ്പെയിൻ യൂറോ ചാമ്പ്യൻമാരായ യൂറോകപ്പ് ലോകകപ്പ് ഫൈനലിന്റെ നിലവാരം പാലിച്ചു എന്നായിരുന്നു മലയാള മനോരമക്ക് ഞാൻ നൽകിയ യൂറോകപ്പ് റിപ്പോർട്ട്!

അവസാനമായി ഞാൻ റിപ്പോർട്ടു ചെയ്ത ലോകകപ്പ് "ബ്രസീൽ 2014" ലോകകപ്പാണ്. ഫിഫ ഫ്രീലാൻസർ ലേഖകൻ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ലേഖനം

# ഹലോ ഞാൻ ജി.എൻ. പണിക്കരാ



**അഡ്വ. ടി.എം. ഗോപാലകൃഷ്ണൻ മഞ്ചേരി**

2016 ലെ ഒരു തണുത്ത പ്രഭാതം. മഞ്ചേരിയിലെ ഒരു റസ്റ്റോറന്റിൽപ്രഭാത ഭക്ഷണത്തിന് ഓർഡർ കൊടുത്ത് ഞാൻ കാത്തിരിപ്പാണ്. അതിനിടയിൽ എന്റെ മൊബൈൽ ഫോൺ ബെല്ലടിച്ചു. "ഹലോ അഡ്വക്കറ്റ് ഗോപാലകൃഷ്ണനാണോ? ഞാൻ ജി.എൻ. പണിക്കരാ. അയച്ച കത്തു കിട്ടി. വലിയ സന്തോഷം. ഞാനാ കത്ത് രണ്ട്, മൂന്ന് പ്രാവിശ്യം വായിച്ചു കേട്ടോ." അദ്ദേഹത്തിന്റെ വാക്കുകളിൽനിറഞ്ഞു തുളുമ്പുന്ന ആഹ്ലാദം. എന്റെ കുട്ടിക്കാലത്തെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിറഞ്ഞു നിൽക്കാറുണ്ടായിരുന്ന പ്രമുഖ നോവലിസ്റ്റും ചെറുകഥാകൃത്തും, ഉപന്യാസക്കാരനും സാംസ്ക്കാരിക നായകനുമായ പഴയ തലമുറയിലെ വലിയ എഴുത്തുകാരൻ പ്രൊഫ. ജി.എൻ. പണിക്കരാണ് ഫോണിന്റെ അങ്ങേ തലയ്ക്കൽ. അദ്ദേഹം തിരുവനന്തപുരത്തുനിന്ന് വിളിക്കുകയാണ്. പി. കേശവദേവ് എന്ന മലയാള നോവലിസ്റ്റിന്റെ എഴുത്തിനേയുംജീവിതത്തേയും കുറിച്ചുള്ള "ദേവ്...കേശവദേവ്" എന്ന നോവൽപോലെ മനോഹരമായ അദ്ദേഹത്തിന്റെ രചന വായിച്ചിട്ട് ഞാനെഴുതിയ കത്ത് കിട്ടിയിട്ട് അദ്ദേഹം എന്നെ വിളിക്കുകയാണ്. പിന്നീട് അതേ കൊല്ലം തന്നെ കുറച്ച് നാൾ കഴിഞ്ഞപ്പോൾ ആ കൊല്ലത്തെ പ്രഥമ കേശവദേവ് സാഹിത്യ പുരസ്ക്കാരത്തിന് അദ്ദേഹത്തെ തെരഞ്ഞെടുത്തതായി വാർത്ത കണ്ടു

അവാർഡ് സ്വീകരിച്ച ശേഷം ജി.എന്റെ വടിവുറ്റ കൈപ്പടയിലുള്ള ഒരു കത്തും ഒരു മാസികയിൽ അദ്ദേഹം കൈകാര്യം ചെയ്യുന്ന പതിവു പംക്തിയിൽ



ജി.എൻ. പണിക്കർ

എഴുതിയ ഒരു ലേഖനത്തിന്റെ കോപ്പിയും അതോടൊപ്പം എനിക്ക് അയച്ചു കിട്ടി. 2016 ലെ പ്രഥമ ദേവ് സാഹിത്യപുരസ്ക്കാരം ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനിൽ നിന്നും ഏറ്റു വാങ്ങുമ്പോൾ "ദേവ്...കേശവദേവ്" കൃതി വായിച്ചിട്ട് ഞാൻ എഴുതിയ കത്തിനെപ്പറ്റി പ്രസംഗത്തിൽ പ്രൊഫ. ജി.എൻ. പണിക്കർ പരാമർശിക്കുകയും ആ കത്ത് തന്റെ പ്രസംഗത്തിനിടയിൽ സദസ്സിൽ വായിക്കുകയും ചെയ്തുവെത്രെ. എന്റെ അത്ഭുതവും ആഹ്ലാദവുമൊക്കെ പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു.

ഞാനോർക്കുകയാണ് ജീവിതം ആറു പതിറ്റാണ്ട് പിന്നിടുമ്പോൾ കത്തെഴുത്തില്ലാതായി കൊണ്ടിരിക്കുന്ന ഈ കാലത്തെ കുറിച്ച്. പഴയ തലമുറയിലെ വലിയ എഴുത്തുകാർക്കൊക്കെ കത്തയച്ചാൽ മറുപടി തീർച്ച. സി. രാധാകൃഷ്ണൻ, എം.കെ. സാനു മാസ്റ്റർ, വിഷ്ണു നാരായണൻ നമ്പൂതിരി, പി.കെ. ഗോപി അങ്ങിനെ ഒരുപാട് പേർ. അവർക്കൊക്കെ ഈയുള്ളവനയച്ച കത്തുകൾക്ക് കിട്ടിയ മറുപടികൾ. മൊബൈൽ ഫോണിന്റേയും വിവരസാങ്കേതിക വിദ്യയുടേയും വരവൊടെ കത്തെഴുത്ത് ഏതാണ്ട് നിലച്ചമട്ടായി. എങ്കിലും കത്തെഴുത്തിന്റെ രസം ഫോൺ കോളിനോ മെസ്സേജിനോ ഒന്നും ഒരിക്കലും കിട്ടില്ല. കത്തെഴുത്ത് ഹൃദയങ്ങളെ പരസ്പരം അടുപ്പിക്കുന്നു; അതിലൂടെ ഹൃദയതാളം പരസ്പരം തൊട്ടറിയാനാകുന്നു. ■

---

എന്ന നിലയിൽ എനിയ്ക്ക് ഫിഫ അനുവദിക്കുന്ന മീഡിയ അക്രഡിറ്റേഷന്നു വേണ്ടി 2014 ലോകകപ്പ് ജനയുഗം പത്രത്തിന്ന് റിപ്പോർട്ടു ചെയ്യുന്നു എന്ന അറിയപ്പോടെയാണ് ഞാൻ ഫിഫാ മീഡിയാ അക്രഡിറ്റേഷനു വേണ്ടി അപേക്ഷ നൽകിയത്. ജനയുഗം പത്രമാണ് എന്റെ ലോകകപ്പ് റിപ്പോർട്ടുകൾ ഉപയോഗപ്പെടുത്തിയത്. "സ്പോർട്സ് കിക്ക്" എന്ന കോളത്തിൽ ലോകകപ്പിനെപ്പറ്റി ഒരു ലേഖന പരമ്പര ആദ്യം പ്രസിദ്ധീകരിച്ചു. തുടർന്നു ബ്രസീലിൽ നിന്ന് ലോകകപ്പ് റിപ്പോർട്ടുകളും. മാറക്കാന സ്റ്റേഡിയത്തിലെ ജർമ്മനി-അർജന്റീന ഫൈനൽ മത്സരത്തിൽ ജർമ്മനിയുടെ "ഗോൾമഴ" യെ അതേ വികാരത്തിൽ തന്നെ അക്ഷരങ്ങളിലാക്കുവാൻ എനിയ്ക്ക് കഴിഞ്ഞു. ഒരു മുൻ ഫുടബോളറുടെ ഹൃദയവികാരങ്ങളോടെയാണ് എല്ലാ ലോകകപ്പ് മത്സരങ്ങളും കാണുകയും റിപ്പോർട്ടിങ്ങ് നടത്തുകയും ചെയ്തത് എന്നതിനാൽ കളിക്കാരുടെ കാലടിപ്പാടുകളും "ഹെഡ്ഡിങ്ങ്" തന്ത്രങ്ങളും മുന്നേറ്റ വേഗതകളും അക്ഷരത്തിലാക്കുവാൻ വലിയമാനസിക പ്രയാസം നേരിടേണ്ടിവരാറില്ല എന്ന ചിന്തയോടെ ഇവിടെ കുറിക്കട്ടെ:

"ഫിഫ ലോകകപ്പ് റഷ്യ 2018" ൽ ഫ്രാൻസും ക്രൊയേഷ്യയും ഏറ്റുമുട്ടിയ ഫൈനൽ ടെലിവിഷനിൽ വീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ മുമ്പ് എട്ട് ലോകകപ്പ് കളികളിലും ഒരു യൂറോകപ്പിലും അരങ്ങേറിയ ഫൈനൽ മത്സരങ്ങൾ സ്റ്റേഡിയം മീഡിയാ സെന്ററിൽ ഇരുന്ന് വീക്ഷിച്ചു കൊണ്ടിരുന്നപ്പോൾ ഹൃദയത്തിലിരമ്പി വന്ന അതേ ആവേശവും വികാരങ്ങളും ആവർത്തിക്കപ്പെട്ടു എന്ന് പറയുവാനാണ് ഞാൻ ഇത്രയും കുറിച്ചത്. അതിനെല്ലാം കാരണം ഫുട്ബോൾ ഏറ്റവും ആവേശം നൽകുന്ന കായികമേഖലയാണ് എന്നതുതന്നെ. ബുദ്ധിയും കായിക പ്രവണതയും ഒരേ പോലെ പ്രായോഗികമാക്കേണ്ട കളിയാണ് ഫുട്ബോൾ. മറ്റൊരു കായികയിനത്തിന്നും നൽകാൻ കഴിയാത്തത്ര യാണ് ഫുട്ബോളിന്റെ ആവേശമുഹൂർത്തങ്ങളിൽ ഉള്ളത് എന്നത് ലോകത്തിലെ ഏറ്റവും പ്രശസ്തരായ മാനസിക വ്യാഖ്യാതാക്കൾ പോലും സ്ഥിരീകരിച്ചിട്ടുണ്ട്. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ഓം നമഃശിവായ

ദിനേശ് കെ.ടി – ഫോൺ : 9946309061

**നീലഗിരി പൂജാസ്റ്റോർ**

ദേരാബസാർ, തളിറോഡ്,

കോഴിക്കോട്, ഫോൺ: 0495 – 2702176

എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

India's No - 1

AKSHAYA WATER PROOFING

29 - 851, Kottooli,Mavoor Road, Kozhikode - 673016

Mob : P.P. PRADEEP - 9447312616, 9037940457

E-Mail : aakshayawaterproof@gmail.com

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്

മൂരിയാട് റോഡ്, പുതിയപാലം,

കോഴിക്കോട്

ഫോൺ : മണി 9400741434



കാർ സ്പ്രേപെയിന്റിങ്ങ്,

ബോഡി വർക്സ്,എഞ്ചിനിയറിംഗ് വർക്സ്

Mob : കെ. പുരുഷു, – 9387500618, 9539036575

നജീഷ് പുരുഷു – 9961100702

ഉല്ലാസ യാത്രയ്ക്കും തീർത്ഥാടന യാത്രയ്ക്കും

**നിർമ്മാല്യം ശ്രീ ധർമ്മശാസ്ത ട്രാവൽസ്**



മാങ്കാവ്, കോഴിക്കോട് – 673 007

ഫോൺ : 0495 2331828,



എല്ലാതരം ടൂറിസ്റ്റ് ബസ്സുകളും മിനി ബസ്സുകളും

**വിനായക**

**വെജിറ്റേറിയൻ റസ്റ്റോറന്റ് & കൂൾബാർ**

ശ്രീവളയനാട് ക്ഷേത്രം കിഴക്കെ നട

കോഴിക്കോട്

ഫോൺ: പപ്പൻ – 9400741434



MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala

Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available

Ph: Abdul mNazer - 9847010745

Mohemed Faizel - 9847133878

P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba

G.H. Road, Kozhikode- 1

Ph : 0495 4025101, 3042762, 9387338100

**MANAMKULAM ENTER PRISES**

Chalappuram P.O., Calicut 673 002, Kerala

Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**

WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7

(Service for A/C, Fridge)

Washing Machine, Spray Painting, etc...

Mob : 9349810003

**മനോജ് ടീ സ്റ്റാൾ**



കുറ്റിയിൽതാഴം

കോഴിക്കോട്



ഫോൺ: മനോജ് 9847915793

**ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം**

കൊളത്തായ് കോംപ്ലക്സ്, പാല

ഫോൺ: 9061434339, 9497752475

ടൂൾസുകൾ വാടകയ്ക്ക്

കട്ടിംഗ് മെഷീൻ,സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ,

വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ

തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്

New Style Dresses



Gents & Ladies

Sastha Complex

**Golden Bazar**


Mananthalathazham, Kozhikode

Mob: Mohandas 9387966863




Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ചെറുകഥ



ടി.പി. ശിവദാസൻ നെന്മാറ

# കയ്യബദ്ധം



അത്യുഷ്ണവും പവർക്കട്ടും കൊണ്ടുള്ള അസഹ്യതയിൽ കൈകുഞ്ഞിനേയുമെടുത്ത് വീട്ടിൽ നിന്നിറങ്ങിയ ആ പതിനാലുകാരൻ ചിൽഡ്രൻസ് പാർക്ക് ലക്ഷ്യമാക്കി തിടുക്കത്തിൽ നടക്കുകയായിരുന്നു. "അവന്റെ ആ പോക്കിൽ എന്തോ പന്തികേടുണ്ടല്ലോ!" ഔട്ട് ഡ്യൂട്ടിലായിരുന്ന പോലീസുകാരൻ തലപുകഞ്ഞാലോചിച്ചു. അതേത്തുടർന്ന് ദ്രുതഗതിയിൽ അയാൾ ആ ബാലന്റെ പുറകേ വച്ചുപിടിച്ചു.

"നിൽക്കെടാ അവിടെ! ഈ കൊച്ചിനേയുംകൊണ്ട് എങ്ങോട്ടാടാ?"

"സർ, അത്... ഞാൻ..."

എന്താടാ ഒരു പരുങ്ങൽ? എവിടന്നു പൊക്കിയതാടാ ഈ കൊച്ചിനെ?

സർ ... ഇത്... ഇതെന്റെ...

നിന്റെ കുഞ്ഞോ! മൊട്ടേന്നു വിരിഞ്ഞു നിവർന്നിട്ടില്ല! അവന്റെ കുഞ്ഞാണുപോലും. എടാ നിന്നു സമയം കളയാതെ സത്യം പറഞ്ഞോണം.! പറയെടാ...!?

സർ... ഇവൻ... ഇവനെന്റെ ... എന്റെ സ്വന്തം...?

അവൻ അതു പറഞ്ഞു മുഴുമിപ്പിക്കും മുമ്പെ, അയാൾ കുഞ്ഞിനെ അവനിൽനിന്നും പിടിച്ചുവാങ്ങി. ഒപ്പം അവനെ ചെറുതായൊന്നു പെരുമാറുകയും ചെയ്തു.

എട്ടും പൊട്ടും തിരിയാത്ത ആ പിഞ്ചുകുഞ്ഞ് പേടിച്ചരണ്ട് വാവിട്ടു കരഞ്ഞുതുടങ്ങി.

പോലീസുകാരന്റെ ഡ്യൂട്ടിഡ്രസ്സിൽ അവന്റെ രണ്ടു കാര്യങ്ങളും സാധിച്ചു!

"ശ്ശെ, നാശം! ആകെ വൃത്തികേടാക്കി!"

അതുകൂടിയായപ്പോൾ അയാളുടെ ദേഷ്യം ഇരട്ടിച്ചു.

"ഈശ്വരാ, ഇനിയിപ്പോ എന്തോ ചെയ്യും!

ഉടൻ പോലീസുകാരൻ ആ കൈക്കുഞ്ഞിനേയും ചെറുക്കനേയുംകൊണ്ട് ഒരു തട്ടുകടയുടെ മുമ്പിലെത്തി.

"എടോ കുറച്ചു വെള്ളവും ഒരു നല്ല തുണി കഷ്ണവും ഈ ചെറുക്കന്റെ കൈവശം കൊടുത്തു വിട്ടേ!"

കടക്കാരൻ ഒരു പാത്രം വെള്ളവും വലിയ തുണിക്കഷണവും ആ ബാലന്റെ കയ്യിൽകൊടുത്തുവിട്ടു.

"കഴുകെടാ റാസ്ക്കൽ!"

അനുസരണയുള്ള നായിനെപ്പോലെ അവൻ ആ ആജ്ഞ പാലിച്ചു.

അധികം താമസിയാതെ കൈകുഞ്ഞു വീണ്ടും വാവിട്ടുകരഞ്ഞു.

"അവന് വിശക്ക്ണ്ണ്ടാകും സാർ..."

"നെന്റെ കയ്യിൽ അമ്മിഞ്ഞിപ്പാലുണ്ടോടാ അതിന്റെ അണ്ണാക്കിലേക്ക് അനത്താൻ?."

പോലീസുകാരന്റെ മറുചോദ്യത്തിലുള്ള പ്രതികരണം കേട്ട് ആ ബാലൻ നടുങ്ങി. കുഞ്ഞിന്റെ കരച്ചിൽ രൂക്ഷമായപ്പോൾ അയാൾ കടക്കാരനെ വിളിച്ചുപറഞ്ഞു–

"ശകലം പാല് നന്നായൊന്നു തണുപ്പിച്ചെടുത്തേ! ഒരു സ്പൂണും വേണം"

കടക്കാരനിൽ നിന്നും പാലു വാങ്ങി കുഞ്ഞിന് സ്പൂണിൽ കോരിക്കൊടുത്ത് അതിനെ സമാധാനിപ്പിക്കാൻ അവൻ ഏറെ പാടുപെട്ടു.

അതിനിടക്ക് അവനേയും കുഞ്ഞിനേയും കാര്യമായൊന്നു നിരീക്ഷിച്ച കടക്കാരൻ പോലീസുകാരന്റെ നേർക്ക് തിരിഞ്ഞ് പറഞ്ഞു.

"ഏതാ സാറെ ഈ ചെക്കനും പിഞ്ചുകുഞ്ഞും? ഇതിനെമുമ്പ് ഇവരെ ഈ ഭാഗത്തൊന്നും കണ്ടിട്ടില്ലല്ലോ!"

അയാളുടെ ചോദ്യത്തിനു മറുപടി നൽകിയത് ആ ബാലനായിരുന്നു–

"ഞങ്ങളിവിടെ പുതുതായി വന്ന താമസക്കാരാ!"

അവന്റെ മറുപടികേട്ട് ശുണ്ഠി കയറിയ പോലീസുകാരൻ അവന്റെ തലയിൽ ഒരു കിഴുക്കു

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

നൽകി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.-

"നീ പുതിയതായി വേലക്കു വന്നവനാണെന്ന് പറയെടാ പട്ടിക്കഴുവേറി മോനേ! കൊച്ചിനെ നോക്കാനേൽപിച്ച് തന്തേം തള്ളേം അവരടെ പണിനോക്കിപ്പോയി കാണും! ആ തക്കത്തിന് ചെറുക്കൻ കൊച്ചിനേയും കൊണ്ടു നടന്നു. കൊച്ചിന്റെ കഴുത്തിൽ ചെയിനും കയ്യിൽ സ്വർണ്ണ വളയും കാലിൽ പാദസരവും അരയിൽ പൊന്നരഞ്ഞാണവും! ഇന്നത്തെക്കാലത്ത് ഇതൊക്കെ അടിച്ചു മാറ്റിയാൽ എത്രകാശാ ഈ എരണംകെട്ടവനുണ്ടാക്കാൻ കഴിയുക എന്നൊരു പൂതി മനസ്സിൽ കൊണ്ടു നടക്കുകയാ കക്ഷി! കണ്ടിട്ട് സായിപ്പിന്റെ മോനെപ്പോലെയാ! ഒത്ത വേഷ പ്രകൃതിയും! ആരും സംശയിക്കില്ലല്ലോ! ഇവന്റെ കഷ്ടകാലമെന്നോ ആ കൊച്ചിന്റെ അവകാശികളുടെ നല്ല കാലമെന്നോ പറയാം! അതുകൊണ്ടല്ലേ എന്റെ മുമ്പിൽ വന്നുപെട്ടത്!"

ഏകദേശം മഴ തോർന്നപ്പോൾ കുറെ പോലീസുകാർ അവിടെയെത്തി. അവരോടൊപ്പം ഒരു ഉയർന്ന ഉദ്യോഗസ്ഥനും ഭാര്യയും! അവരെയൊഴികെ മറ്റുള്ള പോലീസുകാരെ മാത്രം കണ്ടു തിരിച്ചറിഞ്ഞ അയാൾ മേലുദ്യോഗസ്ഥനെ നോക്കി വിളിച്ചു പറഞ്ഞു-

"സർ, ഈനരന്ത് ചെക്കൻ കൊച്ചിനേയും തട്ടിക്കൊണ്ടു പോവുകയായിരുന്നു. ഭാഗ്യത്തിന്..."

പോലീസുകാരന്റെ പ്രകൃതം കണ്ട് അവന്റെ അമ്മ ഈർഷ്യയോടെ അയാളെ നോക്കി. അവരുടെ കണ്ണുകളിൽ കോപാഗ്നിയുടെ ജ്വാല പ്രകടമായിരുന്നു.

"ഷട്ടപ്പ് യുവർ ബ്ളഡി മൗത്ത്! ഇവരാരൊക്കെയാണെന്ന് ഇയാൾക്കറിയാമോ."

മേലുദ്യോഗസ്ഥന്റെ ചോദ്യം കേട്ട് പോലീസുകാരൻ അന്താളിച്ചു.

ഈ കുഞ്ഞുങ്ങളുടെ അച്ഛനമ്മമാരാണിവർ! ഇദ്ദേഹം ജില്ലാ കോടതിയിലെ ഫസ്റ്റ് അഡീഷണൽ സെഷൻസ് ജഡ്ജിയാ! ഇദ്ദേഹത്തിന്റെ ബാര്യ ആർ.ഡി.ഓയും! ങ്ഹാ, തനിക്കെതിരെ ഒരു പരാതി കിട്ടിയിട്ടുണ്ട്. അതു കാണണോ തനിക്ക്?"

ആ ചോദ്യത്തോടെ പോലീസുകാരനെ കുറച്ചകലെ മാറ്റി നിർത്തി മേലുദ്യോഗസ്ഥൻ സ്വരം താഴ്ത്തിയെങ്കിലും ഗൗരവത്തോടെ തുടർന്നു-

"പട്ടാപ്പകൽ കുഞ്ഞിനെ തട്ടിക്കൊണ്ടുപോക്ക്, ചെറുക്കനെ പ്രകൃതിവിരുദ്ധ നടപടിക്കു വിധേയനാക്കാനുള്ള ഉദ്യേശം! ഇവരുടെ കുഞ്ഞുങ്ങൾക്കെന്തെങ്കിലും സംഭവിച്ചാൽ അതിനുവേണ്ട നിയമനടപടികൾ ഉണ്ടാകണമെന്നുള്ള ഇവരുടെ മുത്തശ്ശിയുടെ പരാതിയാണ്! ഇതു പുട്ടപ്പു ചെയ്തെങ്കിലുള്ള ഭവിഷത്തെന്താണെന്ന് താൻ ചിന്തിച്ചിച്ചുണ്ടോ? പറയണം മിസ്റ്റർ"

"പോട്ടെ, സാരമില്ല! വിവരക്കേടുകൊണ്ടു സംഭവിച്ചതല്ലെ! തൽക്കാലത്തേക്കു ക്ഷമിക്കാവുന്നതേയുള്ളു. അതുകൊണ്ട് വിട്ടുകള! ആ കുഞ്ഞുങ്ങളുടെ അമ്മയാണതു പറഞ്ഞ് നിർത്തിയത്. അതോടൊപ്പം ജഡ്ജി ആ പോലീസുകാരനെ നോക്കി ഒരു മുന്നറിയിപ്പു നൽകാനും മറന്നില്ല-

"ങ്ഹാ പിന്നൊരു കാര്യം! ഇനിയും ഇത്തരം സംഭവങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായാൽ പ്രതികരണം ഇപ്പോഴത്തെപ്പോലെയാവില്ല!

ആവർത്തന വിരസത അത്ര സുഖമുള്ള ഒരേർപ്പാടല്ല! അതൊന്ന് ഓർമ്മിപ്പിച്ചെന്നേയുള്ളു! പോട്ടെ, ബീ കെയർഫുൾ!"

അവർക്കുള്ള നഷ്ടപരിഹാരമായി അയാൾക്കു തൽക്കാലം കൊടുക്കാൻ കഴിഞ്ഞത്... അല്ല, അയാൾ അറിയാതെതന്നെ ഒടുക്കിയത് അയാളുടെ വിലപ്പെട്ട അന്തസ്സും അഭിമാനവുമായിരുന്നു.



**2016-17ൽ ആനുകാലിക പ്രസിദ്ധികരണങ്ങളിൽ പ്രസിദ്ധീകരിച്ച മികച്ച എഡിറ്റോറിയൽ രചനക്കുള്ള "ധാർമ്മികത മാസിക അവാർഡ്" 2016 മാർച്ച് മാസം നക്ഷത്രരാജ്യം മാസികയിൽ പ്രസിദ്ധികരിച്ച "ദേശീയഗാനം" എന്ന എഡിറ്റോറിയൽ രചനക്ക് നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ, അബ്ദുൾ സമദ് സമദാനിയിൽ നിന്നും ഏറ്റുവാങ്ങുന്നു.**



**"ധാർമ്മികത മാസിക എക്സലൻസി അവാർഡ്" സുഭാഷ് ആറ്റുവശ്ശേരി കവി മലയത്ത് അപ്പുണ്ണിയിൽനിന്നും ഏറ്റുവാങ്ങുന്നു.**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

രാശിഫലം



# അശ്വതി മുതൽ രേവതിവരെയുള്ള നക്ഷത്രങ്ങളുടെ സമ്പൂർണ്ണ മാസഫലം

തയ്യാറാക്കിയത്:

**കോവൂർ വേണുഗോപാലപണിക്കർ**

**(ചെയർമാൻ ഭാരതീയ ജ്യോതിശാസ്ത്ര പരിഷത്ത്)**

**1194 ചിങ്ങമാസം മുതൽക്കുള്ള സമ്പൂർണ്ണ നക്ഷത്രഫലങ്ങൾ**

**(സാമാന്യഫലങ്ങളോടുകൂടിയത്)**

## 1. അശ്വതി

ചിങ്ങം:- കൃഷിക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിക്കാൻ ശ്രമിക്കും. ശത്രുക്കളുടെ മേൽ വിജയം നേടാൻ സാധിക്കും. ദൂരദേശയാത്രകൾ ഫലവത്താകും. ദീർഘനാളയി വെച്ചുപുലർത്തിയ ആഗ്രഹങ്ങൾ സഫലമാകും. സ്ഥിരവരുമാനം ഉണ്ടാകുന്ന ചില ഏർപ്പാടുകൾ തുടങ്ങും. 12, 18, 19, 21 തിയ്യതികൾ ഗുണകരം.

കന്നി:-സഹോദരങ്ങളുമായി അഭിപ്രായവ്യത്യാസത്തിനിടയുണ്ടാകും. രോഗങ്ങളെ കരുതിയിരിക്കണം. കച്ചവടത്തിൽ നല്ല ലാഭമുണ്ടാകും. തൊഴിലിൽ അർഹിക്കുന്ന അംഗീകാരം ലഭിക്കും. കാര്യവിവരത്തോടെ ഏർപ്പെട്ട കാര്യങ്ങളിൽ വിജയിക്കും.

തുലാം:- കർമ്മരംഗത്ത് മത്സരം നിലനിൽക്കും. സുഹൃത്തുക്കളുടെ സഹകരണം ലഭ്യമാക്കും. ദാമ്പത്യജീവിതം സുഖപ്രദമായിരിക്കും. ആലോചനകൂടാതെയുള്ള പ്രവർത്തനങ്ങൾ വിപത്തുകൾ ക്ഷണിച്ചുവരുത്തും. അസ്ഥാനത്ത് അഭിപ്രായം പറയുന്ന പ്രവണത നിയന്ത്രിക്കണം.

വൃശ്ചികം:-പരീക്ഷകളിൽ വിജയം കൈവരിക്കും. കലാകാരന്മാർക്ക് പ്രശസ്തിപത്രങ്ങൾ ലഭിക്കും. എഴുത്തുകാർക്ക് പ്രശസ്തി വർദ്ധിക്കും. മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നത് നിയന്ത്രിക്കണം. വാക്കുകളെ സൂക്ഷിച്ച് കൈകാര്യം ചെയ്യണം.

ധനു:- യുവജനങ്ങളുടെ വിവാഹസംബന്ധമായ കാര്യങ്ങൾക്ക് തീരുമാനം ഉണ്ടാകും. വാഹനം വാങ്ങാനിടയുണ്ട്. കുടുംബത്തിൽനിന്ന് അകന്നു കഴിയേണ്ട സന്ദർഭങ്ങൾ ഉണ്ടാകും. ഗുരുക്കന്മാരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നത് നല്ലതാണ്.

മകരം:- കുടുംബത്തിൽ സുഖവും സമാധാനവും നിലനിൽക്കും. ബിസിനസ്സിനായി പണംമുടക്കും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം ഉണ്ടാകും. ഷെയർമാർക്കറ്റിൽനിന്ന് ആദായം ലഭിക്കും. ദാമ്പത്യജീവിതം സുഖകരമായിരിക്കും. സന്താനങ്ങൾക്ക് ശ്രേയസ്സ് ഉണ്ടാവും. 10, 12, 13, 15 തിയ്യതികൾ ദോഷകരം.

കുംഭം:- പത്രപ്രവർത്തകർക്ക് അനുകൂലമായ കാലമാണിത്. ജോലിയിൽ സ്ഥിരീകരണം ലഭിക്കും. പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടിവരും. ആഡംബര വസ്തുക്കൾ അധീനതയിലാവും. യാത്രക്കായി പണം ചെലവഴിക്കേണ്ടിവരും.

മീനം:- കുടുംബത്തിൽ സുഖവും സമാധാനവുംനിലനിൽക്കും. വിദ്യാർത്ഥികൾ പരീക്ഷകളിൽ വിജയിക്കും. ക്രയവിക്രയങ്ങളിൽനിന്ന് നേട്ടമുണ്ടാകും. ജോലിയിൽ സ്ഥിരീകരണം ലഭിക്കും. കൃഷിയിൽ നിന്ന് ലാഭം പ്രതീക്ഷിക്കാം.

മേടം:- ജീവിതരീതികളിൽ ചിലമാറ്റങ്ങൾ പ്രതീക്ഷിക്കാം. പുതിയജോലിയിൽ പ്രവേശിക്കാനവസരമുണ്ടാകും. ആരോഗ്യം അത്ര മെച്ചമായിരിക്കില്ല. ആഭരണാദികൾ അധിനതയിലാവും. ആഡംബരവസ്തുക്കൾക്കായി പണം ചെലവഴിക്കും.

എടവം:- ഗുരുജനങ്ങളുടെ ആരോഗ്യകാര്യത്തിൽ ശ്രദ്ധവേണം. സാമ്പത്തികമായി ഗുണമുണ്ടാവുന്ന കാലമാണിത്.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

# സി. എം. എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണിച്ചർ

**അർപ്പണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**








ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

# സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 7592 056 056, 7592 058 058, 99950 36 186**



BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



സോഫസെറ്റ് - 14500 രൂപ മുതൽ
കട്ടിൽ & ബെഡ് - 16000 രൂപ മുതൽ
ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ
ഡൈനിംഗ് ടേബിൾ &
6 Nos ചെയർ (Wooden) 21900 രൂപ മുതൽ



**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**



# KODAPPALLY AYURVEDA PHARMACY

**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**

Mob : 9747868041




**Agency : KACOPS, KOTTOOLI**

**എം. കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി**



**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**




# ശാരദ

# ഇൻഡസ്ട്രിയൽസ്



**കാളൂർറോഡ് , മാങ്കാവ്**

**കോഴിക്കോട് - 673 007**

**Mob : 9846412070**




Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

വേണ്ടപ്പെട്ടവരിൽനിന്ന് സഹായം ലഭ്യമാകും. സന്തോഷകരമായ വാർത്തകൾ കേൾക്കും. വിദേശത്തുനിന്ന് നാട്ടിലേക്ക് മടങ്ങിവരാൻ സാധിക്കും.

മിഥുനം:- സന്താനങ്ങൾക്ക് ശ്രേയസ്സ് വർദ്ധിക്കും. ചില പ്രധാനരേഖകൾ കൈവശം വന്നുചേരും. മത്സരപരീക്ഷകളിൽ വിജയം ഉണ്ടാകും. വീട്ടിൽനിന്ന് അകന്ന് നിൽക്കേണ്ട സാഹചര്യം ഉണ്ടാവും. വാക്ക്തർക്കങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി നിൽക്കുന്നത് നന്നായിരിക്കും.

കർക്കടകം:- പലകാര്യങ്ങളിലും ചില തടസ്സങ്ങൾ അനുഭവപ്പെട്ടേക്കാം. യാത്രകൾകൊണ്ട് ഗുണം ഉണ്ടാവാതെ വന്നേക്കാം. സർക്കാറിലേക്ക് അയച്ച ഹർജ്ജികൾ മാനിക്കപ്പെടും. വാഹനങ്ങളിൽ നിന്ന് ആദായം പ്രതീക്ഷിക്കാം. മാതൃസമ്പത്ത് അനുഭവിക്കാനിടവരും.

**2. ഭരണി**

ചിങ്ങം:- മത്സരപരീക്ഷകളിൽ വിജയം കണ്ടെത്തും. ഭാര്യയോടൊപ്പം ദീർഘയാത്ര ചെയ്യാനവസരമുണ്ടാകും. എല്ലാരംഗത്തും കാര്യക്ഷമതയോടെ പ്രവർത്തിക്കണം.രാഷ്ട്രീയ പ്രവർത്തകർക്ക് അംഗീകാരം വർദ്ധിക്കും. വഞ്ചനക്ക് വിധേയനാവാതെ ശ്രദ്ധിക്കണം. ആരോഗ്യം തൃപ്തികരമായിരിക്കും.

കന്നി:-വ്യവഹാരാദികളിൽ വിജയമുണ്ടാകും. അമ്മയുടെ അസുഖങ്ങളെ കരുതിയിരിക്കണം. ഉപകാരം ചെയ്ത് വിനയായി വന്നേക്കാം. വിദേശത്തുനിന്ന് സാമ്പത്തിക ലാഭം ഉണ്ടാവാനിടയുണ്ട്. അവസരത്തിനൊത്ത് ഉയരാൻ ശ്രമിക്കണം.

തുലാം:- എല്ലാകാര്യങ്ങളും ദീർഘവീക്ഷണത്തോടെ ചെയ്യാൻ സാധിക്കും. മനസ്സിന് ഉന്മേഷം ലഭിക്കുന്ന സന്ദേശങ്ങൾ ലഭിക്കും. ഉദ്യോഗത്തിൽ പ്രമോഷനോടെ സ്ഥലംമാറ്റത്തിനിടയുണ്ടാകും. സന്താനങ്ങളുടെ വിജയത്തിൽ സന്തോഷിക്കാനവസരം വന്നുചേരും.

വൃശ്ചികം:- ശാരീരികമായി ചില്ലറ അസുഖങ്ങൾ പിടിപ്പെട്ടേക്കാം. വാഹനലാഭമുണ്ടാകും. ഭൂമി അധീനതയിലാവും. ഭാര്യാമുഖേനെ ധനസമ്പത്ത് ഉണ്ടാകും. പകർച്ചവ്യാധികൾ വരാതെ ശ്രദ്ധിക്കണം. ടെസ്റ്റുകളിലും ഇന്റർവ്യൂകളിലും വീജയിക്കും. വിദേശവാസത്തിന്ന് യോഗമുണ്ട്.


ധനു:- സന്താനങ്ങളുടെ ശ്രയസ്സിൽ അഭിമാനമുണ്ടാകും. സുഹൃത്ത് സമാഗമങ്ങൾ സന്തോഷം തരും. ദൂരയാത്രകൾ സഫലമാകും. വിവാഹാദി മംഗള കർമ്മ


കവിത



മലയത്ത് അപ്പുണ്ണി

# കണ്ണും കാതും





മർത്ത്യലോകമേ
നിന്നെ നമിക്കുന്നു
എന്തു വൈചിത്യം
നിന്റെ സംഭാവന.
നാനാ കാഴ്ചകൾ
കണ്ടു കണ്ടെന്റെ
കണ്ണുകൾക്കെന്തു
സൗഭാഗ്യമോർക്കുകിൽ
ശബ്ദഘോഷങ്ങൾ
കേട്ടുകേട്ടെന്റെ
കാതുകൾ രണ്ടും
കൗതുകം കൊള്ളുന്നു.
ഉണ്ണുവാനെനിക്കേകുന്നു മണ്ണ്
വിണ്ണെനിക്ക് തരന്നു വിളക്ക്
തുച്ഛജീവിതം
തിന്നും കുടിച്ചും
കണ്ടും കേട്ടും
സന്തോഷം കൊള്ളുവാൻ
കണ്ണെനിക്കുണ്ട്
രണ്ടെണ്ണം, എന്നാൽ
കണ്ടതില്ല ഞാൻ
കാണേണ്ടതൊന്നും
കേട്ടതൊക്കെയും
വ്യർത്ഥം, ചെവി കട-
ന്നൊട്ടി നിന്നില്ല
വാക്കുകളൊന്നും
കണ്ടും കേട്ടും ഈ
ലോകത്തെയുൾ-
ക്കൊണ്ടു ജീവിക്കി-
ലായത് സാർത്ഥകം.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ങ്ങളിൽ പങ്കുകൊള്ളാനവസരം വന്നുചേരും. പുണ്യക്ഷേത്ര ദർശനത്തിനവസരം വന്നുചേരും.

മകരം:– ബാങ്കിംങ് മേഖലയിലുള്ളവർക്ക് അനുകൂലമായ കാലമാണിത്. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റത്തന് സാധ്യതയുണ്ടാകും. സാമ്പത്തികനില തൃപ്തികരമായിരിക്കും. ടെസ്റ്റുകളിലും ഇന്റർവ്യൂകളിലും വിജയിക്കും. മാതൃസമ്പത്ത് അനുഭവിക്കാനിടവരും.

കംഭം:– വ്യവഹാരാദികളിൽ വിജയം ഉണ്ടാകും. ആത്മർത്ഥ സുഹൃത്തിന്റെ വിയോഗം മനസ്സിൽ വേദന സൃഷ്ടിക്കും. തങ്ങളുടെ ഹൃദയവിശാലത മറ്റുള്ളവർക്ക് മനസ്സിലാവാത്തതിൽ വിഷമം അനുഭവപ്പെട്ടേക്കാം. ആഡംബര വസ്തുക്കൾ അധീനതയിലാവും.

മീനം:– ജനിച്ച്വളർന്ന വീട് വിട്ട് താമസിക്കേണ്ടിവരും. പ്രതീക്ഷിച്ചതിൽ കൂടുതൽ ആദായം ലഭിക്കും. വ്യവഹാരാദികളിൽ തടസം നേരിട്ടേക്കാം. ഗവ:സർവ്വീസിൽ പ്രവേശിക്കാനവസരം വന്നുചേരും. ഉദ്യോഗസ്ഥന്മാർക്ക് സ്ഥലംമാറ്റം ഉണ്ടായേക്കാം.

മേടം:– ബന്ധുജന സഹായം ലഭ്യമാകും. കുടുംബത്തിൽ മംഗളകർമ്മങ്ങൾ നടക്കും. പുതിയ വാഹനം അധീനതയിലാകും. ആഡംബര വസ്തുക്കൾ വാങ്ങാൻ സാധിക്കും. മക്കളുടെ വിജയത്തിൽ ആശ്വസിക്കും. വിദേശവുമായി ബന്ധപ്പെട്ട ബിസിനസിൽലാഭം ഉണ്ടാകും.

എടവം:– മറ്റുള്ളവരുടെ ആദരവിന് പാത്രമാകും. പുതുതായി ജോലിയിൽ പ്രവേശിക്കാൻ അവസരമുണ്ടാകും. ഏജൻസി ഏപ്പാടുകളിൽനിന്ന് ലാഭമുണ്ടാകും. കുടുംബത്തിൽ സുഖവും സമാധാനവും നിലനിൽക്കും. സാമ്പത്തികനില പൊതുവെ ഭദ്രമായിരിക്കും.

മിഥുനം:– ആന്മാർത്ഥ സുഹൃത്തിന്റെ അഭാവം മനസ്സിന് വിഷമം സൃഷ്ടിക്കും. സഹോദരങ്ങളും ബന്ധുക്കളും മുഖേന സാമ്പത്തിക നേട്ടം ഉണ്ടാകും. ശാരീരികമായി ക്ഷീണം അനുഭവപ്പെട്ടേക്കാം. വിലപ്പെട്ട വസ്തുക്കൾ വാങ്ങുവാനവസരം വന്നു ചേരും.

കർക്കടകം:– പൂർവ്വികരുടെ അനുഗ്രഹം എന്നുമുണ്ടാകും. വിദ്യാർത്ഥികൾക്ക് നല്ലസമയമാണ്. ഉദ്യോഗാർത്ഥികൾക്ക് അവസരങ്ങൾ ഉണ്ടാകും. സന്താനങ്ങൾക്ക് അല്പം ദോഷസമയമാണ്.

### 3. കാർത്തിക

ചിങ്ങം:– ഏറെക്കുറെ അനുകൂലമായ കാലം. ഗൃഹാന്തരീക്ഷത്തിൽ സ്വസ്ഥത ഉണ്ടാവും. നിയമപരമായ കാര്യത്തിൽ സ്വസ്ഥം ഉണ്ടാവും. നിയമപരമായ കാര്യങ്ങളിൽ ശ്രദ്ധിച്ചിടപെടണം. ബിസിനസിൽ നഷ്ടം വരാതെ നോക്കണം.

കന്നി:–കാർഷിക വിളകളിൽനിന്ന് ആദായം ലഭിക്കും. കുടുംബാംഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കണം. രോഗാദികളിൽനിന്ന് മുക്തി നേടും. സന്താനാഭിവൃദ്ധി ഉണ്ടാകും. 12, 13, 15 തിയ്യതികൾ ഗുണകരം..

തുലാം:– രാഷ്ട്രീയരംഗത്ത് മികവോടെ പ്രവർത്തിക്കും. കർമ്മരംഗത്ത് വലിയ പ്രതിസന്ധികൾ ഉണ്ടാവില്ല. വിവാഹകാര്യത്തിൽ തീരുമാനമുണ്ടാകും. ഇഷ്ട ജനവിയോഗം മനസ്സിനെ തളർത്തും. 4,5,10 തിയ്യതികൾ മോശം.

വൃശ്ചികം:– പ്രകോപനങ്ങളെ ശാന്തമായി നേരിടാൻ സാധിക്കും. ഉഷ്ണരോഗ സാധ്യതകൾ നിസ്സാരമായി തള്ളിക്കളയരുത്. അലസതയും, ഉന്മേഷക്കുറവും ഉണ്ടാവാനിടയുണ്ട്. 22, 23, 24, 28 തിയ്യതികൾ തൃപ്തികരം.

ധനു:– ആദ്ധ്യാത്മികരംഗത്ത് താല്പര്യം വർദ്ധിക്കും. നിസ്സാരകാര്യങ്ങളിൽ മനസ്,് വ്യാകുലപ്പെടും. കലാരംഗത്ത് ബഹുമതികൾ ലഭിക്കും. ആഗ്രഹങ്ങൾ സഫലമാകും. പുതിയ ഗൃഹം പണിയാൻ സാധിക്കും.

മകരം:– സുഹൃത്ത് സമാഗമങ്ങൾ സന്തോഷകരമാകും. ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കും. ഉല്ലായാത്രകൾ ,സംഘടിപ്പിക്കാനവസരം വന്നുചേരും. പ്രവർത്തനങ്ങൾ ലക്ഷ്യം പ്രാപിക്കും.

കംഭം:– സാമ്പത്തികമായി കാലം അനുകൂലം. വിദേശവാസികൾ തിരിച്ചുവരാനിടയുണ്ട്. ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധവേണം. വിദ്യാഭ്യാസരംഗത്ത് പുരോഗതി ഉണ്ടാവും. യാത്രാകാര്യങ്ങൾ സഫലമാകും.

മീനം:– പ്രതിസന്ധികളെ ധൈര്യത്തോടെ നേരിടാൻ സാധിക്കും. സർക്കാറുമായുള്ള ഇടപാടിൽ വിജയം കാണും. ആത്മീയകാര്യങ്ങളിൽ കുടുതൽ ശ്രദ്ധകാണിക്കും. കലാരംഗത്ത് മികവ് പുലർത്തും. ത്വക്ക് രോഗങ്ങൾ വരാനിടയുണ്ട്.

മേടം:– കുടുംബ കലഹത്തിന് സാധ്യതയുണ്ടാവും. പണമിടപാടുകൾ ശ്രദ്ധയോടെ ചെയ്യണം. ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധവേണം. ചീത്തകൂട്ടുകെട്ടുകളെ ഉപേക്ഷിക്കണം. 1,2,3,4 തിയ്യതികൾ നല്ലതാണ്.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

## ലേഖനങ്ങളുടെ സമാഹാരം "കൂട്ടുകൃതി ആഖ്യാനങ്ങൾ"

# പുസ്തക പ്രകാശനം

## നക്ഷത്രരാജ്യം മാസിക 10-ാം വാർഷികം

# തകഴി - നക്ഷത്രരാജ്യം

# അവാർഡ് സമർപ്പണം - 2018-19

## 2018 ഡിസംബർ 2 ഞായറാഴ്ച വൈകു. 5 മണി

## കോഴിക്കോട് ടൗൺഹാൾ

**കലാ-സാംസ്ക്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുക്കുന്നു**
**ശ്രീമതി. കെ.പി. സുധീര തകഴി നക്ഷത്രരാജ്യം അവാർഡ് ഏറ്റുവാങ്ങുന്നു**

**NAKSHATRARAJYAM ESTD- 2008 OCTOBER**

നക്ഷത്രരാജ്യം ബുക്ക്സ് ഒരു പുസ്തകമായി പ്രസിദ്ധികരിക്കുന്ന ശ്രീ. ഇയ്യങ്കോട് ശ്രീധരൻ, മുണ്ടൂർ സേതുമാധവൻ, ശ്രീമതി. കെ.പി. സുധീര, മുണ്ട്യാടി ദാമോദരൻ, മഞ്ചേരി ബാലചന്ദ്രൻ, വാസു അരീക്കോട്, ഒ. വിജയൻ, ഇബ്രാഹിം മൂർക്കനാട്, ടി.എ. മടക്കൽ, ജനാർദ്ദനൻ കടുങ്ങപുരം, രജികുമാർ പുലാക്കാട്, അഡ്വ. ടി.എം. ഗോപാലകൃഷ്ണൻ, പ്രഭാകരൻ നറുകര, എം.കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി, സി.കെ. രാഘവൻ, അഹമ്മത് കിഴിശ്ശേരി, ടി.പി. ശിവദാസൻ നെമ്മാറ, സുഭാഷ് ആറ്റുവശ്ശേരി, ചിത്രാപ്പാട്ട് നീലകണ്ഠൻ, ബിനി കിഴിശ്ശേരി, നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ എന്നിവരുടെ ലേഖനങ്ങളുടെ സമാഹാരം "കൂട്ടുകൃതി ആഖ്യാനങ്ങൾ" പ്രകാശനം വൈകു. 5മണി

## കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്

യു. ഏ. ഖാദർ, പി.ആർ. നാഥൻ പ്രശസ്ത സിനിമ പിന്നണി ഗായകൻ സുനിൽകുമാർ, തുടങ്ങിയ രാഷ്ട്രീയ സാസ്ക്കാരിക പ്രവർത്തന മണ്ഡലത്തിലെ പ്രശസ്ത വ്യക്തിത്വങ്ങൾ പങ്കെടുക്കുന്നു.

കലാ, സാഹിത്യ നാടക പ്രവർത്തന മണ്ഡലങ്ങളിലെ മുഴുവൻ സഹപ്രവർത്തകരേയും കലാ, സാഹിത്യ ആസ്വാദകരേയും ഇതൊരു അറിയിപ്പായി സ്വീകരിച്ച് പരിപാടികളിൽ പങ്കെടുക്കുന്നതിനായി വിനയപൂർവ്വം ക്ഷണിക്കുന്നു.

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
മാനേജിംഗ് എഡിറ്റർ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

എടവം:- യാത്രകൾ സഫലമാകും. വിദ്യാഭ്യാസ പുരോഗതി ഉണ്ടാവും. അപ്രതീക്ഷിതമായി. ധാരാളം ധനലാഭം ഉണ്ടാവും. വിദേശരാജ്യത്തുള്ള വർക്ക് അനുകൂലസമയം. കോടതി വ്യവഹാരങ്ങൾ അനുകൂലമാവും. 12,14,16 തിയ്യതികൾ ശ്രേഷ്ഠകരമാണ്..

മിഥുനം:- ആരോഗ്യകാര്യത്തിൽ ശ്രദ്ധവേണം. ധനസ്ഥിതി അനുകൂലമാവും. നിയമകാര്യത്തിൽ ശ്രദ്ധയോടെ ചെയ്യണം. കാർഷികരംഗത്ത് ഉയർച്ച യുണ്ടാവും. അമ്മയുടെ ആരോഗ്യകാര്യത്തിൽ ശ്രദ്ധവേണം.

കർക്കടകം:- ആദ്ധ്യാത്മിക കാര്യങ്ങളിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കും. തീർത്ഥയാത്രകളിൽ പങ്കാളിയാവും. ആർഭാട കാര്യങ്ങൾക്ക് പണം ചെലവഴിക്കും. വിദ്യാഭ്യാസ കാര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് അവസരം വന്നു ചേരും.

**4. രോഹിണി**

ചിങ്ങം:- നല്ലകാര്യങ്ങൾക്ക് പണം ചെലവഴിക്കും. സഹപ്രവർത്തകരുമായി അഭിപ്രായവ്യത്യാസമുണ്ടാവും. കലാരംഗത്ത് മികവ് പ്രകടിപ്പിക്കും. ഗൃഹാന്തരീക്ഷത്തിൽ സ്വസ്ഥതയുണ്ടാവും. പ്രശസ്തി ഉണ്ടാവും.

കന്നി:-ബിസിനസ്സിൽ പുരോഗതി ഉണ്ടാവും. പ്രവർത്തന മേഖലകൾ പുഷ്ടിപ്പെടും. സുഹൃത്തുക്കളുടെ സഹായം ലഭിക്കും. കാർഷികരംഗത്ത് ആദായം ലഭിക്കും. വഞ്ചനയിൽപെടാതെ നോക്കണം.

തുലാം:- കർമ്മരംഗത്ത് പുരോഗതി ഉണ്ടാവും. സാമ്പത്തിക നില ചെച്ചപ്പെടും. സഹപ്രവർത്തകരുടെ സഹായം ലഭിക്കും. മാനസിക പിരിമുറുക്കങ്ങൾ ഉണ്ടാവും.ചില വിവാദങ്ങളിൽപ്പെടാൻ സാധ്യതയുണ്ട്.

വൃശ്ചികം:- കായികരംഗത്ത് നേട്ടമുണ്ടാകും. പ്രധാനരേഖകളിൽ ഒപ്പുവെക്കാനിടവരും. ദാമ്പത്യ ജീവിതം സുഖപ്രദമാവും. സഹോദരസ്ഥാനത്തുള്ളവർക്ക് അല്പം മോശസമയം. കുട്ടികൾക്ക് നല്ലസമയം.

ധനു:- സുഹൃത്തുക്കളുമായി മാനസികമായി അകലാനിടയുണ്ട്. ചില അംഗീകാരങ്ങൾ ലഭിക്കും. ഗൃഹത്തിൽ ചില അറ്റകുറ്റപണികൾ നടത്തും. സർക്കാർ ആനുകൂല്യം ലഭിക്കാൻ കാലതാമസം നേരിടും.

മകരം:- ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടും. യാത്രാവേളയിൽ വസ്തുക്കൾ നഷ്ടപ്പെടാതെ സൂക്ഷിക്കണം. അലർജി മുതലായ രോഗങ്ങൾ ശല്യപ്പെടുത്തും. പിതാവിന്റെ ആരോഗ്യകാര്യത്തിൽ ശ്രദ്ധവേണം.

കംഭം:- വിവാഹകാര്യത്തിൽ അനുകൂലതീരുമാനമുണ്ടാവും. അപവാദങ്ങൾ കേൾക്കാനിടവരും. ദാമ്പത്യത്തിൽ അസ്വസ്ഥകൾ ഉണ്ടാവും. സഹോദര ബന്ധം ശക്തമാവും. സർക്കാർ ആനുകൂല്യം ലഭിക്കും. ഊഹകച്ചവടത്തിൽ നഷ്ടം സംഭവിക്കും.

മീനം:- ആത്മധൈര്യത്തോടെ പ്രവർത്തിക്കും. വരവിൽകവിഞ്ഞ ചെലവ് അനുഭവപ്പെടും. കോടതികാര്യങ്ങൾ അനുകൂലമാവും. ഉന്നതവിദ്യാഭ്യാസ രംഗത്ത് പുരോഗതി ഉണ്ടാവും. പരീക്ഷകളിൽ വിജയിക്കും. വാക്കുകൾ ഉപയോഗിക്കുന്നത് ശ്രദ്ധിച്ചുവേണം.

മേടം:- പാരമ്പര്യശാസ്ത്രങ്ങൾ പഠിക്കാൻ സാധിക്കും. സംഗീതരംഗത്ത് ഉയർച്ചയുണ്ടാവും. പുതിയ വാഹനം കൈയ്യിൽവരാനിടയുണ്ട്. എഴുത്തുകാർക്ക് കാലം അനുകൂലം. വിദേശയാത്രകൾ അനുകൂലമാകും. മറ്റുള്ളവരുടെ ഗുണത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യും.

എടവം:- എല്ലാകാര്യങ്ങളിലും ദൈവാനുകൂല്യം ദൃശ്യമാകും. ഏറ്റെടുത്ത ജോലി കൃത്യമായി ചെയ്തുതീർക്കാൻ സാധിക്കുന്നതാണ്. മൺമറഞ്ഞ പിതൃക്കൾക്ക് വേണ്ടിയുള്ള കർമ്മം ചെയ്യുവാൻ പുണ്യക്ഷേത്രങ്ങളിൽ പോകും. മനസ്സിന് സുഖവും സ്വസ്ഥതയും ഉണ്ടാകും.

മിഥുനം:- പുതിയ ചില പദ്ധതികൾ തുടങ്ങാൻ ഒരുങ്ങുമെങ്കിലും സാധിക്കാൻ പ്രയാസകരമായിരിക്കും. ദൂരദേശത്തുള്ളവരുമായി ബിസിനസ്സിൽ ചേർന്ന് പ്രവർത്തിക്കാൻ അവസരമൊരുങ്ങും. വിദ്യാർത്ഥികൾക്ക് പഠിപ്പിൽ ഗുണമുണ്ടാകും.

കർക്കടകം:- വിജയിക്കാൻ വേണ്ടി ചെയ്ത പ്രവർത്തനങ്ങലെല്ലാം പരാജയത്തിൽ കലാശിക്കും. ജ്യേഷ്ഠസഹോദരിയുടെ ആവശ്യത്തിനായി പണം ചെലവഴിക്കേണ്ടിവരും. പൂർവ്വികരുടെ അനുഗ്രഹം എന്നുമുണ്ടാകും. ബന്ധുക്കൾ ശത്രുത്വത്തിൽ പെരുമാറുന്നതാണ്. ഡോക്ടർമാർക്ക് അനുകൂല സമയമാണ്. ■

(തുടരും)

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode



K.V CURTAINS
NEAR KUTHIRAVATTOM HOSPITAL
KUTHIRAVATTOM, KOZHIKODE - 673 016
Ph: 9387421203, 9747531203
CURTAIN, SOFA, CUSHIN etc, WORKS
കർട്ടൻ വാഷ് ചെയ്തു കൊടുക്കുന്നു




GLAMOUR
GENTS WEAR
Whole Sale & Retail
Mankave, Kozhikode - 7
Mob: 9847756569, 8891901404
Pants, Jeans, Shirt, T.Shirts, etc




UKAS
QUALITY MANAGEMENT
കോവൈ
ക്ലാസിക്
ഗോൾഡ് ടെസ്റ്റിംഗ്സ്
Kovai
Classic
Gold Testing
An ISO 9001-2000 Certified Company
13/230-F1, Kammath Lane, 1st Floor, Mele Palayam Road, Calicut-673 001, Ph: 0495 2700505, 099954 35201
Head Office: COIMBATORE, Branches: THRISSUR, MADURAI, NAGARCOIL




SAROJ
Wood Industries & Interiors
Chalappuram, Calicut, Mob: 8281475030, 9633623061
E-mail: hareeshkumarkp@gmail.com
Doors, Windows, Staircase, Bedroom Setting, Kitchen Cabinets, Fails Ceiling, etc.

Vol : 1, Issue : 2
RNI Reg. No:KERMAL16195
NAKSHATHRARAJYAM
TRI-MONTHLY(QUARTERLY)
2018 നവംബർ, ഡിസംബർ,
2019 ജനുവരി










Authorised Distributer Marvel ad cb Blinds TRAD FABRICS

RNC
RODS AND CLAMPS

WHOLESALE AND RETAIL
DISTRIBUTERS OF ALL TYPE OF
BLIND, CURTAIN FABRIC & ACCESSORIES

Rajeswari Building, Kalluthan Kadavu Road, Puthiyara, Kozhikode
Mob: 9744217213, 9048990737, Ph: 0495 4044445. E-mail: rccalicut1@gmail.com

MS KRISHNA
METER SERVICE




13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908

We are undertaking Repair & Servicing of all kinds of
Speed Meter and Electronic fare Meters

Dealers in Smart Electronic fare meter for Auto & Call Taxi

Edit, Printed by Nakshatrararajyam E. Radhakrishnan on behalf on Nakshatrarajyam Quarterly
DTP: E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode